കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2021 ജനുവരി
വില ₹20



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരികവകുപ്പു മന്ത്രി)

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**സുധീർ പി വൈ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
**കേരള സംസ്ഥാന ബാലസാഹിത്യ**
**ഇൻസ്റ്റിറ്റ്യൂട്ട്, പാളയം ,**
**തിരുവനന്തപുരം 695 034**
ഫോൺ 0471-233 3790
**e-mail : thaliru@ksicl.org,**
**director@ksicl.org**



**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

# തളിരിന്റെ ചീഫ് എഡിറ്റർ
# സുഗതകുമാരി ടീച്ചറിന്
# പ്രണാമം



"എനിക്ക് വാരിക്കോരിത്തന്ന സ്നേഹത്തിനും
വിശ്വാസത്തിനുമെല്ലാം നന്ദി. ഈ മഴയോട്,
ഈ വെയിലിനോട്, ഈ മണ്ണിനോട്, തണലിനോട്,
എനിക്ക് നിറച്ചു വിളമ്പിത്തന്ന അന്നത്തോട്,
എന്റെ ശിരസ്സിൽ കൈവച്ച അനുഗ്രഹങ്ങളോട്
എല്ലാം നന്ദി മാത്രം. ഇനി അടുത്ത ജന്മം ഈ മണ്ണിൽ
ത്തന്നെ കഷ്ടപ്പെടാനും പാടുപെടാനും ഞാൻ വരും."



"എനിക്ക് എന്റെ കുഞ്ഞുങ്ങളോടു പറയാനുള്ളതിതാണ്.
പേടിക്കരുത്. തന്റേടം വളർത്തിയെടുക്കണം.
ശാരീരികമായും മാനസികമായും കരുത്താർജിക്കണം.
ധൈര്യവും ശക്തിയും തന്റേടവുമുള്ള പെൺകുട്ടികളും
ചുമതലാബോധവും മര്യാദയുമുള്ള ആൺകുട്ടികളും ഈ നാട്ടിൽ
വളർന്നുവരട്ടെ. പേടിക്കരുത്, എന്നാൽ ഇതിനർഥം
സൂക്ഷിക്കരുത് എന്നല്ല, നല്ലപോലെ സൂക്ഷിക്കണം.
പലവട്ടം ഇക്കാര്യങ്ങൾ തളിരിൽ പറഞ്ഞിട്ടുണ്ട്.
ശ്രദ്ധിച്ച്, സൂക്ഷിച്ച്, നിർഭയരായി ഈശ്വര
വിശ്വാസത്തോടെ മുന്നോട്ടു പോവുക.
നിങ്ങൾക്ക് അവിടന്ന് തുണ നൽകിക്കൊള്ളും."

സുഗതകുമാരി

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജനുവരി 2021
വില ₹20
വാർഷികവരിസംഖ്യ ₹200

തളിര്



## അനുസ്മരണം

● എ കെ ബാലൻ ● പള്ളിയറ ശ്രീധരൻ ● അടൂർ ഗോപാലകൃഷ്ണൻ
● സി രാധാകൃഷ്ണൻ ● സച്ചിദാനന്ദൻ ● വി മധുസൂദനൻ നായർ
● സാറാ ജോസഫ് ● പ്രൊഫ. മുഹമ്മദ് അഹമ്മദ് ● കെ പി സുധീര
● ഗ്രേസി ● വി എം ഗിരിജ ● എസ് ശാന്തി ● ആത്മാരാമൻ
● ശ്രീലതാവർമ്മ ● ജ്യോതി കെ ജി ● എൻ എസ് സുമേഷ്കൃഷ്ണൻ

15 കരച്ചിൽ
(കവിത)

17 ഉറങ്ങു
(കവിത)

22 അമ്മയ്ക്കെന്തൊരു ഭംഗി!
(കവിത)

28 നോവിക്കല്ലേ
(കവിത)

35 ഒരു തൈ നടാം
(കവിത)

36 മുൻമൊഴി
(സുഗതകുമാരിടീച്ചർ ജനുവരി ലക്കത്തിനു വേണ്ടി എഴുതിയത്)

38 അട്ടപ്പാടിയിലെ മൊട്ടക്കുന്നുകൾ
(ലേഖനം)

39 അഹിംസ
(കവിത)

44 വെള്ളപ്പൊക്കത്തിൽ അപ്പു
(കഥ)







48 കണിക്കൊന്ന എന്നെ മറന്നില്ല
(ലേഖനം)

50 കുറിഞ്ഞിപ്പൂക്കൾ
(കവിത)

52 കൃഷ്ണവനം
(സംഭവകഥ)
രചന: സനിദ് ആസിഫ് അലി
വര: സുധീർ പി വൈ








# ഏഴു പതിറ്റാണ്ട് നീണ്ട സാർഥകമായ കാവ്യജീവിതം

ഏഴു പതിറ്റാണ്ട് നീണ്ട സാർഥകമായ കാവ്യജീവിതത്തിനാണ് സുഗതകുമാരിടീച്ചറുടെ വിയോഗത്തോടെ അവസാനമായത്. കവിതയും സാഹിത്യവും മാത്രമായിരുന്നില്ല സുഗതകുമാരിടീച്ചറുടെ ലോകം. ഈ മണ്ണും അതിലെ ജീവജാലങ്ങളും അവയുടെ ക്ഷേമവും അവരുടെ ആശങ്കകളായിരുന്നു. ദുർബലരുടെ അവകാശങ്ങൾ ഹനിക്കുന്നിടത്തെല്ലാം അവർ ആശ്വാസവാക്കുമായി ഓടിയെത്തി. പ്രകൃതിയുടെ കാവലാളായി. മാതൃഭാഷയ്ക്കുവേണ്ടിയുള്ള വലിയ പോരാട്ടത്തിൽ പങ്കാളിയായി. കോവിഡ് മഹാമാരി നമ്മുടെ പ്രിയപ്പെട്ട സുഗതകുമാരി ടീച്ചറെക്കൂടി കവർന്നെടുത്തിരിക്കുന്നത് ഏറെ ദുഃഖകരമാണ്.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് സുഗതകുമാരിടീച്ചറുടെ സേവനം ഒരിക്കലും മറക്കാൻ കഴിയില്ല. തളിര് മാസികയുടെ പത്രാധിപർ എന്ന നിലയിൽ ആ പ്രസിദ്ധീകരണത്തെ കേരളത്തിൽ ഏറ്റവും സ്വീകാര്യമായ ബാലസാഹിത്യ പ്രസിദ്ധീകരണമായി മാറ്റിയെടുക്കുന്നതിൽ സ്തുത്യർഹമായ പ്രവർത്തനമാണ് നടത്തിയത്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരവും ടീച്ചർക്ക് നൽകിയിട്ടുണ്ട്.

കവയിത്രി, പ്രകൃതിസംരക്ഷക, ഭാഷാസംരക്ഷക, നിരാലംബരുടെ സംരക്ഷക എന്നീ നിലകളിൽ പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തിയ അവർ സ്ത്രീകളുടെ സുരക്ഷ, കുട്ടികളുടെ അവകാശങ്ങൾ എന്നിവയ്ക്കുവേണ്ടിയും ശക്തമായി നിലകൊണ്ടു. വനിതാ കമ്മീഷന്റെ ആദ്യത്തെ ചെയർപേഴ്സൺ എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. മലയാള ഭാഷ ഭരണതലത്തിലും സ്കൂൾ വിദ്യാഭ്യാസത്തിലും നിർബന്ധമാക്കുന്നതിൽ സുഗതകുമാരിയുടെ ശക്തമായ ഇടപെടലുണ്ടായിരുന്നു.



**എ കെ ബാലൻ**
(ബഹു. സാംസ്കാരികവകുപ്പു മന്ത്രി)

മലയാള ഭാഷയ്ക്ക് ക്ലാസിക്കൽ ഭാഷാപദവി നേടിയെടുക്കുന്നതിനായി അതിശക്തമായി അവർ പോരാടി.

രാത്രിമഴ, അമ്പലമണി, പാവം മാനവഹൃദയം, മുത്തുച്ചിപ്പി തുടങ്ങി നിരവധി കവിതകളിലൂടെ ആധുനിക കവിതയെ അടയാളപ്പെടുത്തിയ സാഹിത്യകാരിയായിരുന്നു. പരിസ്ഥിതി, സ്ത്രീപക്ഷ കാഴ്ചപ്പാടുകൾ, ബാലാവകാശങ്ങൾ എന്നിവ കവിതയിലും സാമൂഹ്യ വ്യവഹാരങ്ങളിലും കൊണ്ടുവരുന്നതിൽ സുഗതകുമാരിയുടെ പങ്ക് വലുതാണ്.

കേരളത്തിൽ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനത്തിന്റെ തുടക്കക്കാരിൽ ഒരാളാണ്. പൊതുജീവിതത്തിലെ ഉന്നത മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിൽ എക്കാലവും ശ്രദ്ധിച്ചു. അഭയ എന്ന സ്ഥാപനം നിരാലംബരായ നിരവധി പേർക്ക് അഭയം നൽകി. സാംസ്കാരിക വകുപ്പിനു കീഴിലുള്ള മലയാളം മിഷന്റെ രൂപീകരണം മുതൽ ഭരണ സമിതി അംഗമായി ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തുകയും വിലപ്പെട്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. മാതൃഭാഷയെ മലയാളികൾ ഉള്ളിടത്തെല്ലാം സജീവമായി നിലനിർത്താൻ ലക്ഷ്യമിട്ട മലയാളം മിഷന്റെ ശില്പികളിൽ പ്രധാനിയാണ് സുഗതകുമാരിടീച്ചർ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തളിര് മാസികയുടെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചു.

സൈലന്റ്‌വാലി സംരക്ഷണ സമരത്തിന്റെ മുൻനിരയിൽ അവർ ഉണ്ടായിരുന്നു.

സുഗതകുമാരിയുടെ പരിസ്ഥിതിസ്നേഹത്തിന്റെ ഉത്തമോദാഹരണമാണ് അട്ടപ്പാടിയിലെ കൃഷ്ണവനം. ഒരു മൊട്ടക്കുന്നിനെയാണ് നിത്യഹരിതവനമാക്കി അവർ മാറ്റിയെടുത്തത്. അട്ടപ്പാടിയിലെ ആദിവാസികളോട് സഹോദരതുല്യമായ സ്നേഹം അവർ എക്കാലവും പുലർത്തി.

ആറന്മുള വിമാനത്താവളത്തിനെതിരായ സമരത്തിലും അവർ പങ്കെടുത്തു. സംസ്ഥാനത്തിന്റെ പച്ചപ്പ് വീണ്ടെടുക്കാൻ സഹായിക്കുന്ന ഹരിതം മിഷന്റെ പ്രവർത്തനങ്ങളിലും അവരുടെ പങ്കുണ്ടായിരുന്നു. നൂറുകണക്കിന് പച്ചത്തുരുത്തുകൾ ഹരിതം മിഷന്റെ പ്രവർത്തനഫലമായി കേരളത്തിലുണ്ടായി. നിരവധി ജലസ്രോതസ്സുകൾ വീണ്ടെടുത്ത് സംരക്ഷിക്കുന്നു. വനസംരക്ഷണത്തിലും ഈ സർക്കാർ എത്ര ജാഗ്രത പാലിക്കുന്നുവെന്നതിന്റെ തെളിവാണ് അക്കാര്യത്തിൽ ഒരു പരാതിയും കഴിഞ്ഞ നാലര വർഷമായി സുഗതകുമാരി ടീച്ചർ ഉയർത്തിയിട്ടില്ല എന്ന കാര്യം. ഭാഷ, പരിസ്ഥിതി എന്നീ മേഖലകളിൽ സുഗതകുമാരിയുടെ സങ്കല്പങ്ങൾ യാഥാർഥ്യമാക്കുന്നതിൽ ഈ സർക്കാർ ഏറെ ശ്രദ്ധിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ പരമോന്നത സാഹിത്യ പുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. കേന്ദ്രസർക്കാർ പത്മശ്രീ നൽകി ആദരിച്ചു.

മണ്ണിനെയും മാതൃഭാഷയെയും വളരെയേറെ സ്നേഹിച്ച സുഗതകുമാരിയുടെ വിയോഗം കേരളത്തിന് വലിയ ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്.





# തളിരിന്റെ എല്ലാമായ ടീച്ചറിന് ഒരായിരം പ്രണാമം

പള്ളിയറ ശ്രീധരൻ

മലയാളികളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞ നാമമാണ് സുഗതകുമാരി ടീച്ചറിന്റേത്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ടിന് ഏതു സമയത്തും ആശ്രയിക്കാവുന്ന തണൽമരമായിരുന്നു ടീച്ചർ. കവിയും സ്വാതന്ത്ര്യ സമര സേനാനിയുമായ ബോധേശ്വരന്റെ മൂന്ന് പെൺമക്കളിൽ രണ്ടാമത്തെ ആളായി ജനിച്ച സുഗതകുമാരിടീച്ചറിന്റെ ജീവിതം ഏറെ സംഭവബഹുലമായിരുന്നു. കവിതയും പ്രകൃതിസ്നേഹവും പരിസ്ഥിതിസംരക്ഷണവും സ്ത്രീസുരക്ഷാ പ്രവർത്തനങ്ങളുമൊക്കെയായി ഏഴു പതിറ്റാണ്ടു നീണ്ടുനിന്ന ധന്യമായ കർമപഥം... കുട്ടികളോട് ഏറെ സ്നേഹം പുലർത്തിയ ടീച്ചറിന് തളിരിനോടും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനോടുമുള്ള ആത്മബന്ധം വാക്കുകൾക്കതീതമാണ്. മലയാളത്തിലെ ഏറെ ശ്രദ്ധേയമായ തളിര് മാസികയുടെ സ്ഥാപക എഡിറ്റർ ടീച്ചർ ആയിരുന്നു. അന്നുമുതൽ ഇതുവരെയുള്ള തളിരിന്റെ ഓരോ ലക്കവും ടീച്ചറിന്റെ കൈയൊപ്പ് പതിഞ്ഞവയാണ്. അടുത്തകാലത്ത് ആകസ്മികമായുണ്ടായ കൊച്ചനുജത്തിയുടെ വേർപാട് ടീച്ചറെ മാനസികമായി വല്ലാതെ തളർത്തി. അനാരോഗ്യം ഏറെ അവശതയിലാഴ്ത്തിയപ്പോഴും തളിരിനെ കൈവിടാൻ ടീച്ചർ ഒരുക്കമായിരുന്നില്ല. അത്രത്തോളം ആഴത്തിൽ വേരൂന്നിയതായിരുന്നു ടീച്ചറിന് തളിരിനോടുള്ള ഹൃദയബന്ധം. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായൊരു കെട്ടിടവും നല്ലൊരു ലൈബ്രറിയും വേണമെന്നത് ടീച്ചറിന്റെ എക്കാലത്തെയും വലിയ ആഗ്രഹമായിരുന്നു. മന്ത്രിമാരടക്കമുള്ള പല വേദികളിലും ടീച്ചർ ഈ ആഗ്രഹം പങ്കുവച്ചിട്ടുമുണ്ട്. തളിര് ജനുവരി ലക്കത്തിന്റെ എഡിറ്റിംഗ് ജോലികൾ വരെ തീർത്തുവച്ചാണ് ടീച്ചർ നമ്മോട് വിടവാങ്ങിയത്.

ടീച്ചറിന് ആദരം അർപ്പിച്ച് ഈ ലക്കം തളിര് സുഗതകുമാരിടീച്ചർ പ്രത്യേക പതിപ്പായാണ് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നത്. ടീച്ചറിനെക്കുറിച്ചുള്ള പ്രഗത്ഭരുടെ അനുസ്മരണങ്ങളും ഓർമകളും അതോടൊപ്പം പലപ്പോഴായി ടീച്ചറിന്റേതായി തളിരിൽ പ്രസിദ്ധീകരിച്ചതും അല്ലാത്തതുമായ രചനകളുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

നമ്മുടെ കുഞ്ഞുങ്ങൾ മലയാളം മറക്കരുതെന്നും അവർ ഭാഷയെ സ്നേഹിക്കണമെന്നും ടീച്ചറിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ തളിരിന്റെ ഓരോ ലക്കവും ഭംഗിയായി പുറത്തിറക്കാൻ ടീച്ചർ ഏറെ ജാഗ്രത പുലർത്തിയിരുന്നു.സാഹിത്യലോകത്തിനെന്നപോലെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനും ടീച്ചറിന്റെ വേർപാട് നികത്താനാവാത്തതാണ്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഒപ്പം നിൽക്കാൻ, ധൈര്യം പകരാൻ ഇതുവരെ ടീച്ചറുണ്ടായിരുന്നു. അദൃശ്യമെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന് എന്നും മാർഗദർശിയായി ടീച്ചറുണ്ടാവും. ടീച്ചറിന്റെ ഓർമകൾക്കു മുമ്പിൽ തളിരിന്റെ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരായിരം പ്രണാമം...

# സുഗതകുമാരിയെന്ന മാനുഷികത

**അടൂർ ഗോപാലകൃഷ്ണൻ**



സുഗതകുമാരിടീച്ചറുടെ വിയോഗം എന്നിൽ സൃഷ്ടിച്ചത് വ്യവച്ഛേദിക്കാനാവാത്ത ഒരുതരം നഷ്ടബോധമാണ്. അനാഥർക്കുവേണ്ടി, ആർത്തർക്കുവേണ്ടി, പരിത്യജിക്കപ്പെട്ടവർക്കുവേണ്ടി ആകാംക്ഷപ്പെടാനും അവരുടെ ദുഃഖങ്ങൾ തന്റെ ദുഃഖങ്ങളായി ഏറ്റെടുക്കുവാനും എന്തും ത്യജിച്ചും പരിഹാരം തേടാനും ഇനി ആരുണ്ട്? അവരെപ്പോലെ മറ്റൊരാൾ ഇല്ലെന്നതാണ് വാസ്തവം. നിസ്സഹായരായ മനുഷ്യരുടെ അവസ്ഥയെപ്പറ്റി മാത്രമല്ല അവർ പരിതപിച്ചത്. നിരന്തരം അവഹേളിക്കപ്പെടുന്ന ആക്രമിക്കപ്പെടുന്ന പ്രകൃതിയെപ്പറ്റിയും നിസ്സാരമട്ടിൽ വെട്ടിമാറ്റപ്പെടുന്ന മരങ്ങളെപ്പറ്റിയും ആവാസവ്യവസ്ഥ അപഹരിക്കപ്പെടുന്ന പക്ഷിമൃഗജാലങ്ങളെപ്പറ്റിയുമെല്ലാം അവരുടെ മനസ്സ് നിരന്തരം കുണ്ഠിതപ്പെട്ടു. ഉണങ്ങാത്ത മുറിവുകളുമായി അനവധി പോരാട്ടങ്ങൾക്ക് അവർ നേതൃത്വം നൽകി. വിജയം കണ്ട ആദ്യ സമരം സൈലന്റ് വാലിയിലേതായിരുന്നു.

ടീച്ചറുടെ കവിതയാകട്ടെ മനുഷ്യസ്നേഹത്താൽ തരളമധുരമായിരുന്നു. അവയിൽ തുള്ളിത്തുളുമ്പി നിന്നിരുന്ന കലാത്മകതയും മാനുഷികതയും ഏതൊരനുവാചകനെയും ത്രസിപ്പിക്കാനും ചിന്തിപ്പിക്കുവാനും പോന്നതായിരുന്നു. കവിയും കവിതയും പരസ്പരം ലയിച്ച് ഒന്നായി, അവിഭാജ്യമാവുന്ന അസാധാരണ പ്രതിഭാസം ഇവിടെ ദർശിക്കാം.

സുഗതകുമാരിടീച്ചർ തന്റെ ഗുരുക്കളായി കണ്ടിരുന്നത് ഗാന്ധിജിയെയും വിവേകാനന്ദനെയുമായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

എനിക്ക് രണ്ട് ഗുരുക്കന്മാർ എന്ന ശീർഷകത്തിൽ അവർ രചിച്ച മനോഹരമായ കവിത (ഇത് അവർ ഒരു യോഗത്തിൽ വായിച്ചതുകേട്ട് കണ്ണ് നിറഞ്ഞതോർക്കുന്നു) ഈ പരമാർഥത്തിലേക്കുള്ള ചൂണ്ടുപലകയാണ്. അത്യന്തം മധുരോദാരവും ത്യാഗപൂർണവും സാർഥകവുമായ ഒരു ജീവിതം ജീവിച്ച സാധ്വിയായിരുന്നു ടീച്ചർ.



> **"ഒന്നും വേണ്ടാതായിക്കഴിയുമ്പോഴാണല്ലോ നമുക്ക് പണ്ടൊരിക്കൽ മോഹിച്ചതൊക്കെ കിട്ടുക, കിട്ടുമെന്നാവുമ്പോൾ അതിന്റെ വില കെടുന്നു. അല്ലെങ്കിലും കാലം കെടുത്താത്ത തീ ഏതുണ്ട്!"**



# നന്ദി ചൊല്ലേണ്ടു നാം!

സി രാധാകൃഷ്ണൻ

പ്രകൃതിയുടെയും പാവപ്പെട്ട പെൺ ജന്മങ്ങളുടെയും കാവലാളായിരുന്ന സുഗതകുമാരി ടീച്ചർ പോയി.

ഇപ്പറഞ്ഞവരെയൊക്കെ ഉപദ്രവിക്കുന്ന എല്ലാവർക്കും ഇപ്പോൾ വേണമെങ്കിൽ സന്തോഷിക്കാം. പക്ഷേ പ്രകൃതിയേയും മലയാളഭാഷയേയും കലയേയും സാഹിത്യത്തേയും കേരളീയതയേയും ലോകത്തെത്തന്നെ മൊത്തമായും സ്നേഹിക്കുന്ന ഒരാൾക്കും സങ്കടപ്പെടാതെ പറ്റില്ല. കാരണം, ഈ കാര്യങ്ങളെക്കുറിച്ചുള്ള ജാഗരൂകതയിൽ പകരം വയ്ക്കാനില്ലാത്ത ഒരു ജന്മമായിരുന്നുവല്ലോ അത്.

അപൂർവ്വസുന്ദരങ്ങളായ ഭാവഗീതങ്ങൾ അവർ നമുക്കു തന്നു. പരമ്പരാഗതമായ കവിത്വം നൈസർഗികമായി പൂവിട്ടതായിരുന്നു ആ രചനകൾ.

ധീരങ്ങളായ നിലപാടുകൾ അവർ നമ്മെ പഠിപ്പിച്ചു. അതും ഒരു പൈതൃകത്തിന്റെ ഭാഗം തന്നെയായിരുന്നു. കവിയും ദേശാഭിമാനിയും ആയിരുന്ന ബോധേശ്വരന്റെ മകളാണല്ലോ സുഗതകുമാരി.

ഒരു പെൺജന്മത്തിന് ധൈര്യം അന്യമല്ല എന്ന് അവർ തെളിയിച്ചു. ഏതു സ്നേഹമയിയായ അമ്മയും തന്റെ കുട്ടികളുടെ സുരക്ഷയുടെ കാര്യം വരുമ്പോൾ ഭദ്രകാളിയായി മാറുന്നുവല്ലോ. അപ്രതിരോധ്യമായിരുന്നു ആ സംഹാരരൗദ്രം.

ഒരു നല്ല ഗുരുനാഥയും ആയിരുന്നു അവർ. ലോകത്തെ നല്ല കാര്യങ്ങൾ പഠിപ്പിക്കുകയായിരുന്നു. തന്റെ ശിഷ്യരെ പഠിപ്പിച്ചു, അതിനു പുറമേ മറ്റുള്ളവരെയും. കാവ്യങ്ങളിലൂടെയും നിലപാടുകളിലൂടെയുമായിരുന്നു ഈ ശിക്ഷണം.

അസാധാരണമായ ആഴവും സാന്ദ്രതയും ഉള്ളതായിരുന്നു ആ കാരുണ്യം. അതൊരു നാട്യമായിരുന്നില്ല. സാർവ്വലൗകികമായിരുന്നു ആ മാതൃത്വം. അത് വാക്കിൽ ഒതുങ്ങിയും ഇല്ല.

തിരുവനന്തപുരത്ത് ചെല്ലുമ്പോൾ ഇങ്ങനെ ഒരു ആളെ ഇനി കാണാനില്ലല്ലോ എന്ന ചിന്ത എന്നെപ്പോലെയുള്ളവർക്ക് ഹൃദയഭേദകമാണ്. ഏറെ പതിറ്റാണ്ടുകളായുള്ള ആത്മബന്ധമായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ആ മൂന്ന് സഹോദരിമാരും ഒരുപോലെ പ്രിയപ്പെട്ടവരായിരുന്നു. മൂന്നുപേരും പോയി. ഈ ശൂന്യത ഇനി മരണംവരെ എന്റെ കൂടെ ഉണ്ടാവും.

തനിച്ചല്ല, അനേകായിരം പേർ തുല്യദുഃഖിതരാണ് എന്നതാണ് അല്പമെങ്കിലും ആശ്വാസം, ആ കവിതകളിലൂടെ വീണ്ടും അവരുടെ അരികിൽ എത്താം എന്നതും. തന്റെ വരികളിൽ സ്വയം പകർന്നു വച്ചാണല്ലോ അവർ പോയത്. ആ കാരുണ്യത്തിനും വേറെ ആരോടും നന്ദി പറയാനില്ല.

ഓർമിച്ച്, സ്വസ്തി ഉരുവിട്ട്, മനസാ നമിക്കാം, വീണ്ടും വീണ്ടും.

# ടീച്ചർ, അമ്മ, കവി : സുഗതകുമാരിയെ ഓർക്കുമ്പോൾ



**സച്ചിദാനന്ദൻ**

അനാഥർക്ക് അമ്മ, കുട്ടികൾക്ക് ടീച്ചർ, വായനക്കാർക്ക് കവി, പരിസ്ഥിതിപ്രവർത്തകർക്ക് പ്രകൃതി സ്നേഹി: അങ്ങനെ പലതുമായിരുന്നു ഒരേ സമയം സുഗതകുമാരി. എനിക്ക് അവർ ആരായിരുന്നു എന്നു മാത്രമാണ് ഞാൻ ഇവിടെ പറയുന്നത്. അവരുടെ കവിതയെ വിലയിരുത്താനോ പ്രവർത്തനത്തിന്റെ മൂല്യ നിർണ്ണയം നടത്താനോ ഒന്നും ഞാൻ മുതിരുന്നില്ല.

പതിനഞ്ചാമത്തെ വയസ്സിലാണ് ഞാൻ അന്ന് വായനക്കാർക്കിടയിൽ അറിയപ്പെടാൻ തുടങ്ങിയിരുന്ന സുഗതകുമാരിയുടെ 'മുത്തുച്ചിപ്പി' എന്ന സമാഹാരം വായിക്കുന്നത്. അതിനു മുൻപേ അവരുടെ പല കവിതകളും വാരികകളിൽ വായിച്ചിട്ടുണ്ടായിരുന്നുവെങ്കിലും. അന്ന് ഞാൻ പത്താം ക്ലാസ് വിദ്യാർഥിയാണ്. സ്കൂൾ മാസികകളിലും നാട്ടിൻപുറത്തെ കയ്യെഴുത്തുമാസികകളിലും മാത്രം കവിതയെഴുതുന്ന കാലം. മാതൃഭൂമി വാരികയുടെ സ്ഥിരം വായനക്കാരൻ. അതിലാണ് സുഗതകുമാരിയുടെ ആദ്യ കവിതകൾ പലതും വായിക്കുന്നത്. അല്പം സഹൃദയത്വവും കാവ്യപരിചയവുമുള്ള ഒരു സ്കൂൾകുട്ടിക്ക് ഉൾക്കൊള്ളാൻ കഴിയുന്ന സുതാര്യമായ കവിതകൾ. ബുദ്ധിയോടല്ല, ഹൃദയത്തോടാണ് അവ സംസാരിച്ചത്. തുടർന്ന് അവരുടെ കവിതകൾ വായിക്കുക ശീലത്തിന്റെ ഭാഗമായി. വൈലോപ്പിള്ളി, ഇടശ്ശേരി, അക്കിത്തം, ഒളപ്പമണ്ണ , എൻ വി കൃഷ്ണ വാരിയർ, വിഷ്ണുനാരായണൻ നമ്പൂതിരി, ഒ എൻ വി, സുഗതകുമാരി തുടങ്ങിയവരായിരുന്നു അക്കാലത്തെ പ്രിയ കവികൾ. പിന്നാലെ അയ്യപ്പപണിക്കർ, എൻ എൻ കക്കാട്, മാധവൻ അയ്യപ്പത്ത്, ചെറിയാൻ കെ ചെറിയാൻ തുടങ്ങിയവർ വന്നു. ആധുനികകവിതയുടെ പ്രാഭവകാലത്തും ഞാൻ സുഗതകുമാരിയെ വിടാതെ വായിച്ചു. നിശാഗന്ധി, ഇരുൾച്ചിറകുകൾ, രാത്രിമഴ, നിന്നെ ഞാൻ സ്നേഹിക്കുന്നു, കൊളോസസ്സ്, അത്ര മേൽ സ്നേഹിക്കയാൽ, രാജലക്ഷ്മിയോട്, പാതിരാപ്പൂക്കൾ, ധർമ്മത്തിന്റെ നിറം കറുപ്പാണ്, പെൺകുഞ്ഞ്–'90, ജെസ്സി, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, തലശ്ശേരികൾ, പാദപ്രതിഷ്ഠം, തുലാവർഷപ്പച്ച, രാധയെവിടെ?, കൃഷ്ണ നീയെന്നെ അറിയില്ല, ദേവദാസി, കൊല്ലേണ്ടതെങ്ങിനെ, കടൽ കാണാൻ പോയവർ, ശ്യാമമുരളി, ഇരുപത്തിഒന്നാം നൂറ്റാണ്ടിനോട്... സമീപ കാലത്ത് എഴുതിയ സഹ്യനെക്കുറിച്ചുള്ള കവിത വരെ എത്രയോ രചനകൾ ഇന്നും മനസ്സിൽ പച്ചപ്പോടെ നിൽക്കുന്നു.

ഒപ്പം ഞാൻ അവരുടെ കുട്ടിക്കവിതകളും ആസ്വദിച്ചു.

*'അമ്മൂമ്മയ്ക്കും പല്ലില്ലാ*
*അമ്മുക്കുഞ്ഞിനും പല്ലില്ലാ !*
*അങ്കണത്തിണ്ണയിലമ്മൂമ്മ*
*അമ്മൂമ്മ മടിയിൽ കുഞ്ഞമ്മു*
*ആകാശത്തമ്പിളിയമ്മാവൻ!*
*മൂന്നാളുമയ്യാ ചിരിക്കുമ്പോൾ*

*മൂന്നു ചിരിയും ഒരു പോലെ!*
*( മൂന്നു ചിരി)*

*കുന്നിക്കുരുവെന്ന കുഞ്ഞിപ്പെണ്ണ്!*
*കണ്ണിൽ നിറയെ കരിയെഴുതി*
*മിന്നുന്ന ചെമ്പട്ടുടുപ്പുമിട്ടു*
*കുഞ്ഞിനോടൊത്തു കളിക്കുവാനായ്,*
*ഉണ്ണിക്കതകും തുറന്നിറങ്ങി*
*മണ്ണിലുരുണ്ടു മിനുങ്ങി വീണു!*
( കുന്നിക്കുരു)

ഇങ്ങനെ പോകുന്നു 'വാഴത്തേൻ' എന്ന സമാഹാരത്തിലെ ആ കുട്ടിക്കവിതകൾ. അവയിലൊക്കെ പ്രകൃതിയുടെ, ടീച്ചറുടെ (എന്റെയും) ബാല്യകാലമുണ്ട്, കുഞ്ഞുങ്ങളോട് അനല്പമായ വാത്സല്യവുമുണ്ട്.

ഞാൻ അല്പം മുതിർന്ന കാലം മുതൽ ഞങ്ങൾ പല കവിസമ്മേളനങ്ങളിലും ഒന്നിച്ച് പങ്കെടുക്കാൻ തുടങ്ങി. കുറച്ചുകൂടി മുതിർന്നതോടെ അവർ എന്നെ സഹോദരകവിയായി അംഗീകരിച്ചു. 'ഇനിയീ മനസ്സിൽ കവിതയില്ല' എന്ന അവരുടെ കവിതയോട് പ്രതികരിച്ചുകൊണ്ട് ഞാൻ 'സുഗതകുമാരിയോട്' എന്ന കവിതയെഴുതി.

*'കൈ പിടിക്കുക സോദരീ, സോദരീ,*
*കൈത പൂത്ത വരമ്പിൽ വഴുക്കുമേ'*
*എന്ന് തുടങ്ങി*
*പോകയായ് ഇരുൾസ്സോദരി, സോദരീ,*
*ചോരയാണു വരമ്പിൽ, വഴുക്കുമേ'*

എന്നവസാനിക്കുന്ന ആ കവിത ഞങ്ങളുടെ സൗഭ്രാത്രം അരക്കിട്ടുറപ്പിച്ചുവെന്നു പറയാം. പിന്നെ തിരുവനന്തപുരത്ത് പോകുമ്പോൾ അവരെ 'വരദ' യിൽ പോയി സന്ദർശിക്കുക ഏതാണ്ടൊരു പതിവായി. ഒരു കുറി അവർ ആശുപത്രിയിലായിരുന്നു. ഹൃദയശസ്ത്രക്രിയ കഴിഞ്ഞു സുഖം പ്രാപിക്കയായിരുന്നു. എന്നോട് ചില കവിതകൾ വായിച്ചു കേൾപ്പിക്കാൻ പറയുകയും കയ്യിൽ ഉണ്ടായിരുന്ന ചിലത് ഞാൻ വായിച്ചു കേൾപ്പിക്കുകയും ചെയ്തത് ഓർക്കുന്നു. അവ അവർക്ക് വളരെ ഇഷ്ടപ്പെട്ടു. വൈലോപ്പിള്ളി മരിച്ചപ്പോൾ എഴുതിയ എന്റെ 'ഇവനെക്കൂടി' വായിച്ച് അവർ മാതൃഭൂമിക്ക് എഴുതിയ കത്ത് എനിക്ക് ലഭിച്ച വലിയ ഒരു സമ്മാനവും അനുഗ്രഹവുമായി ഞാൻ ഇന്നും ഓർക്കുന്നു.

അവർ മുന്നിട്ടിറങ്ങിയ പരിസ്ഥിതിസമരങ്ങളിൽ ഞാൻ നേരിട്ടോ പരോക്ഷമായോ പങ്കെടുത്തു. എന്റെ 'ബഹുരൂപി' എന്ന കവിതാസമാഹാരം അവരാണ് തിരുവനന്തപുരത്ത് പ്രകാശനം ചെയ്തത് . അവർക്ക് 'സരസ്വതീ സമ്മാൻ' ലഭിച്ചപ്പോൾ ദൂരദർശനു വേണ്ടി അവരുമായി അഭിമുഖസംഭാഷണം നടത്തിയതും ഞാനായിരുന്നു.

ദുബായിയിൽ ഞങ്ങൾ ഒന്നിച്ച് ആറന്മുള വിമാനത്താവളത്തിന്നെതിരായ ഒരു സമ്മേളനത്തിൽ പങ്കെടുത്തു. ഒടുവിൽ ബിന്ദുവിനോടൊപ്പം പോയി കണ്ടപ്പോൾ അവർ സുജാതാദേവിയുടെ വേർപാടിൽ ഹൃദയം തകർന്ന് ഇരിക്കുകയായിരുന്നു. അതിനു മുൻപ് തന്നെ ഹൃദയകുമാരിയും സ്വന്തം ഭർത്താവും മരിച്ചിരുന്നു. മകൾക്ക് തുല്യയായിരുന്ന, ഒന്നിച്ച് താമസിച്ചിരുന്ന, അനുജത്തിയുടെ മരണം കൂടി താങ്ങുക അവർക്ക് പ്രയാസമായിരുന്നു.


സുഗതകുമാരിയുടെ ധാർമ്മികജീവിതത്തെ നയിച്ചിരുന്നത് ഗാന്ധിയൻ മൂല്യങ്ങൾ ആയിരുന്നു. അത് അച്ഛൻ ബോധേശ്വരൻ വഴി കൂടി വന്നതാകാം. ത്യാഗം 'ബുദ്ധിസ്റ്റ് ഭാഷയിൽ' 'ഉപേക്ഷ' അവർക്ക് പ്രിയപ്പെട്ട മൂല്യമായിരുന്നു. അതുകൊണ്ടാണല്ലോ എം എ യ്ക്കു ഒന്നാംറാങ്ക് കിട്ടി യൂണിവേഴ്സിറ്റി കോളേജിൽ പഠിപ്പിക്കാൻ ക്ഷണിക്കപ്പെട്ടിട്ടും ബാലഭവനിൽ കൊച്ചുകുട്ടികളെ പഠിപ്പിക്കുന്ന ജോലി അവർ തിരഞ്ഞെടുത്തത്. അതോടൊപ്പം കരുണ കൂടി ചേർന്നതോടെ സുഗതയുടെ കവിത ആദ്യകാലത്തെ ആത്മപീഡനപ്രണയം വിട്ടു ദീനരിലേക്കും പ്രകൃതിയിലേക്കും ഒഴുകിപ്പരന്നു. ചരാചരങ്ങളുടെ സൗഭ്രാത്രം അവരുടെ ദർശനത്തിന്റെ ഭാഗമായി മാറി. ഈ പ്രകൃതിസ്നേഹത്തിൽ നിന്ന് വന്നതാണ് അവരുടെ പരിസ്ഥിതിസമരങ്ങളുടെ ഊർജ്ജം. അത് ആദ്യമായി ശക്തമായി പ്രകടമായത് സൈലന്റ് വാലി പ്രക്ഷോഭത്തിലായിരുന്നു.

ട്രേഡ് യൂണിയനുകൾ എതിർ നിന്നിട്ടും ശാസ്ത്രസാഹിത്യപരിഷത്ത് പോലുള്ള സംഘടനകൾ അതിനെ പിന്തുണച്ചതോടെ സമരത്തിന് ജനകീയ സ്വഭാവം കൈ വന്നു. അന്ന് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി യുടെ നേരിട്ടുള്ള ഇടപെടൽ തന്നെയാണ് ഒടുവിൽ അത് വിജയിക്കാൻ സഹായിച്ചത്. പിന്നീട് എത്രയോ വനസംരക്ഷണസമരങ്ങൾ, ആദിവാസികൾക്കിടയിലെ പ്രവർത്തനങ്ങൾ, അനാഥകളായ സ്ത്രീകൾക്കും മാനസിക പ്രശ്നങ്ങൾ ഉള്ളവർക്കും വേണ്ടിയുള്ള അഭയകേന്ദ്രങ്ങൾ. കവിതയിലെ വിഷാദത്തെ പ്രവർത്തനത്തിലെ ഇച്ഛാശക്തി കൊണ്ട് നേരിടുകയായിരുന്നു അവർ.

ഇപ്പോൾ നമുക്കു മുൻപിലുള്ളത് അവർ നമുക്കായി വിട്ടു പോയ അവരുടെ കവിതകൾ മാത്രമാണ്, അവരെ അറിയാമായിരുന്നവർക്ക് ഒരുപിടി ഓർമ്മകളും. അവ തലമുറകളോട് സംസാരിച്ചു കൊണ്ടിരിക്കുമെന്നും മനുഷ്യ വംശത്തിന്റെ ആത്മഹത്യയിലേക്കുള്ള നീക്കത്തിനെതിരെ ശക്തസുന്ദരമായ ഒരു താക്കീതായി നിലനിൽക്കുമെന്നും തീർച്ച യാണ്. പ്രളയവും മഹാമാരികളും ആഗോള താപനവും കാലാവസ്ഥാമാറ്റവും മറ്റും വഴി പ്രകൃതി തന്നെ നമുക്കു വിപദ്സന്ദേ ശങ്ങൾ നൽകുന്ന കാലമാണിത്. മനുഷ്യൻ പ്രകൃതിയെ സ്വലാഭത്തിന്നായി ചൂഷണം ചെയ്യുന്നത് നിർത്തണം എന്നും ജൈവശൃംഖ ലയിൽ വിള്ളലുകൾ വീഴ്ത്തരുതെന്നും, മനുഷ്യർ ലോകത്തിന്റെ പ്രഭുക്കളല്ലെന്നും ഭൂമി ജന്തുക്കൾക്കും സസ്യങ്ങൾക്കും കൂടി അവകാശപ്പെട്ടതാണെന്നും മനുഷ്യചരിത്രം പ്രപഞ്ചചരിത്രത്തിൽ ഒരു ചെറിയ വാക്ക് മാത്രമാണെന്നും പ്രകൃതി നമ്മോടു പറയുന്നു. ഈ വംശ പ്രതിസന്ധിയിലെങ്കിലും നാം നമ്മുടെ പ്രിയപ്പെട്ട കവി നമ്മോടു നിരന്തരം പറഞ്ഞു കൊണ്ടിരുന്ന കാര്യങ്ങൾ ഗൗരവ മായി എടുക്കുകയും നമ്മുടെ 'വികസന' സങ്കല്പങ്ങൾ പുനഃപരിശോധിക്കുകയും വേണ്ടതുണ്ട്.

ആ അർഥത്തിൽ സുഗതകുമാരി ഭൂത കാലത്തിന്റെ കവിയല്ല, നീതിബോധവും ലാവണ്യബോധവും രണ്ടല്ലാത്ത ഭാവിയുടെ കവിയാണ്. അതുകൊണ്ട് കൂടിയാണ് അവർ യുവാക്കളുടെയും കുട്ടികളുടെയും കൂടി കവിയാകുന്നത്.





**സുഗതകുമാരി അച്ഛൻ ബോധേശ്വരനോടൊപ്പം**



# പ്രാണന്റെ മുലപ്പാൽ

വി മധുസൂദനൻ നായർ

*"സ്നേഹത്തിനെന്തേ നിറം?*
*പിഞ്ചുപൈതലിൻ*
*ഏറെ വിശപ്പെഴും ചുണ്ടിൽ*
*ഇറ്റിറ്റു വീഴുന്ന വെൺമുല*
*പ്പാലു പോൽ*
*അത്ര വെളുത്തതാണല്ലോ"*

അത്രയും വെളുത്ത സ്നേഹം എവിടുന്നു കിട്ടും! വിശക്കുന്ന പിഞ്ചുകുഞ്ഞിന്റെ ചുണ്ടിലേക്ക്, ജീവനിലേക്ക് അമ്മ ഇറ്റിച്ചു കൊടുക്കുന്ന മുലപ്പാലു പോലുള്ള സ്നേഹം- അമ്മയിൽനിന്നു മാത്രമേ അതു കിട്ടൂ. ആ മുലപ്പാൽ അമ്മയുടെ പ്രാണൻ ഊറ്റിയെടുത്തതാണ്.

അങ്ങനെ ഒരമ്മ നമുക്കുണ്ടായിരുന്നു. ഒന്നോ രണ്ടോ പേരുടെ അമ്മയല്ല. വേദനിക്കുന്ന, വിശക്കുന്ന, എല്ലാ കുഞ്ഞുങ്ങളുടെയും അമ്മ. ഉപേക്ഷിക്കപ്പെട്ടവരുടെയും അനാഥരായവരുടെയും അമ്മ. രോഗം വന്ന്, ഒരിടത്തും ആശ്രയമില്ലാതായവരുടെ അമ്മ. മനുഷ്യരുടെ മാത്രമല്ല. മരങ്ങളുടെയും മലകളുടെയും പുഴകളുടെയും അമ്മ.

ആ അമ്മയാണ് സുഗതകുമാരി. എല്ലാർക്കും, എല്ലാത്തിനും അമ്മയായിരുന്ന കവി. എന്താണ് മുലപ്പാലുപോലുള്ള സ്നേഹം എന്ന് സ്നേഹത്തിലൂടെ മാത്രം നമ്മെ പഠിപ്പിച്ച കവി.

ആ അമ്മ നമ്മെ വിട്ടുപിരിഞ്ഞിട്ട് അധികം നാളായില്ല. അമ്മ മരിച്ചുപോയ കുഞ്ഞിനെപ്പോലെ അനാഥമായിരിക്കുന്നു നമ്മുടെ നാട്. തണുത്ത തണൽ വീശിനിൽക്കുന്ന മരത്തെ വെട്ടാൻ ആരെങ്കിലും വന്നാൽ ആ മരം സുഗതകുമാരിയെ വിളിച്ചു കരയുമായിരുന്നു. രാത്രിയായാലും പകലായാലും സുഗതകുമാരി അവിടെ ഓടിയെത്തുമായിരുന്നു. ഒരു പുഴയെ ആരെങ്കിലും നശിപ്പിക്കാനൊരുങ്ങിയാൽ അതിന്റെ നിലവിളി കേട്ട് സുഗതകുമാരി ഓടിച്ചെല്ലുമായിരുന്നു.

സ്വന്തം കണ്ണുകൾ പറിച്ചെടുത്ത് പൂതത്തിന്റെ മുൻപിൽ സമർപ്പിച്ചിട്ട് കുഞ്ഞിനെ തിരിച്ചു നേടിയ ഒരമ്മയെപ്പറ്റി കേട്ടിട്ടില്ലേ? ഇടശ്ശേരി ഗോവിന്ദൻ നായരുടെ 'പൂതപ്പാട്ട്' എന്ന കവിതയിൽ! ആ അമ്മയെപ്പോലെയാണ് സുഗതകുമാരി എന്ന കവിയമ്മയും. അമ്മയുടെ സ്നേഹം ധീരതയായിത്തീരും. ഏതു പൂതത്തെയും തോൽപ്പിക്കാനുള്ള കരുത്തായിത്തീരും. അങ്ങനെയുള്ള സ്നേഹത്തിന്റെ കരുത്ത് എല്ലാർക്കുമുണ്ടായിരിക്കില്ല. ഈ അമ്മ എല്ലാത്തിനോടും വാത്സല്യമുള്ള അമ്മയായതുകൊണ്ടാണ് സ്വന്തം ജീവനെപ്പോലും വകവയ്ക്കാതെ എല്ലാർക്കുംവേണ്ടി കണ്ണടയ്ക്കാതെ കാവലിരുന്നത്.

കുഞ്ഞുങ്ങൾക്കായി നമ്മുടെ നാട്ടിൽ ആദ്യമായി സ്ഥാപിച്ച ജവഹർ ബാലഭവന്റെ പ്രിൻസിപ്പൽ ആയിരുന്നല്ലോ സുഗതകുമാരി. അങ്ങനെ അവർ കുഞ്ഞുങ്ങളുടെ മനസ്സിൽ തളിരുകൾ വിടർത്തി. കുഞ്ഞുങ്ങൾക്കുവേണ്ടി 'തളിര്' എന്ന മാസിക ആരംഭിച്ചു. അതിലൂടെ കുഞ്ഞുങ്ങൾക്ക് അക്ഷരത്തിന്റെ മുലപ്പാൽ നൽകി.

കുഞ്ഞുങ്ങളെ വളർത്തി വലുതാക്കാൻ പ്രകൃതി എന്ന മഹാമാതാവും വേണം എന്നവർക്കു മനസ്സിലായി. പ്രകൃ

തിക്കു രോഗം വന്നാൽ കുഞ്ഞുങ്ങൾക്കും രോഗം വരും എന്നവർ കണ്ടു. പ്രകൃതിയെ രക്ഷിക്കാൻ പ്രവർത്തിച്ച നല്ല മനുഷ്യരോടൊത്തു ചേർന്നു. അങ്ങനെയാണ് ആരോ ഒക്കെ നശിപ്പിക്കാൻ തുടങ്ങിയ അട്ടപ്പാടി മലനിരകളുടെയും മരങ്ങളുടെയും പുഴകളുടെയും കാട്ടിൽ വസിക്കുന്ന പാവപ്പെട്ട മനുഷ്യരുടെയും കൂടെ അമ്മയായി അവർ മാറിയത്.

അപ്പോൾ അവർ കണ്ടു- പ്രകൃതിയെപ്പോലെ നശിപ്പിക്കപ്പെടുന്ന ഒരുപാടു കുഞ്ഞുങ്ങൾ, പെൺകുട്ടികൾ നാട്ടിലുണ്ട്. രോഗം വന്നവരും ഉപേക്ഷിക്കപ്പെടുന്നവരുമുണ്ട്. ആരുമില്ലാത്ത പ്രായം ചെന്ന അമ്മമാരുണ്ട്. അവർക്കുവേണ്ടിയും ഈ അമ്മയുടെ മുലപ്പാലു പോലുള്ള സ്നേഹം ഒഴുകിച്ചെന്നു. അങ്ങനെ അഭയഗ്രാമം എന്ന ആശ്രയഗ്രാമമുണ്ടായി.

വേദനിക്കുന്നവർക്കും ആരുമില്ലാത്തവർക്കും ആശ്വാസം കൊടുക്കുന്നതുപോലൊരു പുണ്യം വേറെയില്ല. അത്രമേൽ സ്നേഹിക്കുന്നവർക്കു മാത്രമേ ഈ പുണ്യകർമം ചെയ്യാനാവൂ.

കുഞ്ഞുങ്ങൾക്ക്, സുഗതകുമാരി എന്ന മലയാളമാതാവ് ഒരു മഹാപാഠ്യപുസ്തകമാണ്. എന്താണു സ്നേഹം എന്നു പഠിപ്പിക്കുന്ന പുസ്തകം. ജീവന്റെ മുലപ്പാലു ചുരത്തുന്ന അമൃതശക്തിയുള്ള പുസ്തകം. ആ അമ്മയുടെ മുലപ്പാലു പോലെ വെളുത്ത, ശക്തിയുള്ള കവിതകളിൽ ആ സ്നേഹം ഊറി വരുന്നു. അവരുടെ വിശ്രമമില്ലാത്ത ജീവിതം പഠിക്കൂ. ആൺകുട്ടിക്കും പെൺകുട്ടിക്കും ആ അമ്മമനസ്സ് തൊട്ടറിയാനാവും. എല്ലാ മനസ്സും കവിമനസ്സാവും. കവിത എന്നാൽ എഴുത്തു മാത്രമല്ല, കർമം കൂടിയാണ്. സ്നേഹംകൊണ്ട് സ്വയം ശുദ്ധീകരിക്കലാണ്. കലങ്ങാത്ത പുഴയെപ്പോലെ എല്ലാത്തിനെയും വാത്സല്യത്തോടെ ഒഴുകിച്ചെന്ന് ജീവൻ കൊടുത്ത് തളിർപ്പിക്കലാണ്.

ഓരോ കുഞ്ഞിലും സുഗതകുമാരി എന്ന പ്രാണന്റെ മുലപ്പാൽ ഒഴുകി വരട്ടെ. അങ്ങനെ നമ്മിലൂടെ ആ വാത്സല്യമൂർത്തി മരിക്കാതിരിക്കട്ടെ. അത്രമേൽ സ്നേഹിക്കുക... അത്രമേൽ സ്നേഹിക്കുക!





## കരച്ചിൽ

**അമ്മിണിക്കുഞ്ഞു കരയുന്നു**
**അച്ഛൻ മടിയിലിരുത്തുന്നു**
**കൊച്ചേട്ടൻ മുട്ടായി നീട്ടുന്നു**
**കൊച്ചേച്ചി താരാട്ടു പാടുന്നു**
**എന്നിട്ടുമെന്നിട്ടുമെന്തയ്യോ**
**കുഞ്ഞു വിതുമ്മിക്കരയുന്നു**
**അമ്മ തിടുക്കത്തിലെത്തുന്നു**
**കുഞ്ഞിനെ വാരിയെടുക്കുന്നു**
**കുഞ്ഞരിപ്പല്ലുകൾ കാട്ടിക്കൊ-**
**ണ്ടമ്മിണിക്കുഞ്ഞു ചിരിക്കുന്നു!**

# ഭൂമിയെ പരിപാലിക്കാൻ നിയോഗിച്ച വനദേവത

**സാറാ ജോസഫ്**



ഒരു കുന്നോ മലയോ ഇടിച്ചു കളഞ്ഞാൽ നമുക്കത് പുനർനിർമ്മിക്കാനാവില്ല. പരിഹരിക്കാൻ പറ്റാത്ത നഷ്ടമായി അത് നിലനിൽക്കും. അതേസമയം ഒരു കാട് നശിപ്പിക്കപ്പെട്ടാൽ, വളരെ ക്ലേശിച്ചിട്ടായാലും നമുക്കൊരു വനം പുന:സൃഷ്ടിക്കാനാവും എന്ന് സുഗതകുമാരിടീച്ചർ തെളിയിച്ചു. അട്ടപ്പാടിയിൽ പുല്ലു പോലും കിളിർക്കാതെ കിടന്നിരുന്ന വെറുമൊരു മൊട്ടക്കുന്നിനെ കുളിരാർന്ന 'കൃഷ്ണവന'മാക്കി മാറ്റിയ ഇന്ദ്രജാലം നമ്മൾ കണ്ടതാണ്. അതിനു പിന്നിൽ ടീച്ചറുടെയും അട്ടപ്പാടിയിലെ ആദിവാസികളുടെയും പരിസ്ഥിതി പ്രവർത്തകരുടെയുമൊക്കെ കഠിനാധ്വാനമുണ്ടായിരുന്നു.

ഉന്നതശീർഷനായ കവി എൻ വി കൃഷ്ണവാരിയരുടെ ഓർമ്മയ്ക്കു മുന്നിൽ മഹതിയാംകവിയായ സുഗതകുമാരി ടീച്ചർ പടുത്തുയർത്തിയ അപൂർവ്വമായ സ്മാരകമാണ് കൃഷ്ണവനം. കോടികൾ ഉപയോഗിച്ച് കല്ലും സിമന്റും മാർബിളും കൊണ്ട് കെട്ടിപ്പൊക്കുന്ന പടുകൂറ്റൻ നിർജ്ജീവ സ്മാരകങ്ങൾ നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ നിരന്തരം വളർന്ന് നിബിഡമായിത്തീരുന്ന മരങ്ങളും കാടും മാനും മുയലും കിളികുലങ്ങളും അരുവികളും ശുദ്ധവായുവും നിറഞ്ഞ, മാനവരാശിക്ക് അനുഗ്രഹമായി മാറിയ ഒരു കാട് സ്മാരകമായി നിർമ്മിച്ചെടുത്ത സുഗതകുമാരി ടീച്ചറിന്റെ ദീർഘവീക്ഷണത്തെ നാം തലകുനിച്ച് ആദരിക്കുക.

എൻ വി യും സുഗതകുമാരിയും എം ടി യുമൊക്കെ അടങ്ങുന്ന എഴുത്തുകാരുടെയും പ്രകൃതിസ്നേഹികളുടെയും ശാസ്ത്രജ്ഞരുടെയും സാംസ്കാരിക പ്രവർത്തകരുടെയുമൊക്കെ തളരാത്ത പ്രതിരോധം മൂലമാണ് സൈലന്റ് വാലി മഴക്കാടുകൾ സംരക്ഷിക്കപ്പെട്ടത്. അതല്ലെങ്കിൽ വികസനത്തിന്റെ പേരുപറഞ്ഞ് അമൂല്യമായ ആ പ്രകൃതിസമ്പത്ത് എന്നേ കൊള്ളയടിക്കപ്പെടുമായിരുന്നു!

സൈലന്റ് വാലി സമരമാണ് മലയാളിക്ക് പരിസ്ഥിതിസാക്ഷരത ഉണ്ടാക്കിത്തന്നത്.

പയ്ക്കിന്റോ... എന്ന ആദിവാസികളുടെ നിലവിളി മലയാളികളുടെ കാതുകളിലേക്ക് തുളച്ചുകയറുന്നതിന് ടീച്ചറുടെ ലേഖനങ്ങൾ കാരണമായി. കാടിന്റെ മക്കളായ ആദിവാസികളുടെ ജീവിതദുരിതങ്ങളും വിശപ്പും വേദനയും പയ്ക്കിന്റോ... (വിശക്കുന്നേ...)

എന്ന നിലവിളിയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ടീച്ചർ തുറന്നു വെച്ചു.

ആക്രമിക്കപ്പെട്ടവരും അപമാനിക്കപ്പെട്ടവരും നിരാകരിക്കപ്പെട്ടവരുമായ പെൺകുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കും മനോനില തകരാറിലായവർക്കുമൊക്കെ വേണ്ടി വിലപിക്കുക മാത്രമല്ല, ടീച്ചർ ചെയ്തത്. അവർക്ക് ഒരു അഭയസ്ഥാനം, ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നൽകി പരിപാലിക്കുക കൂടിയാണ്.

ഒരൊറ്റ ജന്മം കൊണ്ട് ആക്രമിക്കപ്പെടുന്ന പ്രകൃതിക്കും മനുഷ്യർക്കും വേണ്ടി ചെയ്യാവുന്നതൊക്കെ അവസാന ശ്വാസം വരെ ചെയ്തു കൊണ്ടാണ് 86-ാം വയസ്സിൽ സുഗതകുമാരി ടീച്ചർ വിടവാങ്ങിയത്. ധന്യമായ ഒരു ജന്മം അതിന്റെ സാഫല്യത്തിലെത്തിയെന്ന് നമുക്ക് കണ്ണീരോടെ സമാശ്വസിക്കാം.

മലയാള കവിതയിലെ സമാനതകളില്ലാത്ത കവിയാണ് സുഗതകുമാരി.

ഒരു താരകയെ കാണുമ്പോഴേക്കും രാവിനെ മറക്കുന്ന, പാൽച്ചിരി കാണുമ്പോൾ മൃതിയെ മറക്കുന്ന പാവം മാനവ ഹൃദയത്തെപ്പറ്റി പാടിക്കൊണ്ട് തന്റെ കവിതയുടെ ആഴമേറിയ വിശാല ലോകത്ത് ടീച്ചർ ഏകാകിനിയായി നിലകൊള്ളുന്നു.

മുറിച്ചു മാറ്റാം കേടു ബാധിച്ചോരവയവം പക്ഷേ കൊടും കേടു ബാധിച്ച പാവം മനസ്സോ? എന്ന് അപരിഹാര്യമായ മനുഷ്യ ദുരന്തങ്ങളെയോർത്ത് നെടുവീർപ്പിടുന്നു.

ആ രാധയുള്ളിൽ വസിക്കയാൽ തീരാത്ത തേടലാകുന്നു ജന്മം എന്ന് പാടിക്കൊണ്ട് വേഴാമ്പലാകുന്നു...

എത്രയോ സമരമുഖങ്ങളിൽ ടീച്ചറുടെ പിന്നിലായി ഞാനുമുണ്ടായിരുന്നു.

കൂടംകുളം ആണവനിലയം, ആറന്മുള വിമാനത്താവളം, എരയാംകുടി കർഷക സമരം, പശ്ചിമഘട്ട സംരക്ഷണം... പട്ടിക വളരെ ദീർഘമാണ്.

ഭൂമിയെ പരിപാലിക്കാൻ നിയോഗിച്ചയക്കപ്പെട്ട ഏതോ വനദേവതയാണ് വന്നുപോയത് എന്ന് മനസ്സ് തേങ്ങുന്നു.

പ്രിയപ്പെട്ട ടീച്ചർക്ക് എന്നേക്കും നമസ്കാരം.





## ഉറങ്ങൂ

**എട്ടുമണിയായി, രാത്രിയായീ**
**മക്കളെല്ലാരുമുറക്കമായോ?**
**മുറ്റത്തെത്തെങ്ങിൻ മുകളിൽനിന്നും**
**നക്ഷത്രം മെല്ലെക്കുനിഞ്ഞുനോക്കി**

**തൊട്ടിലിൽ കൈവിരലുണ്ടുകൊണ്ട്**
**കൊച്ചനിയത്തിയുറങ്ങിടുന്നു**
**മെത്തയിൽ കാലിട്ടടിച്ചുപാടി**
**കുട്ടൻ കിടന്നു മറിഞ്ഞിടുന്നു**

**കുട്ടനുറങ്ങൂ, ഉറങ്ങുവേഗം**
**നക്ഷത്രം മെല്ലെ വിളിച്ചുചൊല്ലീ**
**നേരത്തേ നാളെയെഴുന്നേൽക്കണ്ടേ**
**പാഠങ്ങളൊക്കെപ്പഠിച്ചിടേണ്ടേ!**
**നേരത്തേതന്നെയുറങ്ങിടേണം**
**നേരത്തേതന്നെയുണർന്നിടേണം.**



# സുഗതകുമാരിയും ഗാന്ധിയൻ മൂല്യങ്ങളും

പ്രൊഫ. മുഹമ്മദ് അഹമ്മദ്

സുന്ദരമായ തന്റെ ഭാവനയെ വിഷാദത്തിന്റെ കണ്ണുനീർച്ചോലയിലൂടെ സ്നേഹത്തിന്റെ കീർത്തനങ്ങളാക്കി മാറ്റിയ കവയിത്രിയാണ് സുഗതകുമാരി. ആദ്യമാദ്യം വികാരസാന്ദ്രവും കാല്പനിക വിമോഹനവുമായ വരികളിൽ മലയാള കവിതയ്ക്ക് നവീന ഭാവുകത്വം അവർ നൽകി. സൗമ്യദീപ്തമായ അവരുടെ സ്മരണകൾ കവിതയ്ക്ക് ലാവണ്യമായി. വ്യക്തിദുഃഖങ്ങളെപ്പറ്റി സ്വന്തം കൂട്ടിലിരുന്ന് ഉരുകിപ്പാടിയ ഒരു റൊമാന്റിക് പക്ഷിയായിരുന്നു, അന്നൊക്കെ അവർ. തന്റെ പ്രാണസ്പന്ദം കാരുണ്യത്തിന്റെ മഷിയാക്കി അവർ കവിത കുറിച്ചു. സുഗതകുമാരിയുടെ 'ഒറ്റവള' എന്ന കവിതയിലെ ആശയം അതീവ ഹൃദ്യമായിരുന്നു. ഇടതുകൈ നഗ്നമായി കണ്ട് തന്റെ വലതുകൈയിൽ അണിഞ്ഞ ചുവന്ന വള ഊരിയെടുത്ത് ഇടംകൈയിൽ അണിയുകയും പിന്നെ വലംകൈ ഖേദത്തോടെ നോക്കുകയും ചെയ്യുന്ന മെലിഞ്ഞ പെൺകുട്ടി. ഏകാന്തവിഷാദത്തിന്റെ ഈ ഒറ്റക്കമ്പി നാദം ടീച്ചറുടെ കാരുണ്യത്തിന്റെ കരതലാമലകമാണ്.



> *''ദേവി ഭൂമി, നിനക്കെല്ലാ*
> *മറിയാം, നിന്റെ ചന്തയിൽ*
> *പാഴ്‌വിലയ്ക്കുമെടുക്കാത്തോ*
> *ന്നല്ലിപെണ്ണിന്റെ ജീവിതം''* (പെൺകുഞ്ഞു 90കളിൽ)

നൊന്തുപെറ്റ കുഞ്ഞിനെ ഇരുട്ടത്ത് ആരാന്റെ മുറ്റത്ത് ഉപേക്ഷിച്ചുപോകുന്ന യാത്രാമൊഴികൾ:

> *''ഇവൾ പെണ്ണല്ലയോ...? പെണ്ണി-*
> *ന്നുടയോൻ ദുഃഖമല്ലയോ''*

എന്നുകൂടി ടീച്ചറിൽ നിന്നും നാം കേൾക്കുന്നുണ്ട്.

ജീവിതത്തിന്റെ രണ്ടാം പാദത്തിൽ പ്രകൃതിക്കും ജീവജാലങ്ങൾക്കും വേണ്ടി പൊരുതുകയായിരുന്നു അവർ. അച്ഛൻ ബോധേശ്വരനിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ അമൃതഗംഗാപ്രവാഹം കണ്ടെത്തിയ അവർ ഗാന്ധിജിയിൽ നിന്ന് തന്റെ പേനയിലേക്കും ആത്മബോധത്തിലേക്കും അറിവുകൾ നിറക്കുകയായിരുന്നു. അതോടെ തന്റെ അഗ്നിച്ചിറകുകൾ വിടർത്തി സാമൂഹിക ലക്ഷ്യം മുൻനിർത്തി പ്രപഞ്ചമാനവികതയെ ഉയർത്തിപ്പിടിക്കുന്ന രീതിയിൽ അവർ കവിതകളും ലേഖനങ്ങളും എഴുതുകയും സ്വന്തം കർമ്മമണ്ഡലം വികസ്വരമാക്കുകയും പോരാട്ടത്തിന്റെ പുത്തനുണർവ് പ്രകടമാക്കുകയും ചെയ്തു.

'കാവു തീണ്ടല്ലേ കുളം വറ്റും' എന്നും 'തമ്പിരാക്കന്മാരെ ആദിവാസിക്ക് പയ്ക്കുന്നു' എന്നും അവരെഴുതി.

മനുഷ്യസ്വാതന്ത്ര്യത്തിന്റെ മഹാകാശത്തിലേക്കാണ് ഈ സ്വാതന്ത്ര്യപ്പറവ പറന്നെത്തിയത്. തുടർന്ന് സ്വപ്നവും ജാഗ്രതയും കലർന്നതായി അവരുടെ കവിത. സ്വന്തം ജീവിതം ബലികൊടുത്തുപോലും പ്രകൃതിയേയും പ്രകൃതിപുത്രിമാരേയും മണ്ണിന്റെ മക്കളേയും സംരക്ഷിച്ചെടുക്കാനുള്ള സമരമുഖം അവർ തുറന്നു. ഭാരതീയ ദാർശനികതയുടെ സത്യാന്വേഷണ തൃഷ്ണയിൽ അവരെഴുതിയ കവിതകൾ അവരുടെ സമരജ്വാലയുടെ സരസ്വതീ പ്രസാദത്തിന് പുതുവഴികൾ നൽകി. മുത്തുച്ചിപ്പി, കാളിയമർദ്ദനം തുടങ്ങിയ കവിതകളിൽ പ്രകടമായ ആത്മപരിശോധനാഭാവം അവർക്ക്

മൃതസഞ്ജീവിനിയായി തീർന്നു. മഴത്തുള്ളികൾ മുത്തുച്ചിപ്പികളെ മുത്താക്കുന്നതു പോലെ മനസ്സിലേറ്റ നൊമ്പരങ്ങൾ അവരുടെ മനസ്സിൽ മൂല്യങ്ങളായി പരിണമിച്ചു. 'കാളിയമർദ്ദന'ത്തിൽ സ്വന്തം മനസ്സു തന്നെയാണ് കാളിന്ദി. അവിടെ ഉണ്ണിക്കൃഷ്ണന്റെ നൃത്തച്ചുവടേറ്റപ്പോൾ മനസ്സിലുളവായ ശുദ്ധീകരണം മലയാളികൾക്ക് അവരിൽ നിന്നുള്ള വരപ്രസാദമായി.

'കാവു തീണ്ടല്ലേ...' എന്ന അവരുടെ പ്രബന്ധ സമാഹാരം കേരളത്തിൽ അവർ വികസിപ്പിച്ചെടുത്ത ഹരിത രാഷ്ട്രീയത്തിന്റെ മാനിഫെസ്റ്റോ ആയിരുന്നു. അതിന്റെ മുഖവുരയിൽ അവർ എഴുതി: ''പീഡിതരായ സ്ത്രീകളുടെ മുഖം, എല്ലാം നഷ്ടപ്പെടുന്ന ആദിവാസികളുടെ മുഖം, ശരണമറ്റ ഓരോ ജീവിയുടേയും മുഖം, ശബ്ദമില്ലാത്തവരുടെ ശബ്ദമാവാൻ ഞാൻ ശ്രമിക്കുകയാണ്. ഭൂമിക്ക് മുറിവേറ്റിരിക്കുന്നുവെന്നും ഭൂമിയുടെ കണ്ണുകളിൽ കണ്ണുനീർ മാത്രമല്ല, ശാപാഗ്നിയും നിറയുന്നുവെന്നും കണ്ടറിഞ്ഞ് 'അരുത്' എന്നും 'മാ നിഷാദ' എന്നും വിളിച്ച് വിലപിക്കാൻ ശ്രമിക്കുന്നവരുടെ ശബ്ദമാണിത്. പക്ഷേ ഒരു സുഹൃത്ത് പണ്ടെഴുതിയ പോലെ വന്നത് തേരിലെഴുന്നള്ളുന്ന രാജാവല്ല, കശാപ്പുകാരനാണെങ്കിലോ? കൈയുയർത്തി വിലക്കുന്ന മുനിമാരുടെ പ്രതിഷേധത്തിന് എങ്കിൽ എന്തു പ്രാധാന്യം?

പക്ഷേ തെറ്റായ വികസന പരിപാടികൾക്കെതിരായുള്ള പരിസ്ഥിതി സംരക്ഷണത്തിന്റെ യുദ്ധം തോൽവിയുടെയും വിജയത്തിന്റെയും പതിവ് യുദ്ധമല്ല. 'തോൽക്കുന്ന യുദ്ധത്തിനും പടയാളികൾ വേണം. വരൂ ഇതിൽ പങ്കു ചേരൂ' എന്ന് എഴുപത്തിയൊമ്പതിൽ ഞാൻ എഴുതിയത് ഓർക്കുന്നു. ഇന്നും ഈ യുദ്ധം തോൽക്കുന്ന യുദ്ധമായി തുടരുന്നു. ഇതിന്റെ മാർഗം എളിമയുടേതും കഷ്ടപ്പാടിന്റേതുമാണ്. ഇതിന്റെ കൊടി പടർന്നു പന്തലിച്ചൊരു തണൽ മരമാണ്. ഇതിന്റെ പടനായകന്റെ മുഖം ഗാന്ധിയുടെ മുഖമാണ്.''

'കാവു തീണ്ടല്ലേ...' എന്ന ലേഖന സമാഹാരത്തിൽ 'വികസനവും പരിസ്ഥിതിയും' എന്ന ലേഖനത്തിൽ സുഗതകുമാരി വികസനമെന്നാൽ മനുഷ്യരാശിയുടെ പൊതു നന്മയ്ക്കു വേണ്ടിയുള്ള അവശ്യ വസ്തുക്കളുടെ നിർമ്മാണവും ഉപഭോഗവുമാണെന്ന് രേഖപ്പെടുത്തി. നമുക്ക് മര്യാദയ്ക്ക് ജീവിക്കാൻ പഠിക്കാം. ഉള്ളതു സൂക്ഷിച്ചുപയോഗിക്കാൻ, അധികമുള്ളത് പങ്കുവെക്കുവാൻ, വേണ്ടാത്തത് എറിഞ്ഞു കളയാതിരിക്കാൻ ശ്രമിക്കാം... ആ ലേഖനം അവസാനിപ്പിക്കുന്നതിങ്ങനെയാണ്: ഇവിടെയാണ് ഗാന്ധി എന്ന നാമത്തിന്റെ പ്രസക്തി. ഒരു ദീർഘദർശിയുടെ തെളിഞ്ഞ ശബ്ദത്തിൽ അദ്ദേഹമിങ്ങനെ വിരൽ ചൂണ്ടിപ്പറഞ്ഞത് ഇന്നലെയാണ്:

'എളിയ ജീവിതം നയിക്കാൻ പ്രാപ്തരാവുക. മനുഷ്യരാശിക്ക് മുന്നിൽ മറ്റൊരു മാർഗ്ഗവുമില്ല'. ഇതു സത്യത്തിന്റെ ശബ്ദം.

ഏതു വിധത്തിലുള്ള ഹിംസയേയും ഒഴിവാക്കുക എന്ന



താണ് ഗാന്ധിയൻ നിലപാട്. ഗാന്ധിജിയുടെ വാക്കുകൾ ശ്രദ്ധിക്കുക: ''മനുഷ്യന്റെയും മറ്റു ജീവജാലങ്ങളുടേയും ജീവിതത്തിന്റെയും ഓരോ ചലനത്തേയും ഇന്ന് ഹിംസയുടെ സംസ്കാരം ആക്രമിച്ചുകൊണ്ടിരിക്കുന്നു. ഒരു വശത്ത് നശീകരണോന്മുഖമായ ആണവ പടക്കോപ്പുകൾ, മറ്റേ അറ്റത്ത് വ്യക്തിതലത്തിൽ ശത്രുതയുടേയും വെറുപ്പിന്റേയും ആർത്തിയുടേയും അസൂയയുടേയും അർബുദ വളർച്ച- ഇതിന് രണ്ടിനുമിടയിൽ- ദാരിദ്ര്യവും നിഷ്ഠുരതയും, പാരിസ്ഥിതിക ദുരന്തങ്ങൾ, രാസമലിനീകരണം. അനാരോഗ്യകരമായ അധ്വാന സാഹചര്യങ്ങൾ, ആദിവാസികളുടെയും ആദിമവാസികളുടെയും വിധിയുമായുള്ള ദുരന്താത്മകമായ സന്ധിപ്പ്, ജൈവ പ്ലാസത്തിന്റെ ആഗോള കവർച്ച, ശുദ്ധജല സ്രോതസ്സുകളുടെ മലിനീകരണം''. (ഗാന്ധിജിയുടെ ജീവിത ദർശനം- ഡോ; കെ.അരവിന്ദാക്ഷൻ)

ഗാന്ധിജി ചൂണ്ടിക്കാണിക്കുന്ന ഈ പ്രശ്നങ്ങൾക്ക് കവിതയിലൂടെയും കർമ്മത്തിലൂടെയും പരിഹാരം തേടുകയായിരുന്നു ടീച്ചർ. ഇതിനാദ്യം വേണ്ടത് സ്വയം തിരിച്ചറിവാണെന്ന് അവർ കരുതി. തിന്മകൾക്കെതിരായ പോരാട്ടത്തിന് സ്വയം ശക്തിയാർജ്ജിക്കുക. കസ്തൂരിമാനിന് സ്വന്തം ഗന്ധം തിരിച്ചറിയാൻ കഴിയാത്തതു പോലെ നമുക്ക് നമ്മുടെ ആത്മബലം തിരിച്ചറിയാതിരുന്നു കൂടാ. തീർച്ചയായും ആ ആത്മശക്തിയാണ് സുഗതകുമാരി ടീച്ചറെ നമ്മുടെ കാലഘട്ടത്തിന്റെ കാവലാളാക്കിയത്.

അങ്ങനെ അവർ ആദിവാസികളുടെ ദുരിതങ്ങളിലേക്ക്, അട്ടപ്പാടിയിലെ കൃഷ്ണവന നിർമ്മിതിയിലേക്ക് എത്തി. 'നാലുപാടും വൻമരങ്ങൾ ഒരു ചക്രവാളക്കോട്ടപോലെ ചുറ്റി നിൽക്കുന്നു. ചുറ്റി ഞെരുക്കുന്നു. ചത്തു മലച്ച ചോലകൾ, ചത്ത മരക്കുറ്റികൾ, മണ്ണൊലിച്ചു മാറു കല്ലാക്കുന്ന മലമടക്കുകൾ' അവർ കണ്ടു. 'അപ്പോൾ അനന്തമായ ഈ മരുമലകളിൽ സർക്കാർ അനുവദിച്ചുതന്ന ഒരുകോണിൽ തൈവെക്കാൻ വന്നവർ,' അദമ്യമായ മനുഷ്യശക്തി അട്ടപ്പാടിക്കാവശ്യമുണ്ടെന്ന തിരിച്ചറിവിൽ അവർ എത്തി. ഇടിവെട്ടീടും വണ്ണം ടീച്ചറുടെ സമര കാഹളം മുഴങ്ങി. അവർ ചോദിച്ചു:

'നാടുവാഴുന്നവരേ, നിത്യ ഹരിതയായിരുന്ന ഈ അട്ടപ്പാടിയെ ഇങ്ങനെയാക്കിയതാര്? ഈ മലയെല്ലാം വെട്ടിച്ചതാര്? ഈ പുഴകളെയെല്ലാം പട്ടിണിക്കിട്ടു കൊന്നതാര്?' (അട്ടപ്പാടി ഡയറി).

ഈ ചോദ്യങ്ങളുന്നയിച്ച് ടീച്ചർ മാറി നിന്നില്ല. ഈ ചുടുകാട്ടിൽ കൃഷ്ണവനത്തിലൂടെ പച്ചയുണ്ടാക്കാനുള്ള ശ്രമവും ആദിവാസികളുടെ മോചനത്തിനായി നടത്തിയ സമരങ്ങളുടെ രോഷാഗ്നിയുമായിരുന്നു നാളേക്കു വേണ്ടിയുള്ള അവരുടെ കരുതലുകൾ. ഇതേ ഊർജ്ജത്തോടെയാണ് സൈലന്റ് വാലിയെ രക്ഷിക്കാനവർ ഇറങ്ങിയത്. ഒരു മരത്തെ രക്ഷിക്കാൻ ഒരു മഴുവിന്റെ മുന്നിൽ ചാടിവീഴുന്ന ജീവിതം ചരിത്രത്തിൽ തന്നെ ഒരു അപൂർവ്വതയാണ്.

അവരുടെ മാതൃസ്നേഹം 'അഭയ'യായി. താളം തെറ്റിയ മനസ്സുകൾക്ക് അത്താണിയാവാൻ അവർ ഒരുങ്ങി. അപമാനഭാരത്താൽ വ്രണിതഹൃദയരായ വനിതകൾ, വീട്ടുകാരാൽ പോലും ഉപേക്ഷിക്കപ്പെട്ട് തെരുവിലായ വൃദ്ധർ, വിശപ്പാലും രോഗത്താലും നീറുന്ന പിഞ്ചുകുട്ടികൾ, തുടങ്ങിയവർക്കായി, 'അഭയ', 'ബോധി', അഭയ ഗ്രാമം, പകൽ വീട് എന്നീ മഹാസ്ഥാപനങ്ങൾ നിലവിൽ വന്നു. സേവാഗ്രാമത്തിൽ കട്ടിലിൽ കിടക്കുന്ന രോഗിയെ ശുശ്രൂഷിക്കുന്ന ഗാന്ധിജിയുടെ മാതൃകയിൽ ആതുര ശുശ്രൂഷയുടെ അഭയ കേന്ദ്രം അവർ തുറന്നു.

ദക്ഷിണാഫ്രിക്കയിൽ ഫീനിക്സ് ആശ്രമത്തിലെ സന്ധ്യക്കാഴ്ചകളിലൊന്നായി ഒരു ചേതോഹര ചിത്രം ഗാന്ധിജി നമ്മുടെ മുന്നിലേക്ക് സമർപ്പിക്കുകയുണ്ടായി. ചുവപ്പും വെളുപ്പും കലർന്ന ചക്രവാളത്തിന് താഴെ, തന്നെ ചുറ്റി നിൽക്കുന്ന ഒരു കുഞ്ഞിനെ തലോടുന്ന തന്റെ തന്നെ ചിത്രം. ആ കുഞ്ഞ് വളരുന്നേടത്താണ് നാടിന്റെ പ്രതീക്ഷ. അനേകം കുട്ടികൾക്ക് നിഷ്കളങ്കമായ ജീവിതം നൽകാനുള്ള ടീച്ചറുടെ ശ്രമം തളിരണിയുന്നത് നാം കണ്ടു.

കനിവിന്റെ ഈ അമ്മയെ ആർക്ക് മറക്കാനാവും? ഏറെക്കാലം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'തളിര്' എന്ന 'മുഖപ്രസാദം' വിരിഞ്ഞത് മലയാളിയുടെ ഈ സ്വന്തം അമ്മയിൽ നിന്നാണെന്ന് കൂടി ഓർക്കട്ടെ!

# മലയാളത്തിന്റെ സർഗചൈതന്യം

**കെ പി സുധീര**



പ്രണയവും വിരഹവും മാതൃത്വവും പരിസ്ഥിതിയും പ്രകൃതിയുമെല്ലാം ഈ അമ്മയ്ക്ക് പ്രിയങ്കരമാണ്. അവരുടെ കവിതകൾ പവിഴമല്ലികളായും പാതിരാപ്പൂക്കളായും അമ്പലമണിയായും രാത്രിമഴയായും മുത്തുച്ചിപ്പിയായും തുലാവർഷപ്പച്ചയായും മാനവഹൃദയങ്ങളെ മോഹിപ്പിച്ചു കൊണ്ട് നിൽക്കയാണ്. അനാഥകൾക്കും, ബുദ്ധിക്ക് അപഭ്രംശം സംഭവിച്ചവർക്കും ദുഃഖിതർക്കും ചെന്നണയാനുള്ള അത്താണിയാണ്, അഭയമാണ് അവരുടെ ഹൃദയം.

കുഞ്ഞുങ്ങളുടെ രക്തം തുടിക്കുന്ന കൈകളിലാണ് ഇന്ത്യാ മഹാരാഷ്ട്രത്തിന്റെ ഭാവി എന്ന് തിരിച്ചറിഞ്ഞ കവിയാണ് സുഗതകുമാരി ടീച്ചർ. കുളിരേകുന്ന ഒരു പൂഞ്ചോല പോലെ, അകം തണുപ്പിക്കുന്ന ആ മഹിത സ്നേഹം ഒഴുകുകയായിരുന്നു. കവിത മാത്രമായിരുന്നില്ല, പ്രപഞ്ചത്തോടും സകല ചരാചരങ്ങളോടും മാനവികതയോടും ഉള്ള സ്നേഹമായിരുന്നു അവർ.

വനിതാകമ്മീഷൻ അംഗം ആയിരുന്ന കാലത്ത് ഒരു സെമിനാറിൽ വെച്ച് അവർ പറഞ്ഞു, 'സ്ത്രീകളുടെ ദുഃഖങ്ങൾ അന്തമില്ലാത്തതാണ്. ഈ പ്രശ്നങ്ങളെല്ലാം കേട്ട് വീട്ടിലെത്തിയാൽ രാത്രി ഉറക്കഗുളിക കഴിക്കാതെ ഉറങ്ങാൻ ആവാത്ത അവസ്ഥ. അവരുടെ അത്രമാത്രം നീറുന്ന പ്രശ്നങ്ങൾ ഞങ്ങൾ ദിനവും കേൾക്കുന്നു.'

മറ്റൊരു സാഹിത്യ കൂട്ടായ്മയിൽ അവർ പറഞ്ഞു:

'മുജ്ജന്മത്തിൽ പാപം ചെയ്തവരാണ് എഴുത്തുകാരികളാവുന്നത്.'

മാനവരാശിക്കു വേണ്ടി നിലകൊണ്ട ജീവിതം. പരിസ്ഥിതി സംരക്ഷക ആയപ്പോൾ ഏറെ പരിഹാസവും ആക്രമണങ്ങളും നേരിടേണ്ടിവന്നു. ഒരിക്കൽ പാലക്കാട് നടന്ന സൈലന്റ് വാലി പ്രക്ഷോഭത്തിൽ പങ്കെടുത്തു. അട്ടപ്പാടിയിലെ ബൊമ്യാംപടിയിൽ ടീച്ചറുടെ നേതൃത്വത്തിൽ കൃഷ്ണവനമുണ്ടാക്കി. വനമേഖലയിലെവിടെയോ മരം വെട്ടുന്നുവെന്ന് ആരോ പറഞ്ഞറിഞ്ഞ് ടീച്ചറും കൂട്ടരും അവിടെ എത്തി. എസ്റ്റേറ്റ് മുതലാളിയും കൂട്ടരും ചേർന്ന് അവരുടെമേൽ വർഷിച്ച ആക്രോശവും അസഭ്യവും എല്ലാം നിശ്ശബ്ദം സഹിച്ച് തന്റെ കർമമേഖലയിലൂടെ മുന്നോട്ടു പോയി. മുത്തങ്ങയിൽ ജലാശയം ഒരുക്കാനും കോഴിക്കോട് കക്കോടിയിൽ തച്ചിറ ജലാശയ ശുചിത്വ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്തു. സ്ത്രീകളുടെ അഭയകേന്ദ്രമായ ഈ പ്രിയപ്പെട്ട അമ്മയ്ക്കൊപ്പം ഞങ്ങൾ എഴുത്തുകാരികൾ ടീച്ചറുടെ ആഗ്രഹമനുസരിച്ച് 85 ാം പിറന്നാളിന് തിരുവനന്തപുരത്തുള്ള അഭയയിൽ ടീച്ചർക്കൊപ്പം ഒത്തുകൂടിയിരുന്നു. കേരളത്തിലെ എഴുത്തുകാരികൾക്കൊപ്പം പിറന്നാൾ ആഘോഷിക്കണം എന്ന് കവിക്ക് മോഹം. സഹസ്രപൂർണിമയുടെ നിറവിൽ മലയാളത്തിന്റെ സുകൃതമായ ടീച്ചർക്കൊപ്പം പവിഴമല്ലി അക്ഷരക്കൂട്ടം (തിരു.) എഴുത്തുകാരികൾക്കൊപ്പം ഗംഭീര പരിപാടി ഒരുക്കി. കേരളത്തിന്റെ പല ഭാഗത്തു നിന്നുമായി എഴുത്തുകാരികൾ എത്തി. താമസം, ഭക്ഷണം എല്ലാം അവർ ഏർപ്പാടാക്കി. വലിയ പരിശ്രമമായിരുന്നു അക്ഷരക്കൂട്ടത്തിന്റേത്.

അഭയയിലെ അനാഥക്കുഞ്ഞുങ്ങൾക്കായി ഒരു പുസ്തക അലമാര ഒരുക്കി. അതിലേക്ക് എഴുത്തുകാരികൾ പുസ്തകം കൊണ്ടുവരാൻ പറഞ്ഞിരുന്നു. ആയിടെ ഞാൻ കുഞ്ഞുങ്ങൾക്കായി എഴുതിയ *ബ്ലൂ വെയിൽ* എന്ന കുഞ്ഞു പുസ്തകം സൈകതം ഇറക്കിയിരുന്നു. അത് ടീച്ചർ അവിടെ പ്രകാശനം ചെയ്തു. എന്നോട് ഒഴിഞ്ഞ ഷെൽഫിലേക്ക് വെക്കാനും പറഞ്ഞു.

ആ ദിവസം മുഴുവനും എഴുത്തുകാരികൾ ടീച്ചർക്കൊപ്പമായിരുന്നു. അവശതകൾക്കിടയിലും ടീച്ചർ പ്രസന്നവതിയായിരുന്നു. ടീച്ചറുടെ കവിത ചൊല്ലിയും പാട്ടു പാടിയും, മറക്കുവാൻ സാധിക്കില്ല ടീച്ചർ, അന്ന് ഞങ്ങൾക്കേകിയ സ്നേഹമധുരം. ഈ പവിഴമല്ലിപ്പൂ വാടില്ല, കൊഴിയില്ല.

തനിക്കു വേണ്ടി ജീവിച്ചിട്ടില്ല. ലോകമായിരുന്നു കുടുംബം. അതിന്റെ സുസ്ഥിതിയിലായിരുന്നു കരുതൽ. അവരുടെ ദുഃഖത്തിൽ എരിഞ്ഞും പൊരിഞ്ഞും അവരുടെ മോദങ്ങളിൽ സന്തോഷിച്ചും ഒരു മനുഷ്യജന്മം.

കവിതയിലൂടെയാണ് സ്വപ്നങ്ങൾ പങ്കുവെച്ചത്. കവിതയിലൂടെയാണ് നമുക്ക് ആശയങ്ങളരുളിയത്. മൺതരി മുതൽ മഹാകാശം വരെ ആ ജീവിതപ്രണയം പൂത്തു തളിർത്തു.

ഒരുദിനം നാമെല്ലാം മണ്ണോട് ചേരണം. ചേർന്നു. എന്നാലൊരു പാട് ജന്മങ്ങളുടെ കർമങ്ങൾ ചെയ്തു. മനസ്സിന്റെ നില തെറ്റിയവർ, പിച്ചിച്ചീന്തപ്പെട്ട കുഞ്ഞുകുട്ടികൾ, ആർക്കും വേണ്ടാതെ പുറന്തള്ളപ്പെട്ട പെണ്ണുങ്ങൾ ഇവരെയൊക്കെ ടീച്ചർക്ക് വേണമായിരുന്നു. അവരൊക്കെ മനുഷ്യരായി ജീവിക്കണം എന്നതായിരുന്നു പ്രാർത്ഥന. നല്ല ഭക്ഷണം, വിദ്യാഭ്യാസം, നല്ല ഉറക്കം അതൊക്കെ ലഭ്യമാക്കി. പ്രായം കൂടുമ്പോൾ രോഗങ്ങൾ വിരുന്നു വരും. എന്നിട്ടും തളരാതെ പിടിച്ചു നിന്നു ധീരയായ ആ പോരാളി.

അങ്ങ് മരിച്ചുവെന്ന് ആരൊക്കെയോ പറയുന്നു. മണ്ണോട് മണ്ണ് ചേർന്നുവെന്നും!

എന്നാൽ പ്രിയങ്കരിയായ ടീച്ചർ അങ്ങേക്ക് മരണമില്ല. മരണമില്ല .

പ്രിയപ്പെട്ട ടീച്ചർക്ക് അന്ത്യാഞ്ജലി. ടീച്ചർക്ക് പകരം ടീച്ചറേയുള്ളൂ.



## അമ്മയ്ക്കെന്തൊരു ഭംഗി!



**എന്നും കാലത്തമ്മേ**
**അമ്മയ്ക്കെന്തൊരു മേളം!**
**അച്ഛനു കാപ്പിയൊരുക്കാൻ**
**കൊച്ചനിയത്തിയെ നോക്കാൻ**
**ചോറും കറിയും വെയ്ക്കാൻ**
**നൂറു തിരക്കുകൾ തീർക്കാൻ**
**കുഞ്ഞിനു പാലു കൊടുക്കാൻ**
**എന്നെയൊരുക്കിയയയ്ക്കാൻ**
**എന്തു തിടുക്കം ബഹളം!**
**എന്തൊരടുക്കളമേളം!**
**ഒന്നു കുളിക്കാൻപോലും**
**അമ്മയ്ക്കില്ലാ നേരം**
**എങ്കിലുമെങ്കിലുമമ്മേ**
**സഞ്ചിയുമായ് ഞാൻ പോകെ**
**എന്നുടെ നെറ്റിയിലുമ്മതരുന്നോ–**
**രമ്മയ്ക്കെന്തൊരു ഭംഗി!**

# 'അത്രമേൽ സ്നേഹിക്കയാൽ'

ഗ്രേസി



സുഗതകുമാരി എന്ന കവിയെ ഞാൻ രണ്ടുപ്രാവശ്യമേ കണ്ടിട്ടുള്ളൂ. പക്ഷേ, ഈ കവിയെ ഞാൻ എന്നേ ഹൃദയത്തിൽ പ്രതിഷ്ഠിച്ചതാണ്! അതുകൊണ്ടുതന്നെ നേർക്കുനേരെ കാണുന്നത് ഒരു ആവശ്യമോ ആവേശമോ ആയി തോന്നിയില്ല.

നമുക്ക് കവികൾ ഒരുപാടുണ്ട്. പക്ഷേ, ഇതുപോലൊരു കവി ഒന്നേയുള്ളൂ. ഏതൊരു കവിക്കും ആത്മനിർവൃതി ലഭിക്കുന്നത് കവിതയെഴുതുമ്പോഴാണ്. അതുപോലും ത്യജിച്ചാണ് സുഗതകുമാരി പ്രകൃതിയെ നശിപ്പിക്കുന്നതിനെതിരെ സജീവമായി ഇടപെടാൻ ഇറങ്ങിത്തിരിച്ചത്. അതിലൊരു നിസ്വാർഥതയുണ്ട്. ഭാവിതലമുറയെക്കുറിച്ചുള്ള കരുതലുണ്ട്. മൊത്തം മനുഷ്യരാശിയോടുള്ള അപാരമായ സ്നേഹമുണ്ട്. നദികളെ വീണ്ടെടുക്കാനും പ്രകൃതിയുടെ പച്ചപ്പ് തിരിച്ചുപിടിക്കാനും കഴിയും എന്ന് സുഗതകുമാരി തെളിയിച്ചു. ആ തെളിവാണ് 'കൃഷ്ണവനം'. തീർത്തും വ്യത്യസ്തമായ വഴിയേ സഞ്ചരിച്ച സുഗതകുമാരിയെ പിൻപറ്റാൻ നിർഭാഗ്യവശാൽ വേറൊരു എഴുത്തുകാരനോ എഴുത്തുകാരിയോ ഇല്ല. പലരും പ്രസ്താവനകളിറക്കുകയോ ഒപ്പുശേഖരണം നടത്തുകയോ ചെയ്യാറുണ്ട്. പക്ഷേ, സമരമുഖത്ത് നിലയുറപ്പിക്കാൻ ആരും തയ്യാറല്ല. അവിടെയാണ് സുഗതകുമാരിയുടെ പ്രസക്തി.

നമ്മൾ മലയാളികളിൽ ചിലരെങ്കിലും സുഗതകുമാരിയോട് ഒരു നന്ദികേട് കാണിച്ചിട്ടുണ്ട്. ജനിച്ചുജീവിച്ചുപോന്ന സാംസ്കാരികഭൂമികയുടെ സവിശേഷധാരകൾ ഈ കവിയുടെ കൃതികളിലോ പ്രസംഗങ്ങളിലോ നിഴലിക്കുമ്പോൾ അതിനെ ഹിന്ദുത്വമനോഭാവമായി വ്യാഖ്യാനിച്ചു. കവിതയുടെ ഉറവവറ്റിയതുകൊണ്ട് സാമൂഹ്യപ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ച ഒരാളുമല്ല സുഗതകുമാരി. പിൽക്കാല കവിതകൾ അത് തെളിയിച്ചിട്ടുണ്ട്. ആ കവിതകളൊക്കെയും സാമൂഹ്യപ്രവർത്തനത്തിന്റെ മറുപുറമായിരുന്നു. സ്ത്രീയെ പ്രകൃതിയായിത്തന്നെയാണ് ഈ കവി കണ്ടത്. സ്ത്രീക്ക് മുറിപ്പെടുമ്പോൾ പ്രകൃതിയാണ് മുറിപ്പെടുന്നത് എന്ന ഉറച്ച കാഴ്ചപ്പാടായിരുന്നു ഈ കവിയുടേത്. അതുകൊണ്ട് സ്ത്രീ പീഡിപ്പിക്കപ്പെടുമ്പോഴും പ്രകൃതി ചൂഷണം ചെയ്യപ്പെടുമ്പോഴും സുഗതകുമാരിയിലെ കവി സടകുടഞ്ഞെഴുന്നേൽക്കും. സുഗതക്കവിതകളെ കാല്പനികതയുടെ കള്ളിയിലൊതുക്കാനും ഒരു ശ്രമമുണ്ട്. അവ വെറും കാല്പനികകവിതകളല്ലതന്നെ. ജീവിതത്തിന്റെ വേവും ചൂരും ഒപ്പിയെടുത്ത കവിതകളാണ്. ഏതൊരു കവിയുടെയും മനസ്സിൽ കാല്പനികതയുടെ നനവുണ്ടാകണം. എന്തെന്നാൽ കാല്പനികതയുള്ള മനസ്സിലേ നന്മയ്ക്ക് വേരോട്ടമുണ്ടാവുകയുള്ളൂ. സമൂഹത്തിലെ ദുഷ്പ്രവണതയ്ക്കെതിരെ പ്രതികരിക്കാനുള്ള സന്നദ്ധതയുണ്ടാവുകയുള്ളൂ. ഏതു നിലയ്ക്കുനോക്കിയാലും സുഗതകുമാരി എക്കാലത്തെയും മികച്ച കവിപ്രതിഭകളിൽ ഒരാളാണ്. ഈ കവിയുടെ മരണത്തോടെ ഒരു തലമുറ അസ്തമിച്ചു കഴിഞ്ഞു!



# വല്യേച്ചി തന്ന വാഴത്തേൻ

വി എം ഗിരിജ

വാഴത്തേൻ[1] നുണയ്ക്കാത്ത വികൃതികൾ
ആരാനും ഉണ്ടെങ്കിൽ കഷ്ടമാണെ.

കുന്നിക്കുരുവെന്ന കുഞ്ഞിപ്പെണ്ണിന്റെ
കണ്ണിൽ നിറയെ കരിയെഴുതീതും
അന്തസ്സുള്ള കുറിഞ്ഞിപ്പൂച്ചക്ക്
പൂങ്കുല പോലൊരു വാല് വന്നതും
പപ്പടം കൂട്ടിയും ഉപ്പേരി വെച്ചും,
ഉണ്ണിക്ക് വെണ്ണയുരുള കൊടുത്തതും
ചെമ്പകപ്പോട്ടിലെ അഞ്ചു തത്തക്കുഞ്ഞു
മൊന്നൊന്നായ് മാനത്തു പാറിപ്പറന്നതും
'നീലിച്ച പൊട്ടുള്ള പാവാട ചുറ്റിയ
ചെലേഴും പൂമ്പാറ്റക്കുഞ്ഞു' വരുന്നതും
ഉണ്ണിക്കൈ കൊണ്ടൊരു തയ്യു നടുന്നതും
[2]കണ്ണില്ലാപ്പൈതൽ കടൽ കാണാൻ പോയതും

എല്ലാം ഇവിടുണ്ട്, കൊച്ചു കിടാങ്ങളേ,
ഇല്ലാതെയായില്ല, ഇല്ലാതെയാവില്ല
കാട്ടുതളിർ തോറും നിങ്ങൾക്ക് നാൾ തോറും
പാട്ടെഴുതിത്തന്ന കൂട്ടാളി വല്യേച്ചി.



വര: ഗോപു പട്ടിത്തറ

*(1 സുഗതകുമാരിയുടെ വാഴത്തേൻ എന്ന ബാലകവിതാസമാഹാരത്തിലെ കവിതകൾ ആണ് മിക്കവാറും വരികളിൽ കടന്നുവരുന്നത്.*
*2 ദേവദാസി എന്ന സമാഹാരത്തിലെ കവിത.)*

# ജീവിച്ചിരിക്കുമ്പോൾ പറയേണ്ടിയിരുന്നത്

എസ് ശാന്തി



*'തണുത്ത പൂന്തണൽ വീശി*
*പടർന്നു ചൂഴ്ന്നു നിൽക്കുന്ന*
*മരത്തിന്റെ തിരുമുടി*
*ക്കിത തൊഴുന്നേൻ'*
സുഗതകുമാരി ടീച്ചർ മധുരമായി പാടി.

**1982.** ഞങ്ങൾ കുറച്ചുപേർ പയ്യന്നൂരിലെ സീക് (SEEK) എന്ന കൂട്ടായ്മയുടെ ഒരു പരിസ്ഥിതിസമ്മേളനത്തിന് പോവുകയാണ്. വിഷ്ണുനാരായണൻ നമ്പൂതിരിയും മറ്റു ചില പ്രകൃതിസ്നേഹികളും ഒക്കെയുണ്ട് തീവണ്ടിയിൽ. എല്ലാവരുടെയും മനസ്സിൽ, ടീച്ചറുടെ വാക്കുകളിൽ പറഞ്ഞാൽ, സമാന ഹൃദയങ്ങളുടെ ഒരുമയും ആഴത്തിൽ പങ്കിടുന്ന മൂല്യങ്ങളുടെയും ആശയങ്ങളുടെയും ശക്തിയും ആഹ്ലാദവും...

ടീച്ചർ ഓരോ കവിതയായി പാടി. പാടും തോറും ആ ശബ്ദവും വ്യക്തിത്വവും മധുരവും ആർദ്രവും ആവുന്നുണ്ടായിരുന്നു. പി കുഞ്ഞിരാമൻ നായരുടെ 'പൂമൊട്ടിന്റെ കണി'യും വൈലോപ്പിള്ളിയുടെയും ഇടശ്ശേരിയുടെയും ഗംഭീരകവിതകളും സ്വന്തം കവിതകളും എല്ലാം ടീച്ചർ ചൊല്ലി. ഈ നാടിന്റെ പ്രകൃതിസമ്പന്നതയും ശാന്തതയും കാണെക്കാണെ അപ്രത്യക്ഷമാവുന്നതിന്റെ ആകാംക്ഷയും വ്യസനവും എല്ലാം ഞങ്ങളുടെ ഹൃദയങ്ങളിൽ ചേക്കേറി.

മനുഷ്യന്റെ പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾ ഭൂമിയുടെ നന്മയെ മുഴുവൻ നശിപ്പിക്കുന്നത് തടയണം എന്ന ചിന്ത ലോകത്താകമാനം മനുഷ്യമനസ്സാക്ഷിയെ ഉണർത്തുന്ന കാലമായിരുന്നു 1980-90 കാലഘട്ടം. കേരളത്തിലും സൈലന്റ് വാലി മഴക്കാടുകളുടെ നാശത്തിനെതിരെയും ഗ്വാളിയോർ റയോൺസ് വ്യവസായശാല ചാലിയാറിനെ മാരകമായി മലിനമാക്കുന്നതിനെ തിരെയും ഒക്കെ ജനങ്ങൾ പ്രതികരിക്കാൻ തുടങ്ങുകയായിരുന്നു. വികസനത്തിന് ഏറ്റവും ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള ഒരു അണക്കെട്ടിനെ ഒരു തുണ്ടു കാടിനും വന്യജീവികൾക്കും വേണ്ടി ഉപേക്ഷിക്കുക എന്നത് എഞ്ചിനീയർമാർക്കും രാഷ്ട്രീയ നേതാക്കൾക്കും ബഹുഭൂരിപക്ഷം ജനങ്ങൾക്കും മനസ്സിലാക്കാനോ അംഗീകരിക്കാനോ അന്ന് കഴിയില്ലായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തെ രണ്ടു ദശകങ്ങളും ആഗോളതലത്തിൽ തന്നെ ഹരിതചിന്തയുടെയും മനുഷ്യൻ എന്ന ജീവജാതി എങ്ങനെ ഈ ഉലകിൽ ജീവിക്കണം എന്ന ആഴമേറിയ അന്വേഷണങ്ങളുടെയും കാലമായിരുന്നു. കേരളത്തിലും ഈ അന്വേഷണങ്ങളുടെയൊക്കെ ചുക്കാൻ പിടിക്കാനും കൂടുതൽ പേരുടെ മനസ്സിലേക്ക് ഈ ചിന്ത എത്തിക്കാനും ടീച്ചർ ജാഗരൂകയായി ഉണ്ടായിരുന്നു.

സൈലന്റ് വാലി കാടുകളുടെ സംരക്ഷണത്തിനായുള്ള സമരകാലം. ജീവന്റെ നിലനില്പിന് ഏറ്റവും ആവശ്യമായ മഴക്കാടുകളുടെ മൂല്യവും പരിസ്ഥിതി സേവനങ്ങളും ശാസ്ത്രസാങ്കേതിക വികസനം നൽകുന്ന ഏതൊരു സമ്പന്നതയെക്കാളും പ്രധാനമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ അക്കാലത്തു പ്രയാസമായിരുന്നു. നമ്മൾ വികസനമെന്ന മായികസ്വപ്നത്തിൽ

അത്രയ്ക്ക് മയങ്ങിപ്പോകുന്ന കാലമായിരുന്നു. അതുകൊണ്ടു തന്നെ ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ, സൗന്ദര്യബോധത്തെയും ശാസ്ത്രീയ അവബോധത്തെയും ഉണർത്തുക എന്നതേ വഴിയുണ്ടായിരുന്നുള്ളു.

ഈ ഉണർത്തുപാട്ട് ടീച്ചർ ഉൾപ്പെടെയുള്ള കവികളും സാഹിത്യകാരന്മാരും ആണ് ആലപിച്ചത്.

ഒ എൻ വിയുടെ 'ഭൂമിക്കൊരു ചരമഗീതം', കടമ്മനിട്ടയുടെ 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്', അയ്യപ്പപ്പണിക്കരുടെ 'കാടെവിടെ മക്കളെ', വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'യുഗളപ്രസാദൻ', ഡി വിനയചന്ദ്രന്റെ 'കാടിന് ഞാൻ എന്ത് പേരിടും' സുഗതകുമാരിയുടെ 'മരത്തിനു സ്തുതി', 'കുറിഞ്ഞിപ്പൂക്കൾ', 'കാടും കടലും' എന്നിങ്ങനെ, നിറഞ്ഞു കവിയുന്ന വേദികളിൽ ജനങ്ങൾ അക്കാലത്തു ഹൃദയത്തിൽ ഏറ്റുവാങ്ങിയ ഹരിതകവിതകൾ നിരവധിയാണ്. കാടുകളുടെ അമൂല്യതയെക്കുറിച്ചുള്ള ശാസ്ത്രീയ വിവരണങ്ങളെക്കാളും ചിത്രങ്ങളെക്കാളും ജനങ്ങളുടെ മനസ്സിൽ പാരിസ്ഥിതിക അവബോധവും പ്രതിബദ്ധതയും ഉണ്ടാക്കിയത് കവിയരങ്ങുകൾ ആയിരുന്നു. ഈ അരങ്ങുകൾ സംഘടിപ്പിക്കാനും എല്ലാവരെയും ഒന്നിച്ചു കൊണ്ടുവരാനും ഏറ്റവും യത്നിച്ചതു ടീച്ചർ തന്നെയായിരുന്നു.

കവികൾ കവിത രചിച്ചാൽ മാത്രം പോരേ, കവിത കവിതയ്ക്കു വേണ്ടി മാത്രമായാൽ അല്ലേ കവിതയുടെ നിർമലത നിലനിൽക്കൂ, കവികൾ ആക്റ്റിവിസ്റ്റുകൾ ആവണോ എന്നൊക്കെ പല കവികളുടെയും മനസ്സിൽ ചോദ്യങ്ങൾ ഉണ്ടായിരുന്നു. ഭൂമിയിലെ ജീവന്റെ നിലനില്പ് അപകടത്തിലാവുന്ന ആപൽഘട്ടങ്ങളിൽ ലോകസമാധാനത്തിനും സാമൂഹികനീതിക്കും പ്രകൃതിസംരക്ഷണത്തിനും വേണ്ടി ശബ്ദമുയർത്താൻ മറ്റാരേക്കാളും കവികൾക്ക് ചുമതലയുണ്ട് എന്ന് സ്വന്തം ജീവിതത്തിലൂടെ ടീച്ചർ അന്നും പിന്നീടും എന്നും തെളിയിച്ചു കൊണ്ടേയിരുന്നു.

ടീച്ചറുടെ കവിതകൾ തന്നെയായിരുന്നു പ്രകൃതിസഹവാസ ക്യാമ്പുകളിലും സമ്മേളനങ്ങളിലും എല്ലാവരും പാടിയിരുന്നത്. ഒരുപാടു പേർക്ക് ആഹാരത്തെക്കാൾ ചിലപ്പോൾ വേണ്ടത് കവിതയോ കഥയോ



ആയിരിക്കും. ടീച്ചർ അക്കാലത്ത് ഒട്ടനവധി ഹരിതകവിതകൾ എഴുതി. ഒന്നാനാം കുന്നിലെ പൊന്നാലിൻ കൊമ്പത്തു കൂടുകൂട്ടിയ കുഞ്ഞിക്കിളിയുടെ പൊരുന്നുപാട്ടും നെറ്റിയിൽ ചന്ദനം തൊട്ടു ചമഞ്ഞ ഒന്നാനാം കുന്നിലെ കാട് മുഴുവൻ വെട്ടി തീയിട്ട്, വെണ്ണിലാച്ചോല വറ്റിപ്പോവുന്നതും നമ്മുടെ ഹൃദയത്തിലെ പാട്ടുകളെല്ലാം തേങ്ങലായി മാറുന്നതും ടീച്ചർ കവിതയിലൂടെയാണ് കുട്ടികളെ പഠിപ്പിച്ചിരുന്നത്. അക്കാലത്തു ജവഹർ ബാലഭവന്റെ ചുമതല വഹിച്ചിരുന്ന ടീച്ചർ അവിടെ വരുന്ന കുട്ടികൾക്ക് പരിരക്ഷണ മൂല്യങ്ങളും ആദർശവും ചൊല്ലിക്കൊടുത്തിരുന്ന കവിതകൾ എല്ലാം പിൽക്കാലത്തു കേരളത്തിലെ പരിസ്ഥിതി വിദ്യാഭ്യാസരംഗത്ത് അധ്യാപകർ ഏറ്റുചൊല്ലി.

കേരളത്തിലെ പരിസ്ഥിതിരംഗത്ത് സുഗതകുമാരി എന്ന ആയുധമേന്താത്ത ഹരിതസമാധാന പോരാളിയുടെ സാന്നിധ്യമില്ലാത്ത ഒരു സമരവും പ്രവർത്തനവും ഇല്ല എന്ന് ഉറപ്പിച്ചു പറയാം. സൈലന്റ് വാലി വനങ്ങൾ ദേശീയോദ്യാനമായി സംരക്ഷിക്കപ്പെട്ടതിന്റെ ആഹ്ലാദം കെട്ടടങ്ങുന്നതിനു മുൻപേ തന്നെ മൂച്ചിക്കുണ്ടിലെയും പൂയാംകുട്ടിയിലെയും വാഴച്ചാലിലെയും അഗസ്ത്യമലകളിലെയും ഒക്കെ കാടുകളെ അണക്കെട്ടും ഏകവിളത്തോട്ടങ്ങളായി മാറ്റാനുള്ള തെളിക്കലും തിരഞ്ഞുവെട്ടും സംഘടിത വനംകയ്യേറ്റവും മുച്ചൂടും നശിപ്പിക്കുകയാണെന്ന

അറിവ് ടീച്ചറെ വീണ്ടും സമര രംഗത്തേക്കിറക്കി. കോടതിയിൽ കേസ് കൊടുക്കാനുള്ള പരിശ്രമവും തീരുമാനങ്ങൾ എടുക്കുന്നവരെ സ്വാധീനിക്കുവാനുള്ള പൊതുജനാഭിപ്രായം ഉണ്ടാക്കാനുള്ള ലേഖനങ്ങൾ എഴുതലും ഒപ്പുശേഖരണവും ചർച്ചകളും എല്ലാം ടീച്ചർ സ്വന്തം ജീവിതദൗത്യമാക്കി. കാടുകളുടെ നശീകരണം ടീച്ചറെ എന്നും അലട്ടി. ഒപ്പം അനിയന്ത്രിതമായി വികസിക്കുന്ന നഗരങ്ങൾക്കായും നിർമിതികൾക്കായുമുള്ള പാറ ഖനനവും പുഴമണൽ വാരലും അവസാനത്തെ പച്ചത്തുരുത്തുകളുടെ നാശവും തടയാനുള്ള പ്രവർത്തനങ്ങളും ടീച്ചർക്ക് ഏറ്റെടുക്കേണ്ടി വന്നു.

ഭൂമിയെ മാരകമായി മലിനമാക്കുന്ന കീടനാശിനികളുടെ ഉപയോഗം തലമുറകളിലേക്കു നീളുന്ന ദുരന്തങ്ങൾ സൃഷ്ടിക്കുന്നതും ഖരമാലിന്യങ്ങൾ കുന്നുകൂടി ജീവിതം ദുസ്സഹമാവുന്നതും നിയന്ത്രിക്കാൻ നടക്കുന്ന സമരങ്ങൾക്കെല്ലാം ശക്തിയും ആജ്ഞാശക്തിയും നൽകാൻ ടീച്ചർ എന്നുമുണ്ടായിരുന്നു. എല്ലാവരും പറയുന്ന ഒരു കാര്യം ടീച്ചർ എല്ലാവർക്കും എല്ലാ സമരത്തിനും നൽകിയ പ്രോത്സാഹനത്തെപ്പറ്റിയാണ്. നഗരത്തിലെ മരങ്ങളെ രക്ഷിക്കാൻ അധികൃതരുടെ ധാർഷ്ട്യത്തിന്റെ മുൻപിലും ടീച്ചർ കുലുങ്ങിയില്ല. ഏത് അർധരാത്രിയിലും ഒരു ഫോൺ കാൾ മതി ടീച്ചർ സംഭവസ്ഥലത്തെത്തിയിട്ടുണ്ടാവും. അറിയിക്കേണ്ടവരെ എല്ലാം അറിയിച്ചിട്ടുണ്ടാവും. എത്ര എതിർപ്പോ വിയോജിപ്പോ ഉണ്ടായാലും ശരി, ഏതു രാഷ്ട്രീയപ്പാർട്ടിക്കാരായാലും ശരി, ടീച്ചർ പറയുന്നത് അവർക്കു കേൾക്കാതിരിക്കാൻ ആവില്ല എന്ന സ്ഥിതി വന്നിരുന്നു. ടീച്ചറിന്റെ നിശ്ചയദാർഢ്യം കൊണ്ട് മാത്രം ഇന്നും 'തണുത്ത തണൽ വീശി, വസന്തത്തിന്റെ പൂക്കൾക്ക് വിരിയാനും കിളികൾക്കു ചേക്കേറാനും' എത്രയെത്ര തണൽമരങ്ങളാണ് ഈ നഗരത്തിൽ ജീവനോടെ ബാക്കി നിൽക്കുന്നത്!

പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിയുടെ മലിനീകരണം കാരണം കുടിവെള്ളവും കൃഷിയും നശിപ്പിക്കപ്പെട്ട ആദിവാസികളുടെ കൂടെയും കാസർഗോട്ടെ എൻഡോസൾഫാൻ ദുരിതത്തിലാക്കിയ കുടുംബങ്ങൾക്ക് ആശ്വാസം പകർന്നും ടീച്ചർ ഉണ്ടായിരുന്നു. ടീച്ചർ ഏറ്റെടുത്തു ജയിച്ച സമരങ്ങളിൽ ഒന്ന് സ്വന്തം ജന്മനാടായ ആറന്മുളയിലെ നെൽപ്പാടങ്ങളെയും പാരിസ്ഥിതിക ഭദ്രതയെയും നശിപ്പിക്കുമായിരുന്ന വിമാനത്താവളത്തിനെതിരെയുള്ള ജനകീയ മുന്നേറ്റമാണ്.

'തോൽക്കുന്ന യുദ്ധങ്ങളിലെ പോരാളികളാണ് മൂഢാത്മാക്കളായ പ്രകൃതിസ്നേഹികൾ' എന്നൊക്കെ വ്യസനത്തിന്റെ മൂർദ്ധന്യത്തിൽ ടീച്ചർ വിലപിക്കുമായിരുന്നെങ്കിലും വാസ്തവത്തിൽ പ്രകൃതിസംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾക്കു തോൽവിയോ ജയമോ ഒന്നും ഇല്ലെന്ന് ടീച്ചർക്ക് തീർച്ചയായും അറിയുമായിരുന്നിരിക്കണം. ഓരോ ജയവും പരാജയവും കൂടുതൽ സമരങ്ങൾ ഏറ്റെടുക്കാൻ നമുക്ക് ശക്തി തരുന്ന അനുഭവങ്ങൾ ആണെന്നും ടീച്ചർ ജീവിതം കൊണ്ട് തെളിയിച്ചു.

സുഗതകുമാരിക്ക് ഒടുവിലൊടുവിൽ ഏറ്റവും സംതൃപ്തി കിട്ടിയിരുന്നത് തീർച്ചയായും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഇറക്കുന്ന തളിര് മാസികയുടെ ചീഫ് എഡിറ്റർ പണിയിൽ നിന്ന് തന്നെ ആയിരുന്നു. തളിര് മാസികയുടെ ഓരോ 'മുൻമൊഴി'യും കുട്ടികളോട് നേരിട്ട് സംവദിക്കുന്ന ഗുണദോഷങ്ങളാണ്. ഇന്നത്തെ കുട്ടികൾക്ക് ഇതൊന്നും മനസ്സിലാവില്ല എന്ന തെറ്റിദ്ധാരണയാൽ, അധികമാരും ഇക്കാലത്തു പറഞ്ഞു കൊടുക്കാത്ത ആഴമേറിയ നേർവഴി കാണിക്കലാണവ ഓരോന്നും. എന്നെ സ്പർശിച്ച, ഞാൻ ഒരുപാടു കുട്ടികൾക്ക് പറഞ്ഞു കൊടുക്കുന്ന ഒരു കഥയെക്കുറിച്ചു മാത്രം ഞാൻ ഇവിടെ കുറിക്കട്ടെ. 'ഭാഷ' എന്ന പേരിൽ ടീച്ചർ കുട്ടികളോട് പറഞ്ഞ ആ പഴയ കഥ (2020 ഒക്ടോബർ ലക്കം) നമ്മുടെ ഭാഷ മാന്യതയുടെയും മര്യാദയുടെയും വിനയത്തിന്റെയും ലക്ഷണമായിരിക്കണം എന്ന സന്ദേശമാണ് തരുന്നത്.

ടീച്ചറിനെ ഓർക്കുമ്പോൾ എന്റെ മനസ്സ് നിറയെ സ്നേഹവും സങ്കടവും നിറഞ്ഞതുമായ സമ്മിശ്രവികാരങ്ങളാണ്. ആരെയും നോവിക്കാതെ സ്നേഹത്തോടെ ജീവിക്കാൻ എന്ത് വിലയും കൊടുക്കണം

മനുഷ്യർ എന്ന ശാഠ്യമുണ്ടായിരുന്നു ടീച്ചർക്ക്. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾക്കപ്പുറം സ്ത്രീകളുടെയും പെൺകുട്ടികളുടെയും വേദനകൾ ഏറ്റെടുക്കാൻ ടീച്ചറെ പ്രേരിപ്പിച്ചത് ഈ ശാഠ്യമായിരിക്കണം.

പരിഹരിക്കാൻ ആവാത്ത സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ട് ആരോഗ്യവും മനസ്സമാധാനവും കളയുകയാണ് ടീച്ചർ എന്ന് പല സുഹൃത്തുക്കൾക്കും അഭിപ്രായമുണ്ടായിരുന്നു. പക്ഷേ ടീച്ചർ ഖിന്നയും ദു:ഖിതയും ആവുമ്പോളൊക്കെ വന്യപ്രകൃതിയുടെ സാന്ത്വനത്തിൽ നിന്നാണ് ശക്തി നേടിയിരുന്നത്. ടീച്ചറുടെ വാക്കുകളിൽ 'ഇപ്പച്ചയാം തുരുമ്പിന്മേൽ പിടിച്ചു ഞാൻ ദു:ഖക്കടൽ കടക്കുന്നു...'

എത്ര തന്നെ കലഹിച്ചാലും എത്ര വലിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായാലും നമുക്ക് പൊതുവായ കാര്യങ്ങൾക്കായി എല്ലാം മറന്നും പൊറുത്തും ഒന്നിക്കാമെന്ന ഏറ്റവും ലളിതമായ സത്യമാണ് പ്രകൃതിസംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ ടീച്ചർ പഠിപ്പിച്ച ഏറ്റവും വലിയ പാഠം.

പരിസ്ഥിതിയുടെ പരിരക്ഷയ്ക്കായുള്ള യത്നത്തിൽ നമുക്ക് ശത്രുക്കൾ ഇല്ലെന്നും ഏറ്റവും വലിയ ശത്രു നമ്മുടെ ഉള്ളിൽ തന്നെയുള്ള ദുരയും അഹങ്കാരവും ആണെന്നും ടീച്ചറിന് അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണ് അഭിനന്ദനങ്ങൾക്കും ആരാധനയ്ക്കും ഒപ്പം വന്ന അവഹേളനങ്ങളും ആരോപണങ്ങളും ടീച്ചറെ ഒട്ടും തളർത്താതിരുന്നത്.

ടീച്ചർ നമുക്കൊപ്പം ഇല്ല എന്ന സത്യം സ്വീകരിക്കാൻ നമ്മുടെ മനസ്സുകൾക്ക് ഒരുപാട് സമയം വേണ്ടി വരും. ടീച്ചർ ഏറ്റെടുത്ത ഒട്ടേറെ പ്രശ്നങ്ങളും സമരങ്ങളും മുന്നോട്ടു കൊണ്ടുപോവാൻ ആരുണ്ട് എന്ന ചോദ്യത്തിന് ഉത്തരമില്ല. പക്ഷേ ടീച്ചറിന്റെ ജീവിതത്തിൽ നിന്ന് പാഠമുൾക്കൊണ്ട് കാലത്തിനൊത്തുയരാൻ ഒരു തലമുറ വളർന്നു വരും എന്ന് വിശ്വസിച്ചേ മതിയാവൂ...

ടീച്ചറിന്റെ ആത്മാവ് ശാന്തിയിലാവുക മൃദുലമായ് പെയ്യും മഴയിലും പാലൂറി വിളയും നെൽവയലുകളിലെ തുമ്പിച്ചിറകുകളിലും മഴക്കാടുകളുടെ കുളിരാർന്ന ഹൃദയത്തിൽ നിന്ന് ഒഴുകി വരുന്ന ഒരായിരം നീർച്ചാട്ടങ്ങളിലും തന്നെ ആയിരിക്കും.

സായംസന്ധ്യയുടെ ശാന്തതയിലും പുൽമേട്ടിൽ നിന്ന് പറന്നുയർന്ന വാനമ്പാടിയുടെ പാട്ടിലും തീർച്ചയായും ടീച്ചറിന്റെ നിനവ് നമുക്കറിയാനാവും.

എങ്കിലും ജീവിച്ചിരിക്കുമ്പോൾ ആണ് ഞാൻ ഇതൊക്കെ ടീച്ചറോട് പറയേണ്ടിയിരുന്നത് എന്ന വിചാരം എന്നെ വ്യസനിപ്പിക്കുന്നു...



## നോവിക്കല്ലേ

**മഞ്ഞുതുള്ളി നെറുകയിൽ ചൂടി**
**കുഞ്ഞു പൂവൊന്നു മുറ്റത്തു വന്നു**
**പിച്ചവയ്ക്കുന്ന പിഞ്ചുകുഞ്ഞപ്പോൾ**
**കൊച്ചുപൂവിനെ നോക്കിച്ചിരിച്ചു**
**ഉണ്ണിക്കൈകൊണ്ടു മെല്ലെത്തലോടി**
**ഉമ്മവെച്ചിതാപ്പൂവിന്റെ കണ്ണിൽ**
**പിച്ചിടല്ലേ പറിച്ചെടുക്കല്ലേ**
**കൊച്ചുപൂവിനെ നോവിച്ചിടല്ലേ.**

# സുഗതച്ചേച്ചി– കവിതയും കരുണയും

ആത്മാരാമൻ



അമ്പതുകൊല്ലം മുമ്പത്തെ കാര്യമാണ്. അന്നെനിക്കു പന്ത്രണ്ടു വയസ്സ്. സുഗതച്ചേച്ചി ദില്ലിയിൽ നിന്ന് തിരുവനന്തപുരത്തെത്തി ജവഹർ ബാലഭവനിൽ ചേർന്ന കാലം.

ഞാൻ കേകയിൽ ഒന്നരപേജു നീളം വരുന്ന ഒരു കവിതയെഴുതി ആൾക്ക് കൊടുത്തയച്ചു. അച്ഛന്റെ കൈയിൽ. കവിതയിലെ സങ്കല്പനങ്ങളുടെ പുതുമ കണ്ട് കവി സന്തോഷിക്കുമെന്നും എന്നെ അഭിനന്ദിക്കുമെന്നുമാണ് ഞാൻ വിചാരിച്ചിരുന്നത്.

തിരുത്തിയ കവിതയും കവിതയേക്കാൾ നീണ്ട മറുപടിക്കത്തും അന്നു വൈകുന്നേരം തന്നെ കിട്ടി. ഇനിയും എഴുതണം. എഴുതിയെഴുതിത്തെളിയുക മാത്രമാണ് വഴി. കവിതയിലെ ഒറ്റയൊറ്റച്ചിത്രങ്ങൾക്ക് ഭംഗിയുണ്ടായാൽപ്പോരാ. ആകെപ്പാടെയുള്ള സംവിധാനത്തിൽ ശ്രദ്ധിക്കണം. കേക ഇങ്ങനെയെഴുതിയാൽ പറ്റില്ല. പഴമക്കാരായ കവികളെഴുതിയ കവിതകൾ നിരന്തരം വായിച്ചു ശീലിക്കണം. ഇങ്ങനെ പലതുമാണ് അതിൽ എഴുതിയിരുന്നത്.

സുഗതച്ചേച്ചിയുടെ വാക്കുകൾ തന്നെ ഉദ്ധരിക്കാം. ''ഏറ്റവും സാധാരണമായ ആശയങ്ങൾപോലും ശക്തമായും കെട്ടുറപ്പോടെയും അവതരിപ്പിക്കാൻ പഠിക്കണം. ഓരോ കവിതയ്ക്കും ഒരു difference ഉണ്ടായിരിക്കാൻ പ്രത്യേകം മനസ്സിരുത്തണം. ഒന്നിന്റെ ദുർബലമായ അനുകരണമോ ക്ഷീണമായ പ്രതിപാദനമോ ആയിരിക്കരുത് കവിതയുടെ അവസാനരൂപം.''

സമ്മാനങ്ങളും പ്രശംസയും മാത്രം വാങ്ങിശീലിച്ച എനിക്ക് എന്റെ അഹന്തയ്ക്ക് കിട്ടിയ ആദ്യത്തെ അടിയായിരുന്നു ആ എഴുത്ത്. എന്റെ പിൽക്കാലസാഹിത്യപരിശ്രമങ്ങളുടെയെല്ലാം അടിയാധാരമാണ് ആ എഴുത്ത്. ഭാഗ്യം, സുഗതച്ചേച്ചി പറഞ്ഞതെല്ലാം ഞാൻ ആദരപൂർവം അനുസരിച്ചു. വായനയിലും എഴുത്തിലും.

ഏറെ വൈകിയില്ല. ഞാൻ സുഗതച്ചേച്ചിയെ നേരിൽച്ചെന്നുകണ്ടു. ''ഏതു പുസ്തകമാണ് വായിക്കുന്നത്? നോക്കട്ടെ.'' 'ജയദേവകവിയുടെ' ഗീതാഗോവിന്ദത്തിന് ചങ്ങമ്പുഴയെഴുതിയ പരിഭാഷ– 'ദേവഗീത' യായിരുന്നു എന്റെ കൈയിൽ. ഞാൻ ഒരു സംശയവും കൂടാതെ അത് മുമ്പിലേക്കു നീക്കിവച്ചു കൊടുത്തു. അതുകണ്ട് ആൾക്ക് ദേഷ്യം വന്നിട്ടുണ്ടാകണം. എന്നെ അടുത്തേക്ക് വിളിച്ചുനിർത്തി, ശാസിച്ചു. ''വേറെയൊന്നും കണ്ടില്ലേ വായിക്കാൻ? ഇതൊക്കെയാണോ പന്ത്രണ്ടാം വയസ്സിൽ വായിക്കുന്നത്?'' എന്നിട്ട് ഒരു ഉപദേശവും കൂടി. ''ആശാന്റെയും വൈലോപ്പിള്ളിയുടെയും കവിതകൾ ശ്രദ്ധിച്ചു വായിക്കണം.'' എന്റെ മലയാള കവിതാ വായനയുടെ മുൻഗണനാക്രമം നിർണയിച്ചത് ആ കൂടിക്കാഴ്ചയാണ്.

എഴുതിത്തെളിയണമെന്ന് ഉപദേശിക്കുക മാത്രമല്ല. എന്നെക്കൊണ്ട് നിരന്തരം എഴുതിക്കുകയും ചെയ്തു. അന്നത്തെ 'തളിര്' ദ്വൈവാരികയായിരുന്നു. ഇപ്പോഴത്തേതിനേക്കാൾ വലിപ്പവുമുണ്ടായിരുന്നു. മേൽനോട്ടം സുഗതച്ചേച്ചിക്കു തന്നെ. കവിതകൾ, കാവ്യവിവർത്തനങ്ങൾ, ലേഖനങ്ങൾ എന്നിങ്ങനെ പലതുമെഴുതി ഞാൻ. സുഗതച്ചേച്ചിയുടെ തിരുത്തുകളോടെയാണ് എല്ലാം പ്രസിദ്ധീകരിച്ചുവന്നത്. സി രാജഗോപാലാചാരിയെക്കുറിച്ചെഴുതിയ ലേഖനത്തിൽ ഞാൻ 'ഗാന്ധ്യാശ്രമം' എന്ന് സമാസിച്ചെഴുതിയി

രുന്നു. അതുവേണ്ട, കുട്ടികൾ വിഗ്രഹിച്ചെഴുതിയാൽ മതിയെന്നായി സുഗതച്ചേച്ചി. ലേഖനങ്ങളിൽ കഠിന സംസ്കൃതപദങ്ങളെയൊന്നും അനുവദിക്കില്ല. ലളിതമലയാളപദങ്ങളെ മാത്രമേ സമ്മതിക്കൂ. 'തളിര്' കുട്ടികൾക്കു വായിക്കാനുള്ളതാണെന്ന് എപ്പോഴും ഓർമിപ്പിക്കുമായിരുന്നു.

ഒരു ഉദാഹരണം മാത്രം. ജെയിംസ് റസ്സൽ ലവലിന്റെ 'യൂസഫ്' എന്ന കവിതയ്ക്ക് ഞാൻ അനുഷ്ടുപ്പിൽ എഴുതിയ പരിഭാഷയിൽ സുഗതച്ചേച്ചിയുടെ തിരുത്തുകളിങ്ങനെ.

ദിനരാത്രങ്ങളാകുന്ന
മേൽവിതാനം പണിഞ്ഞതാർ...

*രാവും പകലുമാകുന്ന*
*മേൽക്കൂര പണിയുന്നതാർ...*
*****************************

യാത്രയ്ക്കു ശരിയായ് നിൽപ്പൂ
വേഗമേറുന്നൊരശ്വവും...

തയാറായ് കാത്തുനിൽക്കുന്നൂ
ത്വരയേറുന്നൊരശ്വവും...
*****************************

പുറപ്പെട്ടാൽ ഭവാന്നൊക്കെ-
ബ്ഭവിക്കട്ടേ ശുഭം തുലോം!

പുറപ്പെടാം നിനക്കെന്നും
വരട്ടേ മംഗളം സഖേ!
*************************

കണ്ണോടുന്ന വേഗത്തിലാണ് സുഗതച്ചേച്ചിയുടെ കയ്യോടുക. തിരുത്താൻ അത്ര കുറച്ചു സമയം മതി.

ഒരു 'തളിര്' വിശേഷാൽപ്രതിയിൽ വൈലോപ്പിള്ളി മാസ്റ്ററുടെ ഒരു കൊച്ചു കവിതയുണ്ടായിരുന്നു. അതിന്റെ തൊട്ടുപിന്നാലെയാണ് എന്റെ 'രണ്ടുകുട്ടികൾ' എന്ന കവിത സുഗതച്ചേച്ചി അച്ചടിച്ചത്. മറക്കവയ്യ ആ വിശേഷാൽ പ്രതി. ഈയിടെയും എന്നെക്കൊണ്ട് ആ കവിത ചൊല്ലിച്ചു. ആ കവിത അച്ചടിച്ച 'തളിര്' കാണണമെന്നായി പിന്നെ. എന്റെ അമ്മയുടെ ശേഖരത്തിൽ നിന്ന് ഞാൻ അതു തെരഞ്ഞുപിടിച്ച് കാട്ടിക്കൊടുത്തു.

ഒരു പണക്കാരൻ കുട്ടിയും ഒരു തെരുവുതെണ്ടിക്കുട്ടിയും; തളിരും പടുമുളയും. ഇവരുടെ പ്രഭാതങ്ങളാണ് കവിതയുടെ വിഷയം. കവിത അവസാനിക്കുന്നത് ഇങ്ങനെയാണ്-

തളിരുകളോട്

ഇവരുടെ ദുഃഖത്തീയിൽ നിങ്ങടെ
കണ്ണീർ വീഴട്ടേ!
അലകടലായിപ്പെരുകട്ടേ,
ഈ ലോകം മുങ്ങട്ടേ!

പടുമുളകളോട്

നിങ്ങളൊടെന്തോതട്ടേയി'ത്തളിർ'
വായിക്കാത്തോരേ!
അങ്ങകലത്തൊരു രാജ്യം-സ്വർഗം-
നിങ്ങൾക്കാണത്രേ!

കവിത നന്നായതുകൊണ്ടാണ് എന്നെക്കൊണ്ട് അതു പല തവണ ചൊല്ലിച്ചതെന്നാണ് ഞാൻ കരുതിയത്. കവിതയുടെ ശില്പഭംഗിയെയല്ല. അതിൽ തെളിഞ്ഞ കരുണയെയാണ് സുഗതച്ചേച്ചി വിലമതിച്ചതെന്നു മനസ്സിലായത് പിന്നെയാണ്.

കവിതയല്ല, കരുണയായിരുന്നു സുഗതച്ചേച്ചിയുടെ മനോമൂലകം.



**"ശവപുഷ്പങ്ങൾ! എനിക്കവ വേണ്ട. മരിച്ചവർക്ക് പൂക്കൾ വേണ്ട; ജീവിച്ചിരിക്കുമ്പോൾ ഇത്തിരി സ്നേഹം തരിക, അതുമാത്രം മതി."**



# 'ധന്യത'

ഡോ. ആർ ശ്രീലതാവർമ്മ

സുഗതകുമാരി ടീച്ചർ ഇപ്പോഴും നമുക്കിടയിലുണ്ട് എന്നു വിശ്വസിച്ച് ആശ്വാസം കൊള്ളാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു, ആ വിടവാങ്ങൽ അറിഞ്ഞതുമുതൽ. ടീച്ചറെ നേരിൽ കണ്ടത് വളരെ മുമ്പാണ്. അന്നു ഞാൻ ഒമ്പതാംക്ലാസിൽ പഠിക്കുന്നു. ടീച്ചറുടെ 'കാളിയമർദനം' എന്ന കവിത അന്ന് പഠിക്കാനുണ്ട്. 'കാളിയമർദ്ദനം' പഠിച്ച വേളയിൽ അതിലെ പല വാക്കുകളും വരികളും പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരനുഭൂതിയുണ്ടാക്കിയിരുന്നു. ആ അനുഭൂതിയെക്കുറിച്ച് വിശദീകരിക്കാൻ വേണ്ട ഭാവുകത്വമോ, സൗന്ദര്യശിക്ഷണമോ അന്നില്ല. അക്കൊല്ലം വേനലവധിക്ക് ഞാൻ തിരുവനന്തപുരത്തെ ജവഹർ ബാലഭവനിൽ വീണയും പെയിന്റിങ്ങും പഠിക്കാൻ ചേർന്നു. അന്ന് ടീച്ചറായിരുന്നു ബാലഭവന്റെ ഡയറക്ടർ. 'കാളിയമർദ്ദനം' എഴുതിയ കവിയെ എന്നും ഞാൻ അത്ഭുതങ്ങളോടെ നോക്കിനിൽക്കും. ക്ലാസുകൾ മുകളിലത്തെ നിലയിലാണ് അന്ന്. അവിടെ ഗോവണിപ്പടികൾക്കടുത്തു നിന്നു നോക്കിയാൽ ടീച്ചർ ഇരിക്കുന്ന മുറി കാണാം. ക്ലാസിന്റെ ഇടവേളകളിൽ ഞാൻ അവിടെയെത്തി ടീച്ചറെത്തന്നെ നോക്കിനിൽക്കും. അങ്ങനെ നോക്കിനിൽക്കാനല്ലാതെ അടുത്തുചെന്ന് ഒരുവാക്ക് മിണ്ടാൻ അന്ന് കഴിഞ്ഞിരുന്നില്ല. കുട്ടികളെ ടീച്ചർ സ്നേഹവാത്സല്യങ്ങളോടെ നോക്കുമായിരുന്നു. എങ്കിലും എങ്ങനെയാണ് അടുത്തുപോയി എന്തെങ്കിലും പറയുന്നത്? ടീച്ചറോട് മിണ്ടണം എന്ന ആഗ്രഹം അന്ന് നടക്കാതെ പോയി. അവധിക്കാലം കഴിഞ്ഞപ്പോൾ പത്താം ക്ലാസിന്റെ പഠനത്തിരക്കിൽ ബാലഭവനിലേക്കുള്ള എന്റെ പോക്കും നിലച്ചു. പിൽക്കാലത്ത് തിരുവനന്തപുരത്തുനിന്ന് ഞാൻ തൃശ്ശൂരെത്തി. തൃശ്ശൂരിൽ സ്ഥിരതാമസവുമായി. ടീച്ചറുടെ കവിതകളോടും പ്രവർത്തനങ്ങളോടുമുള്ള ഹൃദയബന്ധം തീവ്രതയോടെ തുടർന്നു. ആ കവിതകളിൽ പ്രപഞ്ചത്തോടാകെയുള്ള മഹിതമായ സ്നേഹം പൂത്തുലയുന്നത് വീണ്ടും വീണ്ടും അറിഞ്ഞു. സസ്യജാലങ്ങൾക്കും പക്ഷി മൃഗാദികൾക്കും മണ്ണിനും പെണ്ണിനും വേണ്ടി ഉഴിഞ്ഞുവച്ച ജീവിതവും കവിതയും. ടീച്ചറുടെ കവിതകളിലെ എത്രയെത്ര സന്ദർഭങ്ങളാണ് കണ്ണുനിറയിച്ചിട്ടുള്ളത്!

2011 ൽ സുഗതടീച്ചറെ നേരിൽക്കാണാനും ടീച്ചറോടൊത്ത് കുറച്ചുനേരം ചെലവഴിക്കാനും എനിക്ക് അവസരം കിട്ടി. മാവേലിക്കരയിൽ ഞങ്ങളുടെ തറവാടായ 'ശാരദാമന്ദിര'ത്തിൽ സുഗത ടീച്ചർ, കേരള പാണിനി എ ആർ രാജരാജവർമ്മ സ്മാരകപ്രഭാഷണം നടത്താൻ എത്തിയ സന്ദർഭത്തിലായിരുന്നു അത്. ടീച്ചറുടെ പ്രഭാഷണത്തിലുടനീളം മലയാളഭാഷയ്ക്കുവേണ്ടിയുള്ള കരുതലുകൾ നിറഞ്ഞുനിന്നു. അന്ന്, 'പ്രതിബിംബങ്ങൾ പറയാതിരിക്കുന്നത്' എന്ന എന്റെ സാഹിത്യപഠനകൃതി ടീച്ചർക്ക് നൽകാൻ കഴിഞ്ഞു, ആ പാദങ്ങൾ തൊട്ടു വന്ദിച്ചുകൊണ്ട്. എന്റെ ശിരസ്സിൽ കൈകൾ ചേർത്ത്, 'ഭഗവാൻ അനുഗ്രഹിക്കട്ടെ' എന്നു പറഞ്ഞു. ആ നിമിഷങ്ങൾ നൽകിയ ആഹ്ലാദവും ചാരിതാർഥ്യവും ഒരിക്കലും മാഞ്ഞു പോകുകയില്ല.

'ധന്യത' എന്നത് ടീച്ചറുടെ ഒരു കവിതയുടെ ശീർഷകമാണ്. എഴുതിയ കവിതകൾക്കപ്പുറം സ്വന്തം ജീവിതം കവിതയായി മാറിയതിന് നമുക്കു ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒരേ ഒരു മാതൃക സുഗതകുമാരി ടീച്ചറാണ്. ടീച്ചറുടെ കാവ്യജീവിതവും പൊതുപ്രവർത്തനവും നമുക്ക് പാഠശാലകളാണ്. അവയിൽ നിന്ന് നാമാഗ്രഹിക്കുന്ന കരുണയും സ്നേഹവും മറ്റെല്ലാ മഹിതഗുണങ്ങളും അളവറ്റതാണ്. അവയിൽ മുഴുകി ജീവിക്കുകയും അതിജീവിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ 'ധന്യത'.





# മലയാളകവിതയിലെ മാതൃസ്പർശം

ജ്യോതി കെ ജി

മലയാള കവിതയിലെ പ്രത്യാശയുടെ പ്രകാശമായിരുന്നു സുഗതകുമാരി. ചൂഷണത്തിനിരയാകുന്ന പ്രകൃതിക്കുവേണ്ടി, സ്ത്രീത്വത്തിനുവേണ്ടി, സാമൂഹിക രാഷ്ട്രീയ അനീതികൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിയ പെൺപോരാളി. നിരാലംബരുടെയും അഗതികളുടെയും അഭയം. കുഞ്ഞുങ്ങളുടെ പ്രിയപ്പെട്ട എഴുത്തമ്മ, മലയാളഭാഷയുടെ കരുത്തും കാവലാളും. വിശേഷണങ്ങൾ ഏറെയുണ്ട് മലയാള കാവ്യരംഗത്തെ അപൂർവതയായ പ്രിയ കവയിത്രിക്ക്.

മലയാളം എക്കാലവും ഹൃദയത്തോട് ചേർത്തുവയ്ക്കുന്ന നിരവധി കവിതകളാണ് സുഗതകുമാരിയുടെ കാവ്യാക്ഷരങ്ങളിലൂടെ പിറവിയെടുത്തത്. അതുവരെ മലയാളി അറിയാത്ത കാവ്യലോകത്തേക്ക് അനുഭൂതിയുടെ ഭാവതലങ്ങളിലൂടെ ടീച്ചറുടെ കവിതകൾ നമ്മെ കൂട്ടിക്കൊണ്ടുപോയി. കവിതയും ജീവിതവും വേർതിരിക്കാനാവാത്ത നദിപോലെ സുഗതകുമാരിടീച്ചറുടെ കാവ്യയാത്ര ശാന്തമായൊഴുകി.

മുത്തുച്ചിപ്പി എന്ന കവിതയിലൂടെ തുടങ്ങിയ കാവ്യജീവിതം. പാഠപുസ്തകത്തിലെ 'രാത്രിമഴ'യിലൂടെ മനസ്സിൽ പതിഞ്ഞ സുഗതകുമാരിക്കവിതകൾ പിന്നീട് മനുഷ്യത്വത്തിന്റെ, മാനവികതയുടെ അടയാളമായി മാറുകയായിരുന്നു. പ്രാർഥനയായിരുന്നു ടീച്ചറുടെ കവിതകൾ.

അന്ധകാരത്തെ ചെറുത്തുനിൽക്കുന്ന പ്രാർഥനാഗീതംപോലെ ആ വരികൾ നമുക്കിടയിൽ ജ്വലിച്ചു നിൽക്കുന്നു.

*"രാത്രിമഴ, ചുമ്മാതെ*
*കേണും ചിരിച്ചും*
*വിതുമ്പിയും നിർത്താതെ*
*പിറുപിറുത്തും നീണ്ട*
*മുടിയിട്ടുലച്ചും*
*കുനിഞ്ഞിരിക്കുന്നോരു*
*യുവതിയാം ഭ്രാന്തിയെപ്പോലെ."*

മലയാളകവിതയിലെ ജാഗ്രതയുടെയും മുന്നറിയിപ്പിന്റെയും അടയാളമായി മാറുന്ന വരികൾ. രോഗാതുരവും മൃതിയും ഉൾച്ചേർന്ന് ഭ്രാന്തിയായ യുവതിയുടെ ചിലമ്പൽ പോൽ പെയ്തിറങ്ങുന്ന രാത്രിമഴ. മഴയുടെ ഭാവങ്ങളെ തീവ്രമായി അനുഭവിപ്പിക്കുന്ന വരികൾ.

പ്രണയത്തിന്റെയും രതിയുടെയും ഉന്മാദം പുരണ്ട വാക്കുകൾകൊണ്ട് വ്യത്യസ്തമായ കൃഷ്ണ-രാധ പ്രണയത്തെ മലയാളിക്ക് പരിചയപ്പെടുത്തിയ കൃഷ്ണക്കവിതകൾ. ഗജേന്ദ്ര മോക്ഷം, കാളിയമർദ്ദനം, കൃഷ്ണ നീയെന്നെയറിയില്ല, ശ്യാമരാധ, രാധയെവിടെ, ഒരു വൃന്ദാവന രംഗം, മറ്റൊരു രാധിക എന്നീ കവിതകളിൽ അനുരാഗിയായും ധീരനായ തേരാളിയായും മോചനത്തിന്റെ വാഗ്ദാനമായും കൃഷ്ണസങ്കല്പത്തിലെ ഒരു മിത്ത് വരികളിലൂടെ വായനക്കാരുമായി സംവദിക്കുന്നു. കൃഷ്ണനെ മുൻനിർത്തിയെഴുതിയ പ്രണയഭാവത്തിലും വിരഹവും വേദനയും നഷ്ടബോധവും കൃഷ്ണനോടുള്ള തുറന്നു പറച്ചിലുമായിട്ടാണ് കവിത

കുറിച്ചിരിക്കുന്നത്.

*'കുനിഞ്ഞതില്ല പത്തികൾ കണ്ണാ*
*കുലുങ്ങിയില്ലീ കരളിന്നും'*

എന്ന കാളിയമർദ്ദനത്തിലെ ഈ വരികളിൽ പെൺമനസ്സിന്റെ വേദനയും കൃഷ്ണനോടുള്ള തുറന്നു പറച്ചിലും എത്ര ഭാവബന്ധുരമാണ്. കേവല വൈകാരികത എന്നതിനപ്പുറം സ്ത്രീജീവിതത്തിന്റെ, പ്രണയത്തിന്റെ, ഭക്തിയുടെ, മാതൃവാത്സല്യത്തിന്റെ സ്പന്ദനങ്ങളെ വരച്ചിടുന്ന രചനകളാണ് സുഗതകുമാരിക്കവിതകളുടെ മുഖമുദ്ര. അതത് കാലത്തെ സാമൂഹിക രാഷ്ട്രീയ വിഷയങ്ങളെ തന്മയത്വത്തോടെ അവതരിപ്പിച്ചുകൊണ്ട് മലയാള കവിതയ്ക്ക് വ്യത്യസ്ത മാനങ്ങൾ സൃഷ്ടിക്കുന്നതായിരുന്നു അവരുടെ രചനകൾ.

പ്രകൃതി മുഖ്യ പ്രമേയമായി വരുന്ന നിരവധി കവിതകൾ ടീച്ചറുടെ തൂലികയിൽ പിറവിയെടുത്തു. ഇതിൽ കുറിഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, കണിക്കൊന്ന എന്നീ കവിതകളെല്ലാം പ്രകൃതിയുടെ സൗന്ദര്യാത്മകമായ അനുഭൂതികളിലലിഞ്ഞ് സുദീർഘമായ ഒരു സഞ്ചാരംപോലെ അനുഭവവേദ്യമാകുന്നു. കാടിനു സ്തുതി, സൈലന്റ്‌വാലി, കാക്കപ്പൂവ്, പശ്ചിമഘട്ടം, കാട് എന്നീ കവിതകളിലെല്ലാം മണ്ണെന്നോ മനുഷ്യനെന്നോ പക്ഷി- മൃഗാദികളെന്നോ വ്യത്യാസമില്ലാതെ പ്രകൃതിസംരക്ഷണത്തോടൊപ്പമുള്ള വികസനമാണ് നമുക്കാവശ്യമെന്ന് വ്യാകുലപ്പെടുകയും ഓർമപ്പെടുത്തുകയും ചെയ്യുന്ന കവിമനസ്സാണ് പ്രകടമാകുന്നത്. ശുദ്ധമായ പ്രാണവായു, ശുദ്ധജലം, ശുദ്ധമായ അന്നം ഇവയാണ് സർവജീവജാലങ്ങളുടെയും നിലനില്പിന് പ്രധാനമെന്നും ടീച്ചർ പറഞ്ഞുകൊണ്ടേയിരുന്നു. മലിനമാകുന്ന പുഴകളെയും പ്രാണവായുവിനെയും വിഷമയമാകുന്ന മണ്ണിനെയും ഓർത്ത് ടീച്ചർ ആശങ്കപ്പെടുമായിരുന്നു. കവിതയിൽ നിന്ന് പ്രകൃതിയെയും പ്രകൃതിയിൽ നിന്ന് കവിതയെയും വേർതിരിക്കാൻ കഴിയില്ലെന്ന കാഴ്ചപ്പാടാണ് ടീച്ചറെ നയിച്ചത്.

മാനവികതയ്ക്കുവേണ്ടി, മനുഷ്യത്വത്തിനുവേണ്ടി മലയാള ഭാഷയ്ക്കുവേണ്ടി, പ്രകൃതി സംരക്ഷണത്തിനുവേണ്ടിയുള്ള അടിയുറച്ച നിലപാട് തന്നെയായിരുന്നു ടീച്ചറുടെ രാഷ്ട്രീയം. ആ നിലപാടുകളിൽ ടീച്ചർ അടിയുറച്ചു നിന്നു. സമരങ്ങളിൽ മുൻനിരപ്പോരാളിയായി പീഡിപ്പിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി സ്ത്രീത്വത്തിനുവേണ്ടി ഭരണാധികാരികളോട് നിരന്തരം കലഹിച്ചുകൊണ്ടിരുന്നു. എഴുത്തുകാർക്ക് സാമൂഹ്യ ഉത്തരവാദിത്തമുണ്ടെന്ന് ഓർമിപ്പിച്ചുകൊണ്ടിരുന്നു. ഇത്തരം ബോധ്യങ്ങൾ തന്നെയാണ് ടീച്ചർ തന്റെ കവിതകളിലൂടെ മനുഷ്യരോട് പങ്കുവച്ചത്.

*''ഒരു താരകയെക്കാണുമ്പോളതു*
*രാവുമറക്കും, പുതുമഴ കാൺകെ*
*വരൾച്ച മറക്കും, പാൽച്ചിരി കണ്ടതു*
*മൃതിയെ മറന്നുസുഖിച്ചേ പോകും.''*

എന്ന് പാവം മാനവഹൃദയത്തെക്കുറിച്ച് എഴുതിവച്ച് എൺപത്തിയാറാം വയസ്സിൽ ചുറ്റുപാടും വലിയൊരു ശൂന്യത ബാക്കിയാക്കി സുഗതകുമാരിടീച്ചർ വിടപറയുമ്പോൾ തീരാനഷ്ടമാകുന്നത് മനുഷ്യരോടൊപ്പം സർവജീവജാലങ്ങളെയും ചേർത്തുപിടിച്ച അമ്മ മനസ്സാണ്. പ്രിയ കവയിത്രിക്ക് പ്രണാമം.



**"ഒരുപിടി മണ്ണ് സംരക്ഷിക്കാത്തവൻ, ഒരു കുമ്പിൾ ജലം സംരക്ഷിക്കാത്തവൻ എങ്ങനെയാണ് ഒരു സംസ്കാരത്തെ സംരക്ഷിക്കുന്നത്?"**



# തളിരാർന്ന കാവ്യസ്മൃതികൾ

എൻ എസ് സുമേഷ്കൃഷ്ണൻ

സുഗതകുമാരി എന്ന നാമം മലയാളികൾക്ക് ഒട്ടും അപരിചിതമല്ല. കാട്ടരുവിയുടെ നാദംപോലെ, കാറ്റാടിമരത്തിന്റെ ആട്ടം പോലെ, രാത്രിമഴയുടെ സംഗീതംപോലെ ആ പേര് നമ്മുടെയൊക്കെ ഉള്ളിലുണ്ട്. സുഗതകുമാരിടീച്ചറിന്റെ വിയോഗം മലയാള സാഹിത്യത്തിനു മാത്രമല്ല ഓരോ മലയാളിയുടെയും ആത്മാവിനുമേൽ വലിയ പ്രഹരമേൽപ്പിച്ചു. സാധാരണക്കാരുടെ സ്വന്തം കവിയായിട്ടാണ് സുഗത ടീച്ചർ ജീവിച്ചത്. കുഞ്ഞുങ്ങളുടെ മുന്നിൽ അവരുടെ സ്വന്തം ടീച്ചറമ്മൂമ്മയായി നിറഞ്ഞു ചിരിക്കാനും പരിത്യക്തരായ യൗവ്വനങ്ങളുടെ മുന്നിൽ അഭയവരദയായി അവതരിക്കാനും പ്രകൃതിയുടെ പച്ചപ്പു നിലനിർത്തുവാനുള്ള സമരപരിപാടികൾക്കു നേതൃത്വം കൊടുക്കാനും സ്വബോധം നഷ്ടപ്പെട്ട് അലയുന്ന അശരണർക്ക് അത്താണിയാകാനും കേരളത്തിൽ ഒരൊറ്റ സുഗതകുമാരി മാത്രമേ ഉണ്ടായിരുന്നുള്ളൂ. യജ്ഞസമാനമായ കർമ്മം കൊണ്ടാണ് സുഗതകുമാരി സർവ്വസമ്മതയായിത്തീർന്നത്.

ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് സുഗതകുമാരി ടീച്ചറിന്റെ *രാത്രിമഴ* പഠിക്കുന്നത്. ക്ലാസ്സിൽ അത് ഉറക്കെച്ചൊല്ലിക്കഴിഞ്ഞപ്പോൾ എന്റെ മലയാളം അധ്യാപിക സുനന്ദടീച്ചർ കയ്യടിച്ചു. ഇതു കേട്ട് കൂട്ടുകാരും ക്ലാസ്സ് ഒന്നടങ്കവും കയ്യടിച്ചു. കവിത ചൊല്ലിയതിന് ലഭിക്കുന്ന ആദ്യ അംഗീകാരമായി അന്നെനിക്ക് അതനുഭവപ്പെട്ടു.

ഗുരുജനങ്ങളുടെ അനുഗ്രഹത്താലാകണം ചെറുതായി കവിതകൾ എഴുതാൻ സാധിക്കുകയും അതുവഴി സുഗതകുമാരി ടീച്ചറിനെ അടുത്തു പരിചയപ്പെടാൻ കഴിയുകയും എന്തിനേറെ ആ വീട്ടിലെ ഒരു അംഗത്തെപ്പോലെ തന്നെയാകാൻ കഴിയുകയും ടീച്ചറിന്റെ അകളങ്കിത സ്നേഹം അനുഭവിക്കാൻ ഭാഗ്യമുണ്ടാകുകയും ചെയ്തത്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഓണത്തിന് മുമ്പ് ടീച്ചർ വിളിക്കും. 'നമ്മുടെ തളിരിന് ഒരു ഓണക്കവിത തരണം കേട്ടോ കുഞ്ഞേ' എന്ന് ഓർമ്മപ്പെടുത്തും. തളിരിൽ ആ വർഷത്തെ ആദ്യ ഓണക്കവിത അച്ചടിച്ചു വന്നാൽ പിന്നെ ആ വർഷം മുഴുവൻ നല്ല രാശിയാണ്. സുഗതകുമാരി ടീച്ചറുടെ കൈക്ക് വല്ലാത്തൊരു രാശിയുണ്ടായിരുന്നു. എന്തു തന്നാലും നൂറിരട്ടിയായി പൊലിക്കുന്ന വാത്സല്യഹസ്തമായിരുന്നു ടീച്ചറുടേത്. ഞാനെഴുതിയ ബാലസാഹിത്യകൃതി 'നീലക്കുറിഞ്ഞി' പ്രസിദ്ധീകരിച്ചത് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടാണ്. ആ പുസ്തകത്തിന്റെ ഒരു കോപ്പി ടീച്ചർക്ക് കൊടുത്തു. നമസ്കരിച്ചു. 'ഭഗവാൻ കാക്കട്ടെ കുഞ്ഞേ. നന്നായി വരും' എന്ന് അനുഗ്രഹിച്ചുവിട്ടു എന്നെ. ഇനി എനിക്ക് സ്വാതന്ത്ര്യത്തോടെ ചെന്നു കയറാൻ ആരുണ്ടവിടെ?

സ്നേഹത്തോടെ വിളിക്കാൻ, തലയിൽ കൈ ചേർത്തുവച്ച് അനുഗ്രഹിക്കാൻ, ഇഷ്ട കവികളുടെ കവിതകൾ ആവർത്തിച്ചു ചൊല്ലിക്കാൻ, സ്വന്തം ശബ്ദം ഞാൻ അനുകരിക്കുന്നത് കേട്ട് തുറന്നു ചിരിച്ച് എന്നെ കളിയാക്കാൻ, കവിതകൾ തിരുത്തിത്തരാൻ, ശരിയായ കാവ്യവഴിയിലേക്ക് കൈപിടിച്ചു നടത്താൻ ഇനി ആരുണ്ട്? സത്യത്തിൽ ഏകാന്തമായ ഒരു അനാഥത്വമാണ് ഞാൻ അനുഭവിക്കുന്നത്. തളിര് മാസികയുടെ ഓരോ ലക്കത്തിലും വന്നുകൊണ്ടിരുന്ന തൊടുകുറി പോലുള്ള ആ കുറിപ്പ് ഇനി ഉണ്ടാവില്ലല്ലോ എന്ന സങ്കടം നിങ്ങളെപ്പോലെ എന്നെയും വേട്ടയാടുന്നുണ്ട്. സുഗതകുമാരി എന്ന കവിക്ക്, അമ്മയ്ക്ക് ഒരിക്കലും മരണമില്ല. മരണമില്ലാത്ത മാതാവിന്റെ മഹാക്ഷരങ്ങൾക്കു മുന്നിൽ വിനീതപ്രണാമം.

*ഞങ്ങൾക്കുവിശന്നപ്പോൾ*
*വല്ലാതെ ദാഹിച്ചപ്പോൾ*
*നിത്യ വാത്സല്യച്ചോറും*
*സ്നേഹതീർത്ഥവുംതന്നൂ.*
*നാളെയും വിശക്കുമ്പോൾ*
*ദാഹിച്ചുവലയുമ്പോൾ*
*അമ്മ! നീയടുത്തില്ലെ-*
*ന്നോർത്തുഞാൻ വിതുമ്പുന്നൂ.*

# ഒരു തൈ നടാം

സുഗതകുമാരി

ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കു വേണ്ടി
ഒരു തൈ നടാം നല്ല നാളേക്കുവേണ്ടി
(ഒരു തൈ)
ഇതു പ്രാണവായുവിന്നായി നടുന്നൂ
ഇതു മഴയ്ക്കായിത്തൊഴുതു നടുന്നൂ
അഴകിനായ് തണലിനായ് തേൻ
പഴങ്ങൾക്കായ്
ഒരു നൂറു തൈകൾ നിറഞ്ഞു നടുന്നൂ
(ഒരു തൈ)
ചൊരിയും മുലപ്പാലിന്നോർമ്മയുമായി
പകരം തരാൻ കൂപ്പുകൈ മാത്രമായി
ഇതു ദേവിഭൂമിതൻ ചൂടല്പമാറ്റാൻ
നിറകണ്ണുമായ് ഞങ്ങൾ ചെയ്യുന്ന പൂജ.
(ഒരു തൈ)

(ഈ കൊച്ചു പാട്ട് കുട്ടികൾക്കു മരം വയ്ക്കുമ്പോൾ പാടാൻ വേണ്ടി എഴുതിയതാണ്. വനം വകുപ്പിനുവേണ്ടി പ്രശസ്തഗായകനായ ജി വേണു ഗോപാൽ സംഗീത സംവിധാനം ചെയ്ത് സി ഡി രൂപത്തിലാക്കി യിട്ടുണ്ട്. വേണുഗോപാലും കൊച്ചുഗായിക ശ്രേയയും ചേർന്നു പാടിയ ഈ പാട്ടിന്റെ സി ഡി വനം വകുപ്പിൽ നിന്നു ലഭ്യമാണ്.)

*(2017 തളിര് ജൂലൈ ലക്കം)*



വര: ബാബുരാജൻ



# മുൻമൊഴി


മുൻമൊഴി

നമുക്ക് ഗാന്ധിജിയുടെ സ്മൃതി [illegible]

[illegible]

ഗാന്ധിജി [illegible] ?

[illegible]



(തളിരിനു വേണ്ടി സുഗതകുമാരിടീച്ചർ അവസാനമായി എഴുതിയ
'മുൻമൊഴി' ടീച്ചറിന്റെ തന്നെ കൈപ്പടയിൽ)

# അട്ടപ്പാടിയിലെ മൊട്ടക്കുന്നുകൾ



അട്ടപ്പാടിയിലെ മൊട്ടക്കുന്നുകൾ വനവത്കരണത്തിനുമുമ്പും ശേഷവും



എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ, അർത്ഥപൂർണമായ ഒരു കാലഘട്ടമായിരുന്നു അട്ടപ്പാടിയിലെ മരംവെച്ചുപിടിപ്പിക്കൽ. സർക്കാരും സമൂഹവും അതു കണ്ടില്ലെന്നു നടിച്ചെങ്കിലും അട്ടപ്പാടിയിലെ നൂറു ഹെക്ടർ മൊട്ടക്കുന്നുകൾ ഇന്നൊരു കാടാണ്. നിറയെ മരങ്ങളും പൊന്തക്കാടുകളും മുളങ്കൂട്ടങ്ങളും തിങ്ങിയ, വന്യമൃഗങ്ങൾ ആവാസസ്ഥാനമാക്കിയ ഒരു കാട്. പുനർജീവിച്ച ഒരു കാട്ടുചോല അതിലൂടെ ഒഴുകി താഴെയെത്താറുണ്ട്. കടുത്ത വേനലിൽ ആ കാട് മിക്കവാറും ഇല പൊഴിഞ്ഞ് ഭംഗികെട്ടുനിൽക്കുമെങ്കിലും മഴ പെയ്തു തുടങ്ങുമ്പോൾ വീണ്ടും കരിംപച്ചയണിയും. ആ കാടിന്റെ കാൽക്കലാണ് പാവങ്ങൾ പാർക്കുന്ന ബൊമ്മിയാംപടി എന്ന ആദിവാസി ഊര്. അവർ ആ കാടിനെ സ്നേഹത്തോടെ പരിപാലിക്കുന്നു. കാവൽ നിൽക്കുന്നു. അവിടെ നിന്നു തേനും കായ്കനികളും കിഴങ്ങുകളും മറ്റും കിട്ടുന്നുണ്ടെന്ന് സന്തോഷത്തോടെ പറയുന്നു. കാടു ജനിച്ചതിൽപിന്നെ അവരുടെ കിണറുകളിൽ വെള്ളമുണ്ട്. വെള്ളം തേടി അലയേണ്ടതില്ല. അന്നു ഞങ്ങൾ തൈകൾ മാത്രമല്ല ധാരാളം ചക്കക്കുരുവും മാങ്ങയണ്ടിയും കുഴിച്ചിട്ടിരുന്നതിനാൽ ഇന്നു കാട്ടിൽ മാങ്ങയും ചക്കയും ഉണ്ട്. 'ചക്ക തേടി ആനവരുമമ്മാ' എന്നവർ അഭിമാനത്തോടെ പറഞ്ഞു.

ഞങ്ങൾ, മൊട്ടക്കുന്നുകളിൽ കാടു നട്ടുപിടിപ്പിക്കാൻ പോയവർ പഠിച്ച ഒരു പാഠമാണ് ഞാൻ ആദ്യം എഴുതിയത്. ദ്രോഹിക്കാതിരുന്നാൽ കാട് പുനർജ്ജനിച്ചുകൊള്ളും. നമ്മുടെ കൈകൾകൊണ്ട് നൂറു മരത്തൈകൾ നട്ടാൽ പ്രകൃതി അതോടൊപ്പം ഇരുന്നൂറു തൈകൾ കൂടി നട്ടുകൊള്ളും. മൃത്യുവിൽ നിന്ന് അമൃതത്വത്തിലേക്ക് കുതിക്കുവാൻ പ്രകൃതിക്കു വിസ്മയകരമായ ശക്തിയുണ്ട്.

അട്ടപ്പാടിയിലെ പ്രവർത്തനം എന്നെ കൂടുതൽ വിനീതയാക്കി. പ്രകൃതിയെന്ന മനോഹരാത്ഭുതത്തിനു മുന്നിൽ എന്നും മനസ്സുകൊണ്ട് നമസ്കരിക്കുന്നവളാക്കി. നമ്മുടെ എളിയ കൈകൾ കൊണ്ട് ഒന്നു തൊട്ടാൽ മതി നിറയെ നിറയെ പാൽ ചുരത്തിത്തരുന്ന ഒരു ദിവ്യപശുവായി അട്ടപ്പാടിമലകൾ ഇന്നും എന്റെ മുന്നിൽ നിൽക്കുന്നു.

നിങ്ങൾ കുട്ടികൾ ഓരോ തൈ നടുമ്പോഴും ഓർക്കുക, ഒരു മഹത്തായ പ്രാർത്ഥനയിലാണ് നിങ്ങൾ പങ്കുകൊള്ളുന്നത്. ഈ മഴക്കാലത്ത് തളിര് കൂടുംബത്തിലെ കുട്ടികൾ ഓരോരുത്തരും ഒരു മരമെങ്കിലും, സ്ഥലമില്ലെങ്കിൽ ഒരു ചെടിയെങ്കിലും നട്ടുവളർത്താൻ തുനിയുമെന്ന വിശ്വാസത്തോടെ,

**സുഗതകുമാരി**

*(2014 തളിര് ജൂൺ ലക്കം)*

# അഹിംസ

സുഗതകുമാരി

അഹിംസ പാലിക്കുവിൻ,
ബാപ്പുജി പഠിപ്പിച്ചു

മനസ്സാൽ പ്രവൃത്തിയാൽ,
വാക്കിനാലെല്ലായ്പ്പോഴും.

ഒരു ജീവിയെപ്പോലും
നോവിക്കാതിരിക്കുവാൻ

കഴിവുണ്ടായീടട്ടേ.
മഹത്ത്വമുണ്ടാവട്ടേ.

അഹിംസ പ്രവൃത്തിയാൽ
തന്നെയല്ലല്ലോ, വാക്കാൽ

മനസ്സാലൊരാളെയും
ദ്രോഹിക്കാതിരിപ്പതാം


അങ്ങുമേ തീരുന്നീല,
സർവവും സ്നേഹത്തിനാൽ

നിങ്ങൾതൻ ഹൃദന്തത്തി-
ലണച്ചു പിടിപ്പതാം.

നല്ലവാക്കിനാൽ, സ്നേഹ
പൂർണമാം കർമ്മത്തിനാ-

ലല്ലൽ മായ്പ്പതാം- അതാം
ധന്യമാം ജന്മവ്രതം.

*(2018 തളിര് ജനുവരി ലക്കം)*



വര: ബൈജുരാജൻ



# കാട്

**സുഗതകുമാരി**

കാട് അടുത്തെത്തുന്നതിനു മുമ്പു തന്നെ നമ്മെ എതിരേൽക്കുന്നു. നഗരം ദുഷിപ്പിച്ച ശ്വാസകോശങ്ങളിൽ ശുദ്ധവായു പെട്ടെന്ന് ഊതി നിറച്ച് ജീവസ്സുറ്റതാക്കുന്നു. കാട്ടിൽ എത്തിക്കഴിഞ്ഞാൽ ഒന്നു നിൽക്കുക. ആ മണ്ണിൽ തൊട്ടു വന്ദിച്ചിട്ടു വേണം ഉള്ളിലേക്കു കടക്കാൻ. ഇരുണ്ടു കറുത്ത കാട് അവളുടെ ശ്യാമാംബരം വിതിർത്തു നിങ്ങളെ പുതപ്പിച്ചു മാറോടു ചേർത്തണയ്ക്കുമ്പോൾ ആഹ്ലാദംകൊണ്ടു ശ്വാസം മുട്ടിപ്പോകും.

ഉച്ചത്തിൽ വിളിക്കണമെന്നും ഉറക്കെ പാട്ടുപാടണമെന്നും കൈകൾ വീശി പാഞ്ഞുപോകണമെന്നുമൊക്കെ തോന്നിപ്പോകും. പക്ഷേ, മിണ്ടരുത്, ശബ്ദം ഉയർത്തരുത്, ലഹള കൂട്ടരുത്. ഈ പവിത്രസ്ഥലി നിങ്ങളുടേതല്ല. മറ്റാത്മാക്കളുടേതാണ്. നാം ഇവിടെ അന്യരാണ്. ഒരായിരം കണ്ണുകൾ ഭയത്തോടെ, സംശയത്തോടെ നമ്മെ വീക്ഷിക്കുന്നുണ്ട്. കാരണം നമ്മെ ചോര മണക്കുന്നുണ്ട്. മാപ്പു ചോദിച്ച് ഉള്ളിലേക്കു നീങ്ങുക.

പാദങ്ങൾക്കിടയിൽ നനഞ്ഞുപതുത്ത ഭൂമി. ആയിരമായിരം വർഷങ്ങളായി പൊഴിയുന്ന ഇലകൾ വീണുവീണു ദ്രവിച്ച കനത്തുകിടക്കുന്ന കട്ടിപ്പരവതാനി. അതിൽ കോടിക്കണക്കിനു ചെറുജീവികളുണ്ട്. അതിസൂക്ഷ്മസസ്യങ്ങളും പൂവുകൊണ്ടു കുറിതൊട്ട കുഞ്ഞുചെടികളും പുൽത്തരങ്ങളും കൂണുകളും പൊന്തകളും വള്ളികളും ചെറുമരങ്ങളും മരങ്ങളിൽ പറ്റിപ്പിടിച്ചുവളരുന്ന ഒരായിരം സസ്യങ്ങളും മരക്കൂണുകളും പന്നൽച്ചെടികളും ഓർക്കിഡുകളും മഹാവൃക്ഷങ്ങളും വൃക്ഷപ്പന്തലുകളും എല്ലാമെല്ലാം ചേർന്നതാണു കാട്.

പല തലങ്ങളിലായി കാട് ഇരുണ്ടുയരുന്നു. അദൃശ്യങ്ങളും ദൃശ്യങ്ങളുമായ സൂക്ഷ്മജീവികൾ മുതൽ കാട്ടുറുമ്പും മൺചിലന്തിയും ചീവീടും മണ്ണിരയും ഒച്ചും ചോരകുടിയൻ അട്ടയും അരണയും തവളയും പാമ്പും കീരിയും മുള്ളൻപന്നിയും മറ്റും താഴത്തെ നിലയിലെ താമസക്കാരാണ്. ഓരോ നിലയിലുമുണ്ട് ആയിരമായിരം താമസക്കാർ. തേനീച്ചകൾ, വണ്ടുകൾ, വിട്ടിലുകൾ, ശലഭങ്ങൾ, തുമ്പികൾ, മിന്നാമിനുങ്ങുകൾ, പച്ചക്കുതിരകൾ, പ്രാർത്ഥനപ്പക്കികൾ തുടങ്ങിയവരെക്കൂടാതെ അണ്ണാൻ, മലയണ്ണാൻ, കുരങ്ങൻമാർ, വവ്വാലുകൾ ഇങ്ങനെ ഏറെപ്പേരുണ്ട്. മേൽത്തട്ടുകളിൽ ഒരായിരം

കിളികൾ ചില്ലകൾക്കിടയിലൂടെ ചിലച്ചു പറക്കുന്നു. താഴെ വമ്പൻമാരുണ്ട്. പുലിയും കടുവയും കാട്ടുപന്നിയും കുറുക്കനും ചെന്നായും കരടിയുമൊക്കെയുണ്ട്. മാനും മ്ലാവും കാട്ടുപോത്തും ആനക്കൂട്ടവുമുണ്ട്. കാട് അവരുടെയെല്ലാം വീടാണ്. അവരൊക്കെ അവിടെ എവിടെയോ ഒക്കെയുണ്ട്.

പതുക്കെ സൂക്ഷിച്ചു പാദങ്ങൾ വയ്ക്കുക. കാലടിച്ചോട്ടിലെല്ലാം ജീവലക്ഷങ്ങളുണ്ടെന്ന് ഓർമിക്കുക. കുനിഞ്ഞുനോക്കി കാണുക. എത്രതരം ചെടികളാണ്, പടർപ്പുകളാണ്, തറപറ്റിക്കിടക്കുന്നവയാണ്, ചെറുപൂക്കൾ കുളുർക്കെ വിടർത്തി നിൽക്കുന്നവയാണ് നിങ്ങൾക്കു താഴെയും ചുറ്റിലും. വള്ളികളെ നോക്കൂ, ഇരുണ്ട പച്ച കാട്ടുവള്ളികൾ. കറുത്ത തണ്ടോടുകൂടിയവ, മുള്ളുള്ളവ, മെലിഞ്ഞുനീണ്ടവ, നനുത്ത രോമങ്ങളുള്ളവ, തടിച്ചുരുണ്ടു ചുറ്റിപ്പിണഞ്ഞു കയറുന്നവ, ഭാരംകൊണ്ടു താങ്ങുമരങ്ങളെ താഴോട്ടമർത്തുന്നവ, പൂങ്കുലകൾ നീട്ടുന്നവ, കായ്കനികൾ ചാർത്തി നിൽക്കുന്നവ, തേനീച്ചകൾ ചുഴന്നു മുരളുന്നവ-താഴെയോ കാട്ടുസൂര്യകാന്തികൾ, പുള്ളിക്കുത്തണിഞ്ഞ ഇലകളുള്ള കാട്ടുചേമ്പുകൾ, കരിങ്കദളികൾ, നീലനക്ഷത്രപ്പൂക്കൾ, കാക്കപ്പൂക്കൾ, നൂറു പേരറിയാപ്പൂക്കൾ. വള്ളികളാൽ ആശ്ലേഷിതരായ മഹാവൃക്ഷങ്ങൾ സൂര്യന്റെ നേർക്കു വിസ്തൃത ഹസ്തങ്ങൾ വിടർത്തി നീട്ടി ഉയർന്നുയർന്നു പോകുന്നു. ഗംഭീരസ്തൂപങ്ങൾ നിരന്ന, തട്ടുതട്ടായി ഉയരുന്ന മേൽക്കൂരകളുള്ള ഒരു പടുകൂറ്റൻ പഴയ പള്ളിയുടെ പ്രാചീന ഗാംഭീര്യത്തിലേക്കു കയറിച്ചെല്ലുമ്പോലെ ഇവിടെ നമ്മുടെ ശിരസ്സു കുനിയുന്നു.

ഓരോ മരത്തിനും അതിന്റേതായ പ്രത്യേക വ്യക്തിപ്രഭാവമുണ്ട്. കാട്ടിലെ ആലിനും കാട്ടുമരുതിനും തേക്കിനും കരിവീട്ടിക്കും കാഞ്ഞിരത്തിനും പുന്നയ്ക്കും മലവേപ്പിനും മുള്ളൻപനയ്ക്കും കാട്ടയണിക്കും ഞാവലിനും പേരറിയാ നൂറുമരങ്ങൾക്കുമെല്ലാം വ്യത്യസ്ത ഛായയാണ്, ഭാവമാണ്, സൗന്ദര്യമാണ്. ഓരോ വള്ളിക്കും ചെടിക്കും അതിന്റേതായ ചാരുതയാണ്.

## വർണ്ണം

പച്ചയിൽതന്നെ എത്രയെത്ര പച്ചകൾ! കരിംപച്ച, വെറുംപച്ച, ഇളംപച്ച, നീലപ്പച്ച, ചുവപ്പുരാശിയുള്ള പച്ച,

പരുക്കൻപച്ച, മിനുങ്ങുംപച്ച, മങ്ങിയ പച്ച, പായൽ പച്ച. പച്ചയുടെ അനന്തവൈവിധ്യ



മാർന്ന രാശികൾ. അതുപോലെ സസ്യാകൃതികളോ? പടർന്നുപന്തലിച്ചവ, കൂപ്പുകൈപോലെ ഉയരുന്നവ, അലുക്കുകൾപോലെ ഇലകൾ ഞാലുന്നവ. വട്ടയിലകൾ, സൂചിയിലകൾ, കൂർത്ത ഇലകൾ, നിരന്തരം ഇളകുന്ന ഇലകൾ, അനുഗ്രഹിച്ചു നിൽക്കുന്നവ, കളിയാക്കുന്നവ, ഗൗരവം കലർന്നവ, അകൽച്ച പാലിക്കുന്നവ, കൂടെക്കളിക്കാൻ വരുന്നവ, അപാരതയിലേക്കു ചൂണ്ടുന്നവ-എല്ലാം കുളുർമ പരത്തുന്നു. ശുദ്ധവായു ചുരത്തുന്നു. മേഘങ്ങളെ പ്രേമിക്കുന്നു. നമ്മോട് അലിവു കാട്ടുന്നു.

## ഗന്ധം

കാടിനു വിചിത്രമായ ഒരു പച്ചമണമുണ്ട്. പച്ചയ്ക്കു സ്വന്തമായ ഒരു മണമുണ്ടെന്നു നാം അറിയുന്നതു കാട്ടിനുള്ളിൽ കടക്കുമ്പോഴാണ്. അതു നനഞ്ഞ മണ്ണിന്റെയും ഒരായിരം പൂക്കളുടെയും ഇലകളുടെയും വെയിലിന്റെയും മഴയുടെയും തൂവലുകളുടെയും രോമക്കുപ്പായങ്ങളുടെയും പാമ്പുകളുടെയും മൃദുരോമങ്ങളുടെയും കുഞ്ഞിച്ചിറകുകളുടെയും ഊറൽവെള്ളത്തിന്റെയും മണങ്ങൾ കലർന്ന ഒരു വലിയ മണമാണ്. വലിച്ചൊടിച്ച മരച്ചില്ലകളുടെയും ചതഞ്ഞരഞ്ഞ ചെടിക്കൂട്ടങ്ങളുടെയും തെറിച്ച ചോരയുടെയും കാട്ടുചോലയുടെയും മണമുണ്ടതിന്. അതു ജീവന്റെയും മൃതിയുടെയും ഗന്ധമാണ്. മാദകവും ഉച്ഛൃംഖലവുമായ, രക്തരൂഷിതവും നിസ്സംഗവുമായ പ്രകൃതിയുടെ ശരീരഗന്ധമാണത്. അത് ഏറെനേരം നുകർന്നിരുന്നാൽ നാം മയങ്ങിപ്പോകും.

## നാദം

കാടിനു നാദമുണ്ട്. കടലിരമ്പത്തോടു സാമ്യമുള്ളൊരു മുഴക്കമാണത്. ഇലച്ചാർത്തുകളിൽ വീശിയടിക്കുന്ന വികൃതിക്കാറ്റും ഒഴുക്കൊലിയും ഒരായിരം പിറുപിറുക്കലുകളും നിശ്വാസങ്ങളും മുരളലുകളും കിളിവിളികളും മലമുഴക്കങ്ങളും തീക്ഷ്ണതംബുരുപോലുള്ള ചീവീടുകളുടെ പശ്ചാത്തലനാദത്തിൽ നമുക്കു കേട്ടുനിൽക്കാം. (സൈലന്റ്‌വാലി പോലുള്ള അനാഘ്രാത വനങ്ങളിൽ സാധാരണ ചീവീടുണ്ടാവുകയില്ല.)

ഇടയ്ക്കിടയ്ക്ക് അകലെയെങ്ങോനിന്ന് ഒരു ഗംഭീരശബ്ദം ഉരുണ്ടുരുണ്ടുവരുന്നതുപോലെ, മുഴങ്ങിത്താണമർന്നു വീണ്ടുമുയരുമ്പോലെ. ഇതു കാടിന്റെ പാട്ടാണ്. ഇതിനു തുല്യം കടൽപ്പാട്ടു മാത്രമാണ്.

## ലയം

കാടിന് അതിന്റേതായ പിണക്കവും ഇണക്കവുമുണ്ട്. അതു നമ്മെ ആയാസപ്പെടുത്തും. മുൾച്ചെടികൾ കാലിൽ പിണയും. വഴിയുടെ ക്ലിഷ്ടത നമ്മെ ഖിന്നരാക്കും. അട്ടകൾ കടിച്ചുതൂങ്ങി ചോര കുടിക്കും. പേരറിയാപ്രാണികൾ പറന്നുവന്നു കുത്തിനോവിച്ചെന്നിരിക്കും. കാൽക്കീഴിൽ പെട്ടെന്നൊരു പുള്ളി കുത്തിയ ഫണം ചീറ്റി വിടർന്നെന്നിരിക്കും. കാടുകുലുക്കിക്കൊണ്ട് ഒരു കാട്ടിക്കുടുംബം കടന്നുപോയെന്നിരിക്കും. കനത്ത മുളങ്കൂട്ടത്തിന്റെ പിന്നിൽനിന്നു പൊടുന്നനെ ഒരു ചിന്നംവിളി ഉയർന്നെന്നിരിക്കും. അകലെയുള്ള നീളൻ ഈറ്റക്കൂട്ടങ്ങൾക്കിടയിലൂടെ ഭീഷണമായ മഞ്ഞക്കറുപ്പുവരകൾ മിന്നിയൊഴുകി മാഞ്ഞെന്നിരിക്കും.

പേടിക്കരുത്, പേടിച്ചിട്ടു കാര്യമില്ല. മരക്കൊമ്പത്തിരുന്നു ചിലച്ചും കുനിഞ്ഞു നോക്കിയും നമ്മോടു വർത്തമാനം പറയുന്ന കുരങ്ങന്മാർ നമ്മെ ചിരിപ്പിച്ചു കൊള്ളും. ഉയർന്ന മരക്കൊമ്പിൽനിന്നു കുത്തനെ താഴോട്ടു വീണു വീഴാതെ ചിറകുകൾപോലെ കൈകൾ വിടർത്തി അടുത്ത മരക്കൊമ്പുകളിലേക്കു നീന്തിമറയുന്ന പറക്കുന്ന അണ്ണാനെ നാം അന്തംവിട്ടു നോക്കി നിന്നുപോകും. നീൾക്കണ്ണെഴുതിയ മാൻപേട മുന്നിലെത്തിയ അന്യനെക്കണ്ടു ഞെട്ടിപ്പിടഞ്ഞെണീറ്റ് ഓടിയൊളിക്കുന്ന പേടിച്ചന്തം ഭാഗ്യമുണ്ടെങ്കിൽ കണ്ടെന്നു വരും.

അതാ ഞാവൽക്കൊമ്പിലിരുന്നു പഴം കൊറിക്കുന്നതിനിടയിൽ നമ്മെ ചരിഞ്ഞു നോക്കുന്നതു മലന്തത്തയാണ്. കുടപോലെ വരിവരിയായി ഞാലുന്നതു വവ്വാലുകളാണ്.





ക്ലോം ക്ലോം എന്നു കേട്ടത് ചുവന്ന തൊപ്പിക്കാരൻ മരംകൊത്തി പണിയെടുക്കുന്നതാണ്. ചൂളമടിക്കുന്നത് സ്കൂൾകുട്ടിയല്ല, ചൂളക്കാക്കയെന്ന പാട്ടുകാരനാണ്. ഇലപ്പച്ചയ്ക്കിടയിൽ വീശിയ പൊന്നൊളി മഞ്ഞക്കിളിയുടേതാണ്. മുഴങ്ങിയിരമ്പുന്നതു മലമുഴക്കി വേഴാമ്പലിന്റെ ശബ്ദമാണ്. പുഴയിലേക്കാരോ നീലക്കല്ലു വീശിയെറിഞ്ഞതുപോലെ ചെന്നുവീണതു പൊൻമാനാണ്. അമർത്തിമൂളുന്നതു കാട്ടുപ്രാവാണ്. പരുന്തിനെയും കുരങ്ങനെയും മൈനയെയും മരംകൊത്തിയെയുമെല്ലാം അനുകരിച്ചു നമ്മെ വിഷമിപ്പിച്ചു രസിക്കുന്നത് മിമിക്രിവിദഗ്ദ്ധനായ കാക്കത്തമ്പുരാട്ടിയാണ്. മുഖമുയർത്തി നോക്കൂ. നീലാകാശത്തു വട്ടമിട്ടു പറക്കുന്ന പരുന്തുകളുടെ വൃത്തമൊപ്പിച്ച മന്ദചലനം കാണുക. കറുത്ത മേഘത്തിന്റെ വിളുമ്പിൽ മിന്നൽ തൊട്ടുകളിക്കുന്നതും പിന്നീടു സന്ധ്യയെത്താറാവുമ്പോൾ നൂറുനൂറു നാരായണക്കിളികൾ കൂട്ടംചേർന്നു ശരംപോലെ പാഞ്ഞകലുന്നതും കാണുക.

കാലടി വയ്ക്കുന്നിടത്തു വെളുത്ത കൂണുകളുടെ കൂട്ടം. കാട്ടിൽ മഴ പെയ്തു എന്നതിന്റെ തെളിവ്. മഞ്ഞിച്ച പൂക്കൾകൊണ്ടു പൊതിഞ്ഞ ആ പൊന്തയുടെ അരികിലേക്കു ചെല്ലൂ. അതാ പൂക്കളെല്ലാം കൂട്ടത്തോടെ പറന്നുയരുകയായി! 'പൂക്കളല്ല, പൂമ്പാറ്റകളാണേ, തെറ്റീ നിനക്കുണ്ണീ' എന്ന് ആരോ ചിരിച്ചു മൂളുന്നതുപോലെ. നമുക്കും ചിരിക്കാതെ വയ്യല്ലോ. ആ പൊന്തയ്ക്കരികിൽത്തന്നെയതാ കറുത്ത കണ്ണുകളുള്ള പച്ചിലപ്പാമ്പ് അനങ്ങാതെ ചുറ്റിപ്പിണഞ്ഞു നിങ്ങളെത്തന്നെ നോക്കുന്നുണ്ട്. മാറിപ്പോരാം.

ദാഹിക്കുന്നുണ്ടല്ലേ? കൂടെയുള്ള വനസന്താനമായ ആദിവാസിയോടു പറയൂ. അയാളൊരു കാട്ടുവള്ളി തേടിപ്പിടിച്ച് അരയിലെ കത്തിയൂരി അതിലൊന്നു ചരിച്ചുവെട്ടി ഒരറ്റം കൈയിൽ തരും. ചുണ്ടിൽ ചേർത്തു വലിച്ചു കുടിച്ചുകൊള്ളുക. കുഴലിൽനിന്നെന്നപോലെ തെളിവെള്ളം ഒഴുകിവന്നു ദാഹമകറ്റിക്കൊള്ളും. കുറച്ചുകൂടി നടന്നാൽ കാട്ടുചോലയുണ്ട്. കറുത്ത പാറക്കെട്ടുകൾ ചിതറിക്കിടക്കുന്ന ഇരുണ്ട നീരൊഴുക്ക്! വരമ്പിലെല്ലാം നേർമയേറിയ അലങ്കാരത്തുന്നൽപോലെ തിളങ്ങുന്ന അഴകിയന്ന പന്നൽച്ചെടികൾ.

നെയ്തലാമ്പലുകൾ പൂവണിയിക്കുന്ന നീരൊഴുക്കിൽ മുങ്ങി മുഖം കഴുകി വെള്ളം കുടിച്ചു തളർച്ചയാറ്റി പാറപ്പുറം കയറി ആകാശം നോക്കി ഇത്തിരി കിടക്കുക. കാട് ആയിരം കൈകൾ നീട്ടി ആശ്ലേഷിക്കുന്നതുപോലെ. ആകാശം താണിറങ്ങിവന്ന് മാറിലലിയുന്നതുപോലെ! വലയം ചെയ്യുന്ന ജീവകോടികൾ പ്രേമവാത്സല്യങ്ങളോടെ ഈ പരവശമായ മനുഷ്യജീവനെയും തങ്ങളോടു ചേർത്തിണക്കി അലിയിക്കുന്നതുപോലെ! ഇതെല്ലാം ഓരോ ഇന്ദ്രിയത്താലും രോമകൂപത്താലും ആസ്വദിച്ചുകൊണ്ട് അനങ്ങാതെ, മിണ്ടാതെ കാടിന്റെ മടിത്തട്ടിൽ ചാഞ്ഞുകിടക്കുക... ഇതോ അതീന്ദ്രിയാവസ്ഥ? സ്വർഗ്ഗമാർഗ്ഗം? മോക്ഷം? ഈ മഹിതാനുഭൂതി നൽകാൻ ഏതു മനുഷ്യനിർമ്മിത സുഖഭോഗത്തിനു കഴിയും! *(2014 തളിര് ജൂൺ ലക്കം)*

കഥ

# വെള്ളപ്പൊക്കത്തിൽ അപ്പു

**സുഗതകുമാരി**

മഴ കനക്കുന്നു. ഇരുട്ടും കാറ്റും കുളിരും. അപ്പു അവന്റെ കൊച്ചു വീടിന്റെ വരാന്തയിൽ മഴ പെയ്യുന്നത് കണ്ടുകൊണ്ടിരുന്നു. മുറ്റത്തെ മരങ്ങളെല്ലാം മഴയത്ത് ആടിയുലഞ്ഞ് കുളിക്കുന്നതുകാണാൻ എന്തു രസം! അവന്റെ പേരമരം ആകെ കുലുങ്ങുന്നു. കായ്കൾ വിളയുന്നതേയുള്ളൂ. കൊതിയൻ അണ്ണാൻ ചിലതു കടിച്ചു നോക്കിക്കഴിഞ്ഞു. മഴയത്ത് അണ്ണാൻ എവിടെയാണോ നനയാതെ കയറിയിരിക്കുന്നത്?

അച്ഛനും അമ്മയും രാവിലെ



വര: സചീന്ദ്രൻ കാറഡുക്ക

കൊല്ലത്തു പോയതാണല്ലോ. അപ്പു സ്കൂളിൽ നിന്നു വരുമ്പോഴേക്കു വരുമെന്നാണല്ലോ പറഞ്ഞത്. കാണുന്നില്ല. ഒരു പഴഞ്ചൻ ടാക്സിയിലാണ് പോയിരിക്കുന്നത്. മഴയത്ത് ഓടിക്കാൻ പ്രയാസമായിരിക്കും. അപ്പുവിനു ചിരിവന്നു. ഒരു വയസ്സൻ ഡ്രൈവറും പഴഞ്ചൻ കാറും. അപ്പു വലുതാകുമ്പോൾ ഒരു റോൾസ്റോയിസ് വാങ്ങിക്കും തീർച്ച.

തണുക്കുന്നു. അവൻ അകത്തുകയറി കതകടച്ചു. മേശപ്പുറത്ത് ഇഡ്ഡലിയും ചമ്മന്തിയും ഫ്ളാസ്കിൽ കാപ്പിയുമൊക്കെ ഒരുക്കി വച്ചിട്ടുണ്ട്. പിന്നെ കഴിക്കാം. അവൻ ടി വി വച്ച് സിനിമ കണ്ടു തുടങ്ങി. മോഹൻലാൽ എത്ര ഗുണ്ടകളെയാണ് അടിച്ചു തകർക്കുന്നത്. ഒരു മൊട്ടത്തലയൻ ഭീകരനെ മോഹൻലാൽ പുഷ്പംപോലെ പൊക്കിയെടുത്ത് ചുഴറ്റിയെറിയുന്നതു കണ്ട് അപ്പു കയ്യടിച്ചു. ഹാ! എത്ര മിടുക്കനാണ് ലാലേട്ടൻ! എങ്കിലും അപ്പുവിനു വിഷമംതോന്നി. എന്താ അച്ഛനും അമ്മയും വരാത്തത്?

ടി വി കണ്ടുകണ്ടിരുന്ന് അപ്പു ഉറങ്ങിപ്പോയി. മേശമേൽ തലചായ്ച്ചാണ് കിടപ്പ്. മഴ തിമർത്തു ചെയ്യുന്നുണ്ട്.

കാലുകളിൽ നനവു തട്ടിയപ്പോൾ അപ്പു ഞെട്ടിയുണർന്നു. തറയിലൊക്കെ വെള്ളം. ഓടുപൊട്ടി ചോരുന്നതായിരിക്കും. അപ്പു എണീറ്റു. ഒരുപാടു വെള്ളം. പെട്ടെന്ന് ടി വി കെട്ടു. ഇലക്ട്രിസിറ്റി പോയി. ഇരുട്ട്. അപ്പു വെള്ളത്തിലൂടെ നടന്ന് കതകു തുറന്നു. അയ്യോ! വൻ തിരയടിക്കുന്നപോലെ വെള്ളം അകത്തേക്ക് ഇരച്ചുകയറി. അപ്പു നിലവിളിച്ചു. ആരുമില്ല കേൾക്കാൻ. മുറ്റത്തു വെള്ളം നിറഞ്ഞുകവിയുകയാണ്. വീടിനകത്തു സാധനങ്ങളെല്ലാം ഒഴുകിനടക്കുന്നു. വെള്ളം അരയ്ക്കൊപ്പം ഉയർന്നു കഴിഞ്ഞു. അപ്പു ഉറക്കെ കരഞ്ഞു. 'അച്ഛാ! അമ്മേ...! വെള്ളം കേറുന്നു. ഓടി വരണേ!' ഒന്നിലും പിടിച്ചു നിൽക്കാനാവുന്നില്ല. ഒഴുക്കിന്റെ ശക്തിയിൽ അവന്റെ കൊച്ചു കാലുകൾ വഴുതി. ഒഴുക്ക് അവനെയും കൊണ്ട് പുറത്തേക്കു പാഞ്ഞു പോയി.

**നീന്തലറിയാവുന്നതിനാൽ അവൻ പൊങ്ങിക്കിടന്ന് നീന്താൻ ശ്രമിക്കുകയായി. പക്ഷേ എങ്ങോട്ടു നീന്തിക്കയറാൻ? നാലുപാടും കായലുപോലെ! തിരയടിക്കുന്ന വെള്ളം എവിടെയൊക്കെയോ നിലവിളികളും ബഹളവും കേൾക്കാം. ആരെയും കാണാനില്ല. ഒഴുകിവരുന്ന ഒരു ചെറു മരത്തിൽ പിടിച്ച് അപ്പുവും എങ്ങോട്ടോ ഒഴുകുകയാണ്.**

നീന്തലറിയാവുന്നതിനാൽ അവൻ പൊങ്ങിക്കിടന്ന് നീന്താൻ ശ്രമിക്കുകയായി. പക്ഷേ എങ്ങോട്ടു നീന്തിക്കയറാൻ? നാലുപാടും കായലുപോലെ! തിരയടിക്കുന്ന വെള്ളം എവിടെയൊക്കെയോ നിലവിളികളും ബഹളവും കേൾക്കാം. ആരെയും കാണാനില്ല. ഒഴുകിവരുന്ന ഒരു ചെറു മരത്തിൽ പിടിച്ച് അപ്പുവും എങ്ങോട്ടോ ഒഴുകുകയാണ്. അതിനിടയിലും അവൻ നിലവിളിക്കുന്നുണ്ട്. 'അച്ഛാ! അമ്മേ!' വായിൽ വെള്ളം അലച്ചു കയറിയപ്പോൾ അവൻ വിളിക്കുന്നതു നിർത്തി. ഞാൻ ചത്തുപോകുമോ? എന്തു സങ്കടമായിരിക്കും അച്ഛനും അമ്മയ്ക്കും! അപ്പുവിന്റെ കണ്ണുനീർ ആ ജലപ്രവാഹത്തിൽ വീണലിയുകയാണ്. തണുക്കുന്നു. തളരുന്നു. എങ്കിലും അവനാ ചെറുമരത്തിലെ പിടിത്തംവിട്ടില്ല. പതുക്കപ്പതുക്കെ ആ കണ്ണുകൾ അടഞ്ഞു. മഴ തുടരുകയാണ്.

കണ്ണു മിഴിച്ചപ്പോൾ അപ്പുവിന് ഒന്നും മനസ്സിലായില്ല. ഞാനെവിടെയാണ്? നേരം വെളുത്തു തുടങ്ങിയിരിക്കുന്നു. അപ്പോഴും അവന്റെ കൈകൾ ആ ചെറുമരക്കൊമ്പിൽ മുറുകെപ്പിടിച്ചിരിക്കുകയാണ്. അപ്പു ചുറ്റും നോക്കി. ചുറ്റും വെള്ളം; വെള്ളം മാത്രം. ഏതോ ഒരു കാട്ടുപൊന്തയിൽ ചെറുമരം കുടുങ്ങിക്കിടക്കുകയാണ്. ഞാനപ്പോൾ മരിച്ചിട്ടില്ല. വിറങ്ങലിച്ച കൈകൾ അപ്പു മടക്കി നിവർത്താൻ നോക്കി. ആകെ മരവിച്ചിരിക്കുന്നു. വിശക്കുന്നു. മേശപ്പുറത്തിരുന്ന ഇഡ്ഡലിയും ചട്ണിയും കഴിച്ചില്ലല്ലോ എന്നവൻ വിഷാദത്തോടെ ഓർത്തു. ദൂരെയൊക്കെ ബോട്ടുകൾ നീങ്ങുന്നതുകാണാം; വള്ളങ്ങളും. പക്ഷേ അവയൊക്കെ അകലെയാണ്. അപ്പു ഉറക്കെ വിളിച്ചുനോക്കി. ആരും കേൾക്കുന്നില്ല. ഈ പൊന്തയിലേക്ക് ആരും തിരിഞ്ഞുനോക്കുന്നില്ല. മഴ വീണ്ടും കനത്തു. വെള്ളം ഉയരുകയാണ്. അപ്പു പിടിച്ചിരുന്ന ചെറുമരം ഓളത്തള്ളലിൽ പൊന്തയ്ക്കിടയിൽ നിന്നു വിട്ടുപോരുകയാണ്. ഇനിയൊക്കുകയില്ല. മരം ഒഴുകിത്തുടങ്ങി. അപ്പു ശബ്ദമില്ലാതെ വിളിച്ചു. 'അമ്മേ അച്ഛാ... ദൈവമേ!' ആ സമയത്ത് ഏതോ ക്യാമ്പിൽ നനഞ്ഞു കുഴഞ്ഞു ചെന്നു കയറിയ അച്ഛനും അമ്മയും

നിലവിളിക്കുകയായിരുന്നു. 'ദൈവമേ ഞങ്ങളുടെ അപ്പു.'

നേരം പോവുകയാണ്. ചെറുമരവും അതിൽ പിടിച്ചിരിക്കുന്ന ചെറിയ കുട്ടിയും ഒഴുകിയൊഴുകിപ്പോവുകയാണ്. ആകെത്തണുത്തു വിറങ്ങലിച്ച അപ്പു ആ ചെറു മരത്തിൽ കെട്ടിപ്പിടിച്ചു കിടക്കുകയാണ്. മരം ഒഴുകിക്കൊണ്ടേയിരിക്കുന്നു. പേടിച്ചരണ്ട കണ്ണുകൾ പലതും കണ്ടു. ഒഴുകിപ്പോകുന്ന വീട്ടുസാധനങ്ങൾ, കന്നുകാലികൾ . ചിലയിടത്തു മരത്തലപ്പുകൾ ഉയർന്നുകാണാം. മറിഞ്ഞുവീഴുന്ന ഒരു തെങ്ങ്, ഗ്യാസുകുറ്റികൾ, പാത്രങ്ങൾ, തുണികൾ.. അപ്പു ഓർത്തു. അച്ഛനും അമ്മയും അവനെ തിരഞ്ഞു വിഷമിക്കുകയാവും. അതോ അവരും വെള്ളത്തിൽപ്പെട്ടോ. അവൻ മരിച്ചുപോകും. അവന്റെ കൂട്ടുകാർ സങ്കടപ്പെടും ആറാം ക്ലാസ്സിന് അവധി കൊടുക്കും. അവൻ കരഞ്ഞുകൊണ്ടു വിളിച്ചു. അമ്മേ, അച്ഛാ... ഭഗവാനേ...ആരും ഒന്നും കേൾക്കുന്നില്ല. നിറയെ ആളുകളുമായി വള്ളങ്ങൾ ദൂരെ നീങ്ങുന്നതു കാണാം. ആരും വരുന്നില്ലല്ലോ ഇതിലേ. തണുപ്പും പേടിയും കരച്ചിലും കൊണ്ട് അടഞ്ഞുപോയ കണ്ഠത്തിൽനിന്ന് ശബ്ദം വരുന്നില്ല. ആകെ തളർന്ന അപ്പു 'അമ്മേ അമ്മേ' എന്ന് തേങ്ങിക്കൊണ്ടിരുന്നു.

പെട്ടെന്ന് അവൻ മുറുകെപ്പിടിച്ചു കിടന്ന ചെറുമരം എന്തിലോ ചെന്നിടിച്ചു നിലയായി. ഒരു പൊളിഞ്ഞു വീണ വീടിന്റെ മേൽക്കൂരയിലാണ്. രണ്ടുമൂന്ന് ടിൻ ഷീറ്റുകൾ അവയ്ക്കിടയിലൂടെ ഇളകിയ കഴുക്കോലുകൾ പൊങ്ങിനിൽക്കുന്നുണ്ട്. അപ്പു പതുക്കെ അവയിലൊന്നിൽ പിടിച്ച് ഷീറ്റിനു മുകളിലേക്കു കയറിയിരുന്നു. തെന്നുന്നുണ്ടെങ്കിലും അവന് കുറച്ചൊരാശ്വാസം തോന്നി. അവന്റെ ജീവൻ അതുവരെ രക്ഷിച്ച ചെറുമരം അടുത്ത ഓളത്തിൽപ്പെട്ട് അതിവേഗം ഒലിച്ചുമറയുന്നത് അവൻ സങ്കടത്തോടെ നോക്കിയിരുന്നു. ഈ കൂരയും താമസിയാതെ ഇളകിവീഴും. അപ്പോൾ താനും ഒലിച്ചുപോകും. കഴുക്കോലുകളിൽ അനക്കം കണ്ട് അവൻ സൂക്ഷിച്ചുനോക്കി. അഭയം തേടിയെത്തിയ പാമ്പുകളാണ്. ദൈവമേ. അവൻ പേടിച്ചുവിറച്ചു കണ്ണടച്ചിരുന്നു.

എന്തോ ദേഹത്തു വന്നു മുട്ടുന്നു. പാമ്പാണോ? അപ്പു കണ്ണുതുറന്നപ്പോൾ നനഞ്ഞു വിറയ്ക്കുന്ന ഒരു പട്ടിക്കുട്ടി അവനോടു ചേർന്നുനിൽക്കുകയാണ്. പാവം! അപ്പു അവനെ വാരിയെടുത്ത് മടിയിലിരുത്തി. വെളുത്തനിറം, മുഖം കറുപ്പാണ്. അപ്പു അവനോടു ചോദിച്ചു. 'കുട്ടാ. നമ്മളിവിടെക്കിടന്നു ചത്തുപോകുമോ?' പട്ടിക്കുട്ടി പതുക്കെയൊന്നു നീട്ടിമൂളി. എന്നിട്ട് അവന്റെ കവിളിൽ നക്കി. അവന് കരച്ചിൽ വന്നു. പാവം.

മഴ തോർന്നിരിക്കുന്നു. വള്ളങ്ങൾ ഇങ്ങോട്ടടുക്കുന്നതേയില്ല. വെള്ളത്തിന്റെ നിരപ്പ് ഉയരുകയാണെന്ന് അപ്പുവിന് മനസ്സിലായി. ഇനി ഏറെ നേരമില്ല ഈ കൂരപ്പുറത്തും വെള്ളം കയറാൻ. അവൻ തളർന്ന് ഒരു തകരഷീറ്റിൽ തലചായ്ച്ച് കണ്ണടച്ച് ഉറക്കത്തിലാണ്ടു.

കുട്ടന്റെ നിർത്താത്ത കുരകേട്ടാണ് അപ്പു കണ്ണു തുറന്നത് അകലെക്കൂടെപ്പോയ ഒരു വള്ളത്തിലെ ആളുകൾ ഇങ്ങോട്ടു നോക്കുന്നു. അപ്പു ചാടിയെഴുന്നേറ്റ് ഉറക്കെ വിളിച്ചു. രക്ഷിക്കണേ രക്ഷിക്കണേ... അവർ വള്ളം ഇങ്ങോട്ടുതിരിക്കാൻ ശ്രമിച്ചിട്ടും സാധിക്കുന്നില്ല. നിറയെ ആളാണ്. വല്ലാത്ത ഒഴുക്കും. കുട്ടി ആശയോടെ നോക്കിനിന്നു. പറ്റുന്നില്ല. വള്ളത്തിലുള്ളവർ കൈവീശി എന്തോ വിളിച്ചു പറഞ്ഞിട്ട് അകന്നുപോയി.

അപ്പു കഠിന നിരാശയോടെ ഇരുന്ന് കുട്ടനെ കെട്ടിപ്പിടിച്ചു പറഞ്ഞു. 'പറ്റൂല്ല കുട്ടാ, നമ്മളിവിടെക്കിടന്നു ചാകത്തേയുള്ളൂ.' 'അല്ല അല്ല' എന്ന മട്ടിൽ കുട്ടൻ കുരച്ചുകൊണ്ടേയിരിക്കുന്നു. മഴ വീണ്ടും തുടങ്ങി. വെള്ളം ഉയരുകയാണ്. ചില പാമ്പുകൾ നീന്തിവന്ന് അപ്പുവിന്റെ അരികിലൂടെ കഴുക്കോലുകളുടെ ഇടയിലേക്ക് ഇഴഞ്ഞുകയറി. അപ്പു കുട്ടനെയും കെട്ടിപ്പിടിച്ച് മരണവും കാത്ത് നിശ്ചലനായി ഇരിക്കുകയായി.

നേരം വീണ്ടും കുറേ കഴിഞ്ഞു. കൂര മുങ്ങിത്തുടങ്ങി. അപ്പുവിന് ഒന്നും ഇനി വയ്യ. അമ്മേ...

ഇടിമുഴക്കമുണ്ടോ? ഒരു ഇരമ്പൽ അടുത്തടുത്തുവരുന്നല്ലോ. കുട്ടൻ വീണ്ടും കുരച്ചുതുടങ്ങി.

**എന്തോ ദേഹത്തു വന്നു മുട്ടുന്നു. പാമ്പാണോ? അപ്പു കണ്ണുതുറന്നപ്പോൾ നനഞ്ഞുവിറയ്ക്കുന്ന ഒരു പട്ടിക്കുട്ടി അവനോടു ചേർന്നുനിൽക്കുകയാണ്. പാവം! അപ്പു അവനെ വാരിയെടുത്ത് മടിയിലിരുത്തി. വെളുത്തനിറം, മുഖം കറുപ്പാണ്. അപ്പു അവനോടു ചോദിച്ചു. 'കുട്ടാ. നമ്മളിവിടെക്കിടന്നു ചത്തുപോകുമോ?' പട്ടിക്കുട്ടി പതുക്കെയൊന്നു നീട്ടിമൂളി.**



അപ്പു മുകളിലേക്കു നോക്കി. അതാ ഒരു ഹെലിക്കോപ്റ്റർ! Indian Navy എന്ന അക്ഷരങ്ങൾ അതിന്റെ പുറത്തു തെളിഞ്ഞു കാണാം. തന്നെ അവർക്കു കാണാനൊക്കുമോ? അപ്പു അവന്റെ നനഞ്ഞ ഷർട്ട് ഊരി അതിവേഗം വീശിത്തുടങ്ങി. 'രക്ഷിക്കണേ രക്ഷിക്കണേ!' കുട്ടനും കുരച്ചപേക്ഷിച്ചു. 'രക്ഷിക്കണേ! രക്ഷിക്കണേ...!' ആ വിളി ദൈവം കേട്ടുവോ? അതാ ഹെലിക്കോപ്റ്റർ താഴെ വീഴാറായ കൂരയ്ക്കു മുകളിൽ വന്ന് ഗതിവേഗം കുറയ്ക്കുന്നു. അതിന്റെ വാതിൽ തുറന്ന് ഒരു ഏണിപോലെന്തോ താഴോട്ടു വീഴുന്നു. അതിൽ തൂങ്ങി നീല യൂണിഫോമിട്ട ഒരാൾ താണിറങ്ങി വരുന്നു. അപ്പുവിന്റെ നേരേ കൈ നീട്ടുന്നു. 'Catch my hand' അയാൾ ഉച്ചത്തിൽ ആജ്ഞാപിക്കുന്നു. ഒരു കൈയിൽ കുട്ടനെ എടുത്തുകൊണ്ട് അപ്പു കൈ നീട്ടി. അയാൾ ഗർജിക്കുന്നു. 'Leave that dog. Give me both your hands.' സർക്കാർ സ്കൂളിലെ ആറാം ക്ലാസു കാരന് അർഥം മനസ്സിലായി. 'No... No...'അവൻ ഉറക്കെ ക്കരഞ്ഞു. എന്റെ കുട്ടനെ കളയാനൊക്കൂല്ല. വീണ്ടും വീണ്ടും അയാൾ ദേഷ്യപ്പെട്ട് പറഞ്ഞിട്ടും കുട്ടി അനുസരിക്കുന്നില്ല. അയാൾ വന്ന വഴിയിലൂടെ അകത്തേക്കു കയറിപ്പോയി. എല്ലാം തീർന്നു കുട്ടാ! അവർക്കു നിന്നെ വേണ്ട! ഞാനെങ്ങനെ നിന്നെ കളഞ്ഞിട്ടു പോകും! അപ്പു ഉറക്കെ നിലവിളിക്കുകയാണ്. അതാ ഹെലിക്കോപ്റ്റർ വാതിൽ വീണ്ടും തുറക്കുന്നു. എന്തോ താഴേക്കിറങ്ങിവരുന്നു. ഒരു വലിയ കൂടപോലെയെന്തോ ഒന്ന്. കൂടെ ഒരാളുമുണ്ട്. എത്തി. എത്തിപ്പോയി! അയാൾ അപ്പുവിനെ വലിച്ചെടുത്ത് ആ കൂടയിലിട്ടു. കുട്ടൻ അപ്പുവിന്റെ മാറിൽ അള്ളിപ്പിടിച്ചിരുന്നു നിർത്താതെ കുരയ്ക്കുകയാണ്. ആളും കൂടയും ഉയരുന്നു. വെള്ളപ്പരപ്പിനു മുകളിൽ നിന്ന് ആടുന്നു. ഉയരുന്നു. അതിലെപോയ വള്ളങ്ങളിലിരിക്കുന്നവർ കൈകൊട്ടി ആർപ്പു വിളിക്കുന്നു.

ഹെലിക്കോപ്റ്ററിനകത്തിറങ്ങിയ അപ്പു അമ്പരപ്പോടെ ചുറ്റുംനോക്കി. താൻ കണ്ടിട്ടില്ലാത്ത ഒരു വിചിത്രലോകം!

'Welcome son, welcome to you and your dog'. യൂണിഫോം ധരിച്ച പൊക്കമുള്ള ഒരാൾ അപ്പുവിന്റെ തണുത്തുവിറങ്ങലിച്ച കൈപിടിച്ചു കുലുക്കി. നിർത്താതെ കുരയ്ക്കുന്ന കുട്ടനെ നിലത്തിറക്കിനിർത്തി കൈകൂപ്പിക്കൊണ്ട് അപ്പു പറഞ്ഞു. 'താങ്ക്യൂ സാർ!' കുട്ടനും കുരയിലൂടെ നന്ദി പറഞ്ഞു.

ഒരുനിമിഷം കഴിഞ്ഞ് കണ്ണുനീരോടെ തന്റെ തണുത്ത കൈ പൊക്കി സല്യൂട്ടടിച്ചുകൊണ്ട് അപ്പു അവരോട് അപേക്ഷിച്ചു. 'I want to join Indian Navy Sir.'

ഹെലിക്കോപ്റ്ററിനുള്ളിൽ കൂട്ടച്ചിരിമുഴങ്ങി.

*(2018 തളിര് ഒക്ടോബർ ലക്കം)*



# കണിക്കൊന്ന എന്നെ മറന്നില്ല

**സുഗതകുമാരി**

മൂന്നുനാലു വർഷങ്ങൾക്കു മുൻപ് തിരുവനന്തപുരത്തു വഞ്ചിയൂരിലുള്ള അഭയയുടെ വനിതാകേന്ദ്രമായ അത്താണിക്കു മുന്നിലും വികസനം വന്നു! ഓട വലുതാക്കണം, റോഡു വീതികൂട്ടണം. ഞങ്ങളുടെ പെണ്ണുങ്ങൾ കുടിപാർക്കുന്ന പഴയ കെട്ടിടത്തിന്റെ മുറ്റത്തിൽ പകുതിയും അളന്നെടുക്കപ്പെട്ടു. ഗൗരീഗാത്രക്കുലകൾ നിറഞ്ഞുനിന്ന രണ്ടു വലിയ തെങ്ങും കായ്ച്ചു തുടങ്ങിയൊരു ചെറുമാവും പ്ലാവും പേരറിയാത്തൊരു നെടിയ കാട്ടുമരവും കരിനൊച്ചിപ്പൊന്തയും പടർന്നു നിൽക്കുന്ന കണിക്കൊന്നമരവുമെല്ലാം സർക്കാർ അളന്നെടുത്ത അതിരിനുള്ളിലായി. ഒട്ടനവധി ചർച്ചകളും ആലോചനകളുമെല്ലാം നടന്നുവെങ്കിലും ഒടുവിൽ എല്ലാം വിട്ടുകൊടുക്കേണ്ടിവന്നു. കണിക്കൊന്നമരം തീർച്ചയായും വെട്ടാതെ പുതിയ റോഡിനരികിൽ നിർത്തിക്കൊള്ളാമെന്ന് ഒരിക്കലല്ല, പലവട്ടം അധികൃതർ വാക്കുതന്നു. ജെ സി ബി വന്നു, തൊഴിലാളികൾ വന്നു. ആ നിറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി. പേരറിയാമരവും നൊച്ചിപ്പൊന്തയും ചെറിയ മാവും പ്ലാവുമെല്ലാം വെട്ടിമാറ്റപ്പെട്ടു. കണിക്കൊന്നമരം ഞങ്ങളുടെ മുറ്റത്തിനു പുറത്തായി. തണൽവീശിനിന്ന കൊന്നമരം, അധികൃതർ തന്നെ വാക്കനുസരിച്ച് റോഡരികിൽത്തന്നെ നിൽക്കുന്നത് ഞാൻ ആശ്വാസത്തോടെ കണ്ടു. എല്ലാ വർഷവും ആ പ്രദേശം മുഴുവനും പൊൻമഞ്ഞപ്പൂക്കൾ കാറ്റത്തു വാരിവിതറുന്ന ആ വലിയ മരമെങ്കിലും രക്ഷപ്പെട്ടല്ലോ.

പക്ഷേ അതിനു പിന്നാലെ ഓടവെട്ടൽ വന്നു. ആ വഴിയരികിൽ മാറിനിന്ന മറ്റു പല മരങ്ങളെയും കൊന്നുവീഴ്ത്തിക്കൊണ്ട് ആ ഓടപ്പണി കൊന്നച്ചുവട്ടിലേക്കു നീങ്ങുകയാണ്. ഞാൻ അധികൃതരെ വീണ്ടുംവീണ്ടും വിളിച്ച് അവരുടെ വാഗ്ദാനം ഓർമ്മിപ്പിച്ചു. ഒരൽപ്പം മാറ്റി ഓട കുഴിച്ചിരുന്നെങ്കിൽ എത്രയോ മരങ്ങൾ നിലനിർത്താമായിരുന്നെന്ന് ഞാൻ വാദിച്ചു. അവർ വീണ്ടും പറഞ്ഞു. 'ഞാൻ ടീച്ചർക്കു വാക്കുതന്നതാണ്, ആ കൊന്നമരം വെട്ടുകയില്ല.' ഓട അല്പം മാറ്റിക്കുഴിച്ചെങ്കിലും കൊന്നമരത്തിന്റെ വലിയ വേരുകൾ പകുതിയോളം വെട്ടിമാറ്റിക്കഴിഞ്ഞിരുന്നു. വീണ്ടും സംശയങ്ങൾ, ചർച്ചകൾ 'ഇല്ല, ആ മരം വെട്ടുകയില്ല.' വാഗ്ദാനങ്ങൾ വീണ്ടും ഉണ്ടായി. ആർക്കും ആ കൊന്ന നിൽക്കുന്നതിൽ താത്പര്യമില്ല. എതിർപ്പുണ്ടുതാനും. എങ്കിലും എന്റെ നിർബന്ധം മൂലം അവർ സമ്മതിക്കുകയായിരുന്നു.

കൊന്നമരം വാടിത്തുടങ്ങി. ഇലകളെല്ലാം പൊഴിഞ്ഞു തളർന്നുനിൽക്കുന്ന ആ മരത്തെ നോക്കി ഞാനേറെ വ്യസനിച്ചു. വേരുകൾ കുറെ മുറിഞ്ഞുപോയിട്ടും അത്തവണയും ആ ക്ഷീണിതയായ കൊന്ന പൂത്തു. പൂക്കൾ വാരിയണിഞ്ഞു ചമഞ്ഞ ആ മരം കാറ്റത്തു വീണുപോകാതെ തറകെട്ടി നിർത്തിത്തരാമെന്നു വനംവകുപ്പുകാർ എന്നെ ആശ്വസിപ്പിച്ചു.

പക്ഷേ ഒരു തിങ്കളാഴ്ച രാവിലെ അത്താണിയിൽനിന്നു ഫോൺ വന്നു. 'നമ്മുടെ കൊന്നമരം കാണാനില്ല!' കാണാനില്ലേ? ആരു വെട്ടി? എന്തിനു വെട്ടി? ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല. വെട്ടിമുറിച്ച മരക്കുറ്റിയും ചിതറിയ ഇലകളും വാടിയ പൂക്കളും ബാക്കി. റോഡ് ഫണ്ട് ബോർഡുകാർ പറഞ്ഞു 'ഞങ്ങൾ വെട്ടിയിട്ടില്ല. ടീച്ചറിനു ഞങ്ങൾ ഉറപ്പുതന്നതല്ലേ?' കൗൺസിലർ കൈമലർത്തി 'ഞാനറിഞ്ഞിട്ടില്ല.' നാട്ടുകാർ പരസ്പരം നോക്കി 'ഞങ്ങളാരുമല്ല.' ചോരയൊലിക്കുന്ന ആ മരച്ചുവട് തൊട്ടുതൊഴുതു മാപ്പു പറഞ്ഞ് ഞാൻ കയറിപ്പോന്നു. ഇനിയൊന്നും ചെയ്തിട്ടു ഫലമില്ല.

അടുത്ത രണ്ടു വർഷങ്ങൾ അങ്ങനെ കടന്നുപോയി ചുവന്ന തേങ്ങകളില്ലാതെ, മാങ്ങയില്ലാതെ, ചക്കയില്ലാതെ, കൊന്നപ്പൂക്കളില്ലാതെ ശൂന്യമായി. ഞങ്ങൾ മതിലിനുള്ളിൽ നട്ടിരുന്ന കിളിപ്പഴം (Bird Cherry) വളർന്നു പന്തലിച്ചു തണൽ വീശിത്തുടങ്ങി. ഗേറ്റിനുള്ളിൽ ഇടതുവശത്തുള്ള പൊന്തച്ചെടികളും വേപ്പും നെടിയ ചെമ്പകമരവും ബാക്കിയുണ്ട്.

ഒരു ദിവസം പതിവുപോലെ ഞാൻ കയറിവന്നപ്പോൾ മുറ്റത്തിനു കുറുകെ ഒരു നീണ്ടകമ്പിൽ ഒരു കൊന്നപ്പൂങ്കുല തൂങ്ങിക്കിടക്കുന്നു. ഞാൻ ശ്രദ്ധിക്കാതെ അകത്തുകയറിപ്പോയി. കുട്ടികളാരോ കൊണ്ടുവന്നു കെട്ടിത്തൂക്കിയതാണ്, ഇത്തിരി ശുണ്ഠിയോടെ ഞാൻ ചോദിച്ചു. 'ആരാണീ പൂക്കൾ ഇവിടെ കൊണ്ടുവന്നു കെട്ടിത്തൂക്കിയത്? വാടിപ്പോകില്ലേ? ഒരു പൂപ്പാത്രത്തിൽ വെള്ളമൊഴിച്ചു വയ്ക്കരുതോ?' എന്ന ചോദ്യത്തിനു ചിരികിലുങ്ങുന്ന മറുപടി കിട്ടി 'ടീച്ചറമ്മാ, അതു കെട്ടിത്തൂക്കിയതല്ല. ആ കൊമ്പിൽ പൂത്തതാണ്.' അമ്പരപ്പോടെ ഞാൻ

**കൊന്നമരം വാടിത്തുടങ്ങി. ഇലകളെല്ലാം പൊഴിഞ്ഞ് തളർന്നു നിൽക്കുന്ന ആ മരത്തെ നോക്കി ഞാനേറെ വ്യസനിച്ചു. വേരുകൾ കുറെ മുറിഞ്ഞുപോയിട്ടും അത്തവണയും ആ ക്ഷീണിതയായ കൊന്ന പൂത്തു. പൂക്കൾ വാരിയണിഞ്ഞു ചമഞ്ഞ ആ മരം കാറ്റത്തു വീണുപോകാതെ തറകെട്ടി നിർത്തിത്തരാമെന്ന് വനംവകുപ്പുകാർ എന്നെ ആശ്വസിപ്പിച്ചു.**

ഇറങ്ങിച്ചെന്നു നോക്കിയപ്പോൾ അതാ പൊന്തയ്ക്കിടയിൽ ഉയർന്നുവന്നിരിക്കുന്നു മെലിഞ്ഞ രണ്ടുമൂന്നു കമ്പുകൾ! ഒരു കണിക്കൊന്ന! ഞാൻ നട്ടതല്ല, ആരും നട്ടതല്ല! കൊല്ലപ്പെട്ട ആ കൊന്നമരം ഭൂമിക്കടിയിലൂടെ വേരുകൾ നീട്ടി ഞങ്ങൾക്കരികിൽവന്ന് ഉയിർത്തെണീറ്റതാണ്! തൈ വച്ചതാണെങ്കിൽ ഇത്ര പെട്ടെന്നു പൂക്കുകയില്ലല്ലോ. അടിവേരിൽനിന്നും പൊട്ടിമുളച്ചതാണ്. ഞാൻ നിറഞ്ഞ കണ്ണുകളോടെ കണ്ടുനിന്നു. ആ മെലിഞ്ഞ കമ്പുകളെല്ലാം മൊട്ടിട്ടിരിക്കുന്നു! വെട്ടപ്പെട്ട ആ കൊന്നമരത്തെ അത്രമേൽ എനിക്കിഷ്ടമായിരുന്നെന്ന് അവൾക്കറിയാമായിരുന്നുവല്ലേ? അല്ലെങ്കിൽ എങ്ങനെ മണ്ണിനടിയിലൂടെ ഒളിച്ചുനീങ്ങി എന്റെയടുത്തേക്ക് പിന്നെയും വന്നു? സ്നേഹസാന്ത്വനമായി പിന്നെയും വന്നുചിരിച്ചു പൊൻവിളങ്ങി നിന്നു?

*(2015 തളിര് ഏപ്രിൽ ലക്കം)*

# കുറിഞ്ഞിപ്പൂക്കൾ

സുഗതകുമാരി

കിഴക്കൻ മാമലമുകളിൽ, എന്നാളും
എനിക്കു കേറുവാൻ കഴിവെഴാദിക്കിൽ
കടലുപോൽ നീലക്കുറിഞ്ഞി പൂക്കുന്നോ-
രിടമൊന്നുണ്ടെന്നാണവർ പറയുന്നൂ!

അവിടെക്കാറ്റല്ല, അവിടെപ്പൂങ്കാറ്റാ-
ണതിന്നു കണ്ണന്റെയുടലൊളിയുമാ-
ണതു കോരി കോരിക്കുടിക്കാൻ തോന്നിടും!
മതിവരില്ല,യെന്നവർ പറയുന്നൂ!

അവിടെയാകാശം ഹരിതമാകുന്നൂ,
പ്രകൃതി പുഞ്ചിരിയടക്കി നിൽക്കുന്നൂ,
അവിടം ദൈവത്തിൻ മനസ്സുപോൽ തെളി-
ഞ്ഞലിഞ്ഞതാണെന്നുമവർ പറയുന്നൂ.

ഇരുണ്ട മാമല കിടന്നു മൂകമായ്
തപംചെയ്യുംപോലും വളരെനാൾ, പിന്നെ-
യൊരു പന്തീരാണ്ടു കഴിയവേ, മിന്നി-
ച്ചുകന്നു നീലിച്ച വെളിച്ചം വീശിക്കൊ-
ണ്ടെഴുന്നള്ളും വീണ്ടും കുറിഞ്ഞിപ്പൂവുകൾ!

വിളിച്ചുവോ പൂക്കൾ? പൊടുന്നനെച്ചിറ-
കിളക്കങ്ങൾ! മിന്നിത്തിളക്കങ്ങൾ! ജീവ-
ചലനകോടികൾ! മുഴങ്ങും തംബുരു-
ധ്വനികൾ! ഉത്സവം കൊടിയേറും വീണ്ടും!


ഒരു പന്തീരാണ്ടിലൊരിക്കൽമാത്രം! ഞാ-
നറിയുന്നൂ, വീണ്ടും കുറിഞ്ഞി പൂക്കുമ്പോൾ
മലനിരകളിൽ കയറിച്ചെൽവാനെൻ
കഴലുകൾക്കാമോ?പതുക്കെ വാർധക്യം
പടിവാതിൽക്കൽ വന്നിരിക്കുന്നൂ... മോഹം
മതി, അടങ്ങെന്നു മതി ശാസിക്കുന്നൂ.

നിനക്കുവേണ്ടി നിൻ കിടാങ്ങൾ കാണുമാ
വസന്തമെന്നു ഞാൻ ജപിക്കുന്നൂ, പക്ഷേ
മഴുവും തീയുമായ്, കഴുകൻകണ്ണുമായ്
വരില്ലയോ മർത്ത്യൻ അവിടെയും നാളെ?

അവിടെ റബ്ബറിൻ നിരകൾ നീളുമോ?
അവിടെപ്പദ്ധതിയിരമ്പിയെത്തുമോ?
ഇനിപ്പന്തീരാണ്ടു കഴിയുമ്പോൾ വീണ്ടും
കിഴക്കൻ മേട്ടിലാക്കുറിഞ്ഞി പൂക്കുമോ?...


ഇനിപ്പന്തീരാണ്ടു കഴിയണം! കാത്തി-
ങ്ങിരിക്കവയ്യെന്നു പുലമ്പിയുന്മത്തം
കിളി പറക്കുംപോൽ മനസ്സു പാഞ്ഞങ്ങോ-
ട്ടണയുന്നൂ! പതഞ്ഞിളകും പൂങ്കടൽ-
ത്തിരകളിൽ ചെന്നു പതിക്കുന്നൂ! നറും
നിലാവിലെന്നപോലതിൽ കുളിക്കുന്നൂ!
ചിറകിളക്കുന്നൂ! പറഞ്ഞയയ്ക്കുന്നൂ
കദനവും ചൂടും പുകയും വിങ്ങുമീ
നഗരത്തിൻ ശൂന്യമനസ്സിൻ നേർക്കിതാ
വിദൂരമാമൊരു മധുരകൂജനം
അപൂർവമാമൊരു സുനീലചൈതന്യം!

*(2018 തളിര് മാർച്ച് ലക്കം)*



വര: സുധീർ പി വൈ


(പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 1985 ൽ മൊട്ടക്കുന്നായിരുന്ന പ്രദേശം കൃഷ്ണവനം എന്ന മാതൃകാവനമായി തീർന്ന സംഭവം.)
കൃഷ്ണവനം
രചന : സനിദ് ആസിഫ് അലി
വര : സുധീർ പി വൈ
1985. കവിയും പരിസ്ഥിതിപ്രവർത്തകയുമായ സുഗതകുമാരി ഏതാനും സുഹൃത്തുക്കളുമായി കേരളത്തിലെ ആദിവാസിഗ്രാമമായ അട്ടപ്പാടി സന്ദർശിച്ചു.
“അട്ടപ്പാടി ഒരു മരുഭൂമിയായി മാറിയിരിക്കുന്നു. നിയമവിരുദ്ധമായി വനം കൊള്ളയടിച്ച് എത്ര മരങ്ങളാണ് അപ്രത്യക്ഷമായിരിക്കുന്നത്!”
“ചൂടുകാറ്റും പൊടിയും. കൊടും ദാരിദ്ര്യത്തിലായ ആദിവാസിസമൂഹം. എന്തെങ്കിലും ചെയ്തേ പറ്റൂ...”
“കുന്നുകളെയും കാടുകളെയും കുറിച്ച് നാം എത്ര പാടിയിരിക്കുന്നു. അട്ടപ്പാടിക്കു ജീവൻ നൽകാൻ നമുക്കെന്തെങ്കിലും വഴി കാണണം.”


''ഇവിടെ പച്ചപ്പുണ്ടാകണം. ഒരു കുന്നെങ്കിലും നമുക്ക് ഉണ്ടാക്കണം.''
ഉണങ്ങിവരണ്ട അരുവിക്ക ടുത്ത് ആദിവാസികൾ ചെളികൊണ്ട് കുടിൽ കെട്ടി. അങ്ങനെ അത് ഞങ്ങളുടെ ഓഫീ സായി. CAPART എന്ന ഗവൺമെന്റ് ഏജൻസി ഫണ്ട് നൽകി.
''അമ്മാ... ഞങ്ങൾക്കിപ്പോൾ വിഷമമില്ല. എല്ലാം ശരിയാകും.'' ആദിവാസികൾ ഞങ്ങളെ കണ്ണുമടച്ച് വിശ്വസിച്ചു.
അതൊരു സുഗമമായ ജോലി ആയിരുന്നില്ല. ആദ്യം ഞങ്ങൾ അവിടെ ഒരു നഴ്സറി ഉണ്ടാക്കി.
നീർച്ചാലുകൾ കല്ലും പുല്ലും കൊണ്ട് നിറച്ച് മണ്ണൊലിപ്പു തടഞ്ഞു.
സ്ത്രീകൾ വെള്ളം ശേഖരിച്ചു. ജോലിക്കി ടയിൽ അവർ ആവേശ ത്തോടെ പാട്ടുകൾ പാടി.




Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd, Thiruvananthapuram.


ഒരുദിവസം ആദിവാസികൾ ഞങ്ങളെ കുന്നിന്റെ ഏറ്റവും മുകൾഭാഗത്തു കൊണ്ടുപോയി. ഒരു തടിക്കഷണം കൊണ്ട് അവർ അവിടം കുഴിച്ചു. മണ്ണിനടിയിൽ നിന്നു ശക്തമായി വെള്ളം ചീറ്റി. ‘‘എന്താണിത്? മഴവെള്ളമോ?’’
‘‘അമ്മാ... ഇതൊരു ഉറവയാണ്. നമ്മുടെ കാടിന് ജീവൻ വച്ചു. ഈ ഉറവ ഒരുനാൾ നദിയായി മാറും.’’
‘‘ഞാൻ ജീവിച്ചിരിക്കുമ്പോൾ അതു കാണാനാകുമോ?’’
*25 വർഷങ്ങൾക്കുശേഷം...*
ഞങ്ങൾ വീണ്ടും കൃഷ്ണവനത്തിലെത്തി. അന്ന വിടെ കണ്ട ഉറവ ഒരു നദിയായ് ഒഴുകി ഭവാനിനദിയിൽ ചേരുന്ന ആ മനോഹര കാഴ്ച ഞങ്ങൾ കണ്ടു.
അതിൽ നിന്നും ഒരു കൈക്കുമ്പിൾ വെള്ളം കോരിയെടുത്ത് ഞങ്ങൾ കുടിച്ചു. മുഖവും മുടിയിഴകളും കഴുകി. എന്റെ കണ്ണുനീർ ആ വെള്ളത്തിൽ അലിഞ്ഞുചേർന്നു. ജീവസ്സുറ്റ ഒരു നദിയായ് അവൾ ഇന്നും അങ്ങനെ ഒഴുകിക്കൊണ്ടേയിരിക്കുന്നു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 January 2021
Regd KL/TV (N)/399/2021-2023 Published on 13-01-2021 Vol:27, Issue:01, ₹20

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം, സാഹിതി തിരുവനന്തപുരം തുടങ്ങിയ ഇടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.



തളിര്
കുട്ടികളുടെ മാസിക
വില 20രൂപ
വാർഷികവരിസംഖ്യ 200രൂപ

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക. അല്ലെങ്കിൽ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. MOB: 8547971483.
ACCOUNT NUMBER : 30583524448. IFSC : SBIN0004360